# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 11 | Fortnightly | February 1, 2021 | Page 24 | ₹ 10



ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് – ജനുവരി 2021 — പേജ് 5
EXAMINATION PROGRAMME APRIL 2021 — പേജ് 10
കലയും സാഹിത്യവും — പേജ് 11
LGS 200 പൊതുവിജ്ഞാനങ്ങൾ — പേജ് 12
പൊതു വിജ്ഞാനം — പേജ് 14
ഇന്ത്യൻ ഭരണഘടന — പേജ് 19
SYLLABUS FOR PLUS TWO LEVEL COMMON PRELIMINARY EXAMINATION — പേജ് 21
EXAMINATION PROGRAMME FOR THE +2 LEVEL COMMON PRELIMINARY EXAMINATION — പേജ് 22
മത്സരപരീക്ഷ ഇടനാഴി — പേജ് 23

## ഉന്നത വിദ്യാഭ്യാസ മേഖലകളിലെ നൂതന പ്രവണതകൾ

ഡോ. ടി.പി. സേതുമാധവൻ പേജ് 3

## പ്രാക്തന ഗോത്രവിഭാഗങ്ങളിലെ 125 പേർക്ക് പൊലീസ് സേനയിൽ നിയമന ശിപാർശ

പേജ് 2



website: www.keralapsc.gov.in E-mail: kpscpro@gmail.com Kerala Public Service Commission Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**

അഡ്വ. രഘുനാഥൻ എം. കെ.
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

സുരേശൻ. എം

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്


വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004


ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

## നേരിട്ട്...




**അഡ്വ. എം. കെ. സക്കീർ**
ചെയർമാൻ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ


# പരീക്ഷകൾക്ക് തയ്യാറെടുക്കുക

എസ്.എസ്.എൽ.സി. വരെ അടിസ്ഥാന യോഗ്യതയുള്ള തസ്തികകളുടെ പ്രാഥമിക പരീക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടക്കും. സർക്കാരിൽ നിന്ന് പ്രത്യേക അനുമതി വാങ്ങിയാണ് ഈ പരീക്ഷ നാലു ദിവസങ്ങളിലായി (നാലു ഘട്ടങ്ങൾ) നടത്തുന്നത്. പ്ലസ്ടു തലം വരെ യോഗ്യതയുള്ള തസ്തികകളുടെ പരീക്ഷ ഏപ്രിലിൽ ഒറ്റഘട്ടമായി നടക്കും. ഈ പൊതുപ്രാഥമിക പരീക്ഷയുടെ കൺഫർമേഷൻ നൽകാനുള്ള സമയമാണിത്. ഫെബ്രുവരി 9 വരെ കൺഫർമേഷൻ നൽകാം. ഏറ്റവുമൊടുവിൽ വിജ്ഞാപനം ചെയ്ത രണ്ടു കാറ്റഗറികൾക്ക് ഫെബ്രുവരി 5 മുതൽ കൺഫർമേഷൻ നൽകാം. പ്ലസ്ടുതല പൊതുപ്രാഥമിക പരീക്ഷയിൽ ഉൾപ്പെടുന്ന തസ്തികകളുടെ പട്ടികയും കൺഫർമേഷൻ നൽകേണ്ടത് സംബന്ധിച്ച വിവരണവും ഈ ലക്കം ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരീക്ഷയുടെ സിലബസും ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡിഗ്രിതലം വരെ യോഗ്യതയുള്ള തസ്തികകളുടെ പൊതുപ്രാഥമിക പരീക്ഷയുടെ തീയതിയും ഉടൻ നിശ്ചയിക്കും. 2020 ൽ വിജ്ഞാപനം ചെയ്ത തസ്തികകളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു വരെ അടിസ്ഥാന യോഗ്യത വരുന്ന മുഴുവൻ തസ്തികകളും ഈ പൊതുപ്രാഥമിക പരീക്ഷകളിൽ ഉൾപ്പെടും. തങ്ങളുടെ യോഗ്യത ഉറപ്പുവരുത്തുന്നതിന്റെ ഉത്തരവാദിത്വം ഉദ്യോഗാർത്ഥികൾക്കാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിന് നടക്കാനിരിക്കുന്ന പൊതുപ്രാഥമിക പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾ എല്ലാ കോവിഡ് മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്. ഹാൻഡ് സാനിട്ടൈസർ പരീക്ഷാഹാളിൽ കൊണ്ടുവരാവുന്നതാണ്. സുതാര്യമായ ബോട്ടിലിൽ കുടിവെള്ളം കരുതാം. ശാരീരിക അകലം പാലിക്കുന്നതിൽ വീഴ്ച വരുത്തരുത്. ക്വാറന്റീനിൽ കഴിയുന്നവർ, മറ്റു കോവിഡ് രോഗലക്ഷണങ്ങളുള്ളവർ എന്നിവരെ പ്രത്യേക മുറിയിൽ ഇരുത്തി പരീക്ഷ എഴുതിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കോവിഡ് പോസിറ്റീവായവരും പരീക്ഷാദിവസം കോവിഡ് പോസിറ്റീവ് ആകുന്നവരും പരീക്ഷ എഴുതുന്നതിനായി കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, ആരോഗ്യ വകുപ്പിന്റെ സമ്മതപത്രം എന്നിവ സഹിത മുൻകൂട്ടി അപേക്ഷ നൽകി അനുവാദം വാങ്ങണം. ഈ ആവശ്യത്തിനായി ഫോൺ നമ്പർ ഉൾപ്പടെയുള്ള വിവരം ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ, എസ്.എം.എസ്. സന്ദേശങ്ങളായി ലഭ്യമാക്കും. ജില്ലകളിൽ അതാത് ജില്ലാ ഓഫീസർമാർക്കും തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസിലുമാണ് അപേക്ഷ നൽകേണ്ടത്. അവർക്കായി സൗകര്യപ്രദമായ കോവിഡ് പരീക്ഷാകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ ചീഫ് സൂപ്രണ്ടിന്റെയും ഇൻവിജിലേറ്ററുടെയും നിർദ്ദേശം പാലിച്ചുകൊണ്ട് പരീക്ഷ എഴുതുവാൻ സന്നദ്ധരാകണം. നിരവധി തസ്തികകളുടെ തെരഞ്ഞെടുപ്പിനായുള്ള പ്രാഥമിക പരീക്ഷയായതിനാൽ സമയക്ലിപ്തത പാലിക്കുന്നതിൽ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കണം. സമയം തെറ്റിയാൽ ഉണ്ടാകുന്ന നഷ്ടം ചെറുതല്ല. •



പി.എസ്.സി. ചെയർമാർ അഡ്വ. എം കെ സക്കീർ നിയമന ശിപാർശ കൈമാറുന്നു

# പ്രാക്തന ഗോത്രവിഭാഗങ്ങളിലെ 125 പേരെ പോലീസ് സേനയിലേക്ക് നിയമനശിപാർശ ചെയ്തു

വനാന്തരങ്ങളിലെയും വനാതിർത്തികളിലെയും സെറ്റിൽമെന്റ് കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക തെരഞ്ഞെടുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ നിയമനശിപാർശ വിതരണം വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടന്നു. മുഖ്യമന്ത്രിയുടെ പ്രത്യേക ആവശ്യപ്രകാരം പുറത്തിറക്കിയ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലെ വനാന്തരങ്ങളിൽ താമസിക്കുന്ന പ്രാക്തന ഗോത്രവിഭാഗങ്ങളിലെ 125 യുവതീയുവാക്കളാണ് ഈ പ്രത്യേക തെരഞ്ഞെടുപ്പിലൂടെ നിയമനശിപാർശ ചെയ്യപ്പെട്ടത്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഉദ്യോഗസ്ഥർ നേരിട്ടെത്തി ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് എഴുത്തുപരീക്ഷ ഒഴിവാക്കി കായികക്ഷമതാ പരീക്ഷ, അഭിമുഖം എന്നിവ നടത്തി തെരഞ്ഞെടുപ്പ് പൂർത്തിയായപ്പോൾ പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള നടപടിക്രമങ്ങളാണ് സാക്ഷാത്കരിക്കപ്പെട്ടത്. കോവിഡ് വ്യാപനകാലഘട്ടമായിട്ടും വിജ്ഞാപനം ചെയ്ത് എട്ടുമാസത്തിനുള്ളിലാണ് ഈ പ്രത്യേക തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയായത്. തെരഞ്ഞെടുപ്പിന്റെ ഒരോ ഘട്ടത്തിലും പി.എസ്.സി. ചെയർമാൻ അഡ്വ. എം.കെ. സക്കീർ നേരിട്ട് നേതൃത്വം നൽകിക്കൊണ്ടാണ് നടപടികൾ വേഗത്തിലാക്കിയത്. വയനാട് ജില്ലയിൽ നിന്നുള്ള 85 പേരുടെ നിയമനശിപാർശയിൽ 65 പുരുഷ പോലീസ് കോൺസ്റ്റബിൾമാരും 20 വനിത പോലീസ് കോൺസ്റ്റബിൾമാരും ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിൽ നിന്ന് 8 പുരുഷകോൺസ്റ്റബിൾമാരെയും 7 വനിത പോലീസ് കോൺസ്റ്റബിൾമാരെയും നിയമനശിപാർശ ചെയ്തു. പാലക്കാട് ജില്ലയിൽ നിന്ന് 17 പോലീസ് കോൺസ്റ്റബിൾമാരെയും 8 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും നിയമനശിപാർശ ചെയ്തു. 2020 മെയ് മാസത്തിലെ വിജ്ഞാപനപ്രകാരമാണ് ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ആരംഭിച്ചത്. 2017 ൽ ഈ രീതിയിൽ പ്രത്യേക തെരഞ്ഞെടുപ്പിലൂടെ 65 പേരെ നിയമനശിപാർശ ചെയ്തിരുന്നു. ഇവ കൂടാതെ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് ഒരു വർഷത്തിനുള്ളിൽ 5601 പുരുഷ കോൺസ്റ്റബിൾമാരെയും 495 വനിത പോലീസ് കോൺസ്റ്റബിൾമാരെയും നിയമന ശിപാർശ ചെയ്തിട്ടുണ്ട്.



# ഉന്നത വിദ്യാഭ്യാസ മേഖലകളിലെ നൂതന പ്രവണതകൾ

**ഡോ. ടി.പി. സേതുമാധവൻ**
(എഡ്യുക്കേഷൻ & കരിയർ വിദഗ്ദൻ)
E- mail: tpsethu2000@gmail.com

### ഉന്നത വിദ്യാഭ്യാസം സ്കിൽ വികസനം ലക്ഷ്യമിട്ടാകണം

കോവിഡാനന്തരം ആഗോള തൊഴിൽ മേഖലകളിൽ വൻ മാറ്റങ്ങൾ ദൃശ്യമാണ്. തൊഴിലിലും, തൊഴിൽ മേഖലകളിലും 21-ാം നൂറ്റാണ്ടിൽ വരാനിരിക്കുന്ന നൂതന പ്രവണതകൾ സൂക്ഷ്മതയോടെ വിലയിരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ നൈപുണ്യ വികസനം ലക്ഷ്യമിട്ട പഠനമാണ് ശക്തിപ്പെടാൻ പോകുന്നത്!

20-ാം നൂറ്റാണ്ടിൽ തൊഴിൽ മേഖല സുരക്ഷിതത്വത്തിനും, സുസ്ഥിരതയ്ക്കുമായിരുന്നെങ്കിൽ, 21-ാം നൂറ്റാണ്ടിലിത് ആഗോളതലത്തിൽ സംഭാവന ചെയ്യാൻ കഴിയുന്ന, സന്തോഷത്തോടെയും ആരോഗ്യത്തോടെയും ചെയ്യാവുന്ന തൊഴിലുകൾക്കായിരിക്കും. ഉന്നത വിദ്യാഭ്യാസത്തിനു ശേഷം ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥിയ്ക്ക് അതേ തൊഴിലിൽ തന്നെ തുടർന്ന് വിരമിക്കാൻ പറ്റുന്ന സാഹചര്യത്തിൽ വൻ മാറ്റങ്ങളാണ് കണ്ടുവരുന്നത്. വരാനിരിക്കുന്ന തൊഴിലുകൾ ഏറെ പുതുമ നിറഞ്ഞതായിരിക്കും. 2020 ഓടെ 9 ശതമാനത്തോളം ഏവർക്കും അറിയാത്ത തൊഴിലുകളായിരിക്കും രൂപപ്പെടുക! വരുന്ന 50 വർഷക്കാലയളവിൽ 47 ശതമാനത്തോളം തൊഴിലുകളും അപ്രത്യക്ഷമാകുമെന്നാണ് യു.കെ.യിലെ ഓക്സ്ഫോർഡ് മാർട്ടിൻ സ്കൂളിലെ പഠനങ്ങൾ വ്യക്തമാക്കുന്നത്. വരാനിരിക്കുന്ന സാങ്കേതിക വിദ്യകൾ ജീവിതം തന്നെ മാറ്റിമറിയ്ക്കാൻ കെല്പുള്ളവയാണ്. ഇതിനിണങ്ങിയ സ്കിൽ കൈവരിക്കുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ സജ്ജമാക്കേണ്ടതുണ്ട്!

കഴിവുകൾ, നൈപുണ്യശേഷി, ജന്മനാ കൈവരിക്കുന്ന സ്വഭാവങ്ങൾ, പോസിറ്റീവ് മനോഭാവം എന്നിവയാണ് ഒരു വിദ്യാർത്ഥിയുടെ വിജയം നിശ്ചയിക്കുന്നത്. ജീവിത വിജയത്തിന് വ്യക്തിഗത നൈപുണ്യം, മുൻഗണന നൈപുണ്യശേഷി എന്നിവ അത്യന്താപേക്ഷിതമാണ്. മാറുന്ന ലോകത്തിന്റെ പുത്തൻ പ്രവണതകൾക്കനുസരിച്ച് ആവശ്യമായ നൈപുണ്യ വികസനം കൈവരിക്കുന്നവർക്കാണ് ഭാവിയിൽ വിജയകരമായി മുന്നേറാൻ സാധിക്കുക!.

കണക്ക്, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ് എന്നിവ ഉൾപ്പെടുന്ന ഡാറ്റാ സയൻസിൽ വൻ വളർച്ച പ്രതീക്ഷിക്കാം. സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട അക്കൗണ്ടിംഗ്, ആക്ചറി, അനലിറ്റിക്കൽ സ്കില്ലുകൾക്ക് പ്രസക്തിയേറി വരുന്നു.

ആശയ വിനിമയ ശേഷിയ്ക്ക് ലാംഗ്വേജ് സ്കിൽ അത്യന്താപേക്ഷിതമാണ്. ഇംഗ്ലീഷ് പ്രാവീണ്യ ശേഷി ഒഴിച്ചുകൂടാൻ പറ്റാത്ത മേഖലയാണ്. എഴുതാനും, കാര്യങ്ങളെ വ്സതുനിഷ്ഠമായി വിലയിരുത്തുവാനുമുള്ള ശേഷി ഭാവി തൊഴിൽ മേഖലകൾക്ക് കൂടിയേ തീരൂ! ആശയ വിനിമയം നടത്തുവാനുമുള്ള ശേഷി അത്യാന്താപേക്ഷിതമാണ്.

കംപ്യൂട്ടർ, ഐ.ടി., ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയിൽ പരിജ്ഞാനമില്ലാത്തവർക്ക് ഭാവി തൊഴിലുകൾ ദുഷ്ക്കരമായിത്തീരും. ഓട്ടമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ ഭാവി തൊഴിൽ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കിടവരുത്തും. സാങ്കേതികവിദ്യയിലെ വളർച്ച ജനങ്ങളെ ലോകവുമായി കൂടുതൽ അടുപ്പത്തിലാക്കും. കണ്ക്റ്റിവിറ്റി, ഏവിയേഷൻ എന്നീ മേഖലകൾ വൻ വളർച്ച കൈവരിക്കുന്നത് ഇതിന്റെ ദൃഷ്ടാന്തമാണ്. കണക്ടിവിറ്റിരംഗം 4G യിൽ നിന്നും 5G യിലേക്കുള്ള പ്രയാണത്തിലാണ്. നിരവധി തൊഴിലുകൾ ടെക്നോളജിയധിഷ്ഠിത മേഖലയിലേക്ക് മാറ്റപ്പെടും! ജീവിതകാലം മുഴുവൻ തൊഴിൽ ചെയ്യാവുന്ന മേഖലകളിൽ മാറ്റം വരും.

### 2021 സുസ്ഥിര സാങ്കേതികവിദ്യയുടെ കാലം

2021 ൽ സുസ്ഥിര സാങ്കേതികവിദ്യ കരുത്താർജ്ജിക്കും. കൃത്രിമ ബുദ്ധി, റോബോട്ടിക്സ്, യന്ത്രവൽക്കരണം, ഡ്രോണുകൾ, വാഹനങ്ങളുടെ യന്ത്രവൽക്കരണം, 5 ജി കണക്ടിവിറ്റി, വിർചൽ & ആഗ്മെന്റഡ് റിയാലിറ്റി, ക്ലൗഡ് സേവനങ്ങൾ എന്നിവയിൽ 2021-ൽ വൻ വളർച്ച പ്രതീക്ഷിക്കാം. ബിസ്സിനസ്സ് സാങ്കേതികവിദ്യയിൽ ലോകത്ത് കൃത്രിമ ബുദ്ധി, സൈബർ സെക്യൂരിറ്റി, ഇന്റർനെറ്റ് അധിഷ്ഠിത സ്വഭാവം, ഓട്ടമേഷൻ എന്നിവ വൻ വളർച്ച കൈവരിക്കുമെന്നതാണ് ലോകത്തെ ഏറ്റവും വലിയ ഐ.ടി. ഗവേഷണ - ഉപദേശ സ്ഥാപനമായ ഗാർട്നറുടെ പ്രവചനം! ഇന്ത്യയിൽ 18-24 വയസ്സ് പ്രായമുള്ളവരുടെ (Gen zers) എണ്ണം മൂന്നിലൊന്നിലധികമാകും. കോവിഡ് പ്രതിസന്ധിയിലും വളർച്ച കൈവരിച്ച ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യസംസ്ക്കരണം എന്നിവ കൂടുതൽ കരുത്താർജ്ജിയ്ക്കും.

അമേരിക്കയിൽ ജോ ബൈഡൻ പ്രസിഡന്റാകുന്നതോടെ സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ്, സ്കിൽ വികസനം, ഗവേഷണ പ്രോഗ്രാമുകൾ കരുത്താർജ്ജിയ്ക്കും. H1B വിസയ്ക്ക് കൂടുതൽ ഇന്ത്യക്കാർ അർഹത നേടും. ചൈന, ജപ്പാൻ, യൂറോപ്പ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ മാന്ദ്യം തുടരും. യു.കെ., അമേരിക്ക, ന്യൂസിലാന്റ്, കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ ഉപരിപഠനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിയ്ക്കും.

രാഷ്ട്രീയ മേഖലകളിലും വൻ മാറ്റങ്ങൾ പ്രതീക്ഷിക്കാം. ടെക്നോളജിയും, രാഷ്ട്രീയക്കാരും തമ്മിലുള്ള കിടമത്സരം Techno clash ഇനി വരും വർഷങ്ങളിൽ ഇന്ത്യയിൽ ദൃശ്യമാകും. പൊളിറ്റിക്കൽ മാനേജമെന്റ്, സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട ഫിനാൻഷ്യൽ അനലിസ്റ്റ്, നയരൂപീകരണവുമായി ബന്ധപ്പെട്ട പോളിസി അനലിസ്റ്റ്, ആരോഗ്യ, സാമ്പത്തിക അനലിസ്റ്റ്, സേഫ്റ്റി, റോബോട്ടിക്സ്, അഡ്വാൻസ്ഡ് ഐ.ടി, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അനലിറ്റിക്സ്, അഗ്രി അനലിറ്റിക്സ്, ജി.ഐ.എസ്, ഇവന്റ് മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ഗവേഷണം, ഹോസ്പിറ്റാലിറ്റി & ടൂറിസം, പാരാ മെഡിക്കൽ, ഭക്ഷ്യ സംസ്ക്കരണം, ഹെൽത്ത് & വെൽനസ്സ്, ന്യൂട്രീഷൻ, ഡയറ്റെറ്റിക്സ്, റീട്ടെയിൽ, ലോജിസ്റ്റിക്സ് മേഖലകളിൽ വൻ വളർച്ച പ്രതീക്ഷിക്കാം. ഡാറ്റാ സയൻസ്, കമ്മിഷൻ ലേർണിംഗ്, ഐ.ഒ.ടി. ഡാറ്റ അനലിറ്റിക്സ്, ഡിജിറ്റൽ മീഡിയ, ബയോമെഡിക്കൽ എഞ്ചിനീയറിങ്, 3ഡി പ്രിന്റിങ്, സെൻസറുകൾ- ഇവയ്ക്കെല്ലാം സാധ്യത വർദ്ധിക്കും.

മാനുഫാക്ചറിംഗ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇലക്ട്രോണിക്സ്, ഐ.ടി. എന്നിവയിൽ ഇത് പ്രകടമാവും. ഇക്കണോമിക്സ്, ഡെവലപ്മെന്റൽ സയൻസ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, എനർജി എൻവിറോൺമെന്റൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, കമ്മ്യൂണിക്കേഷൻ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, കുലിനറി ആർട്സ് എന്നിവയ്ക്ക് ആവശ്യക്കാരേറും. ഹോസ്പിറ്റാലിറ്റി, ടൂറിസം മേഖലയിൽ മാന്ദ്യം തുടരും. ആക്ചറിയൽ സയൻസ്, അക്കൗണ്ടിംഗ് കോഴ്സുകൾ, ആർട് & ഡിസൈൻ, സൈബർ സെക്യൂരിറ്റി, ഫാഷൻ ഡിസൈൻ എന്നിവയിൽ കൂടുതൽ തൊഴിലവസരങ്ങൾ രൂപപ്പെടും.

### ഉന്നത വിദ്യാഭ്യാസമേഖലയിൽ നടക്കേണ്ടത്

ലോകത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്കിൽ അധിഷ്ഠിത പ്രോഗ്രാമുകൾ ആരംഭിച്ചാൽ മാത്രമെ ഭാവിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കൂ!

സർക്കാർ സർവ്വകലാശാലകളിലെ കോഴ്സുകളെ അപേക്ഷിച്ച് സ്വകാര്യ, ഡീംഡ് സർവ്വകലാശാലകൾ മുന്നേറുകയാണ്. ഐ.ഐ.ടി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഐസറുകൾ, വിരലിലെണ്ണാവുന്ന സർവ്വകലാശാലകൾ എന്നിവയ്ക്കപ്പുറം വിദ്യാർത്ഥിയ്ക്കിണങ്ങിയ കോഴ്സ്, കരിക്കുലം, സിലബസ്സ്, പ്ലേസ്മെന്റ്, ഉന്നത വിദ്യാഭ്യാസം എന്നിവയുടെ കാര്യത്തിൽ കാലത്തിനൊത്ത മാറ്റം നമ്മുടെ സർവ്വകലാശാലകളിലാവശ്യമാണ്. രാജ്യത്തെ സർവ്വകലാശാലകളിൽ എത്തിക്സില്ലാത്ത ട്രേഡ് യൂണിയനിസവും, പരസ്പരം പഴിചാരലും നിർബാധം തുടരുന്നു! ഇത് മനസ്സിലാക്കി വിദ്യാർത്ഥികൾ കാലത്തിനൊത്ത മാറ്റത്തിനിണങ്ങിയ കോഴ്സുകൾക്ക് ചേരാനാണ് താൽപര്യം കാണിക്കുന്നത്. ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ, ഗവേഷണം എന്നിവയ്ക്ക് പ്രാധാന്യം വേണ്ടത്ര ലഭിക്കുന്നില്ല. ഗുണനിലവാരത്തിന്റെ കാര്യത്തിലും, ഗവേഷണ പ്രബന്ധത്തിന്റെ കാര്യത്തിലും വിട്ടുവീഴ്ചകളാണേറെയും ! പ്ലാഗിയാരിസം (കോപ്പിയടി) സോഫ്റ്റ് വെയർ വന്നതോടെ ഗവേഷണ പ്രബന്ധത്തിന്റെ കോപ്പിയടി രാജ്യത്ത് നിത്യ സംഭവമായി മാറിക്കഴിഞ്ഞു. ഇതു മനസ്സിലാക്കി വിദേശ പഠനത്തിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു. മുൻ കാലങ്ങളിൽ ബിരുദശേഷം അമേരിക്ക, യു.കെ, യൂറോപ്പ്യൻ യൂണിയൻ, കാനഡ, സിംഗപ്പൂർ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് ഗ്രാഡുവേറ്റ് പ്രോഗ്രാമിനും, ഗവേഷണത്തിനും പോകാനായിരുന്നു വിദ്യാർത്ഥികൾക്ക് ഏറെ താൽപര്യം. എന്നാൽ ഇന്ന് പ്ലസ്സ് ടു കഴിഞ്ഞ് SATഉം, ഇംഗ്ലീഷ് പ്രാവീണ്യ പരീക്ഷയുമെഴുതി അണ്ടർ ഗ്രാഡുവേറ്റ് പ്രോഗ്രാമിന് പോകാൻ തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ ഏറെയാണ്!

പരമ്പരാഗത കോഴ്സുകൾക്ക് സാധ്യതയില്ലെങ്കിൽ അവ പുനർക്രമീകരിക്കാനോ, പകരം പുതിയ കോഴ്സുകൾ രൂപപ്പെടുത്താനോ വേണ്ടത്ര താൽപര്യം കാണിക്കുന്നുമില്ല. മൊത്തം തൊഴിൽ മേഖലയിൽ 70 ശതമാനത്തോളം തൊഴിലവസരങ്ങൾ സേവന മേഖലയിലാണ്. സ്കിൽ വികസനത്തിനും, സംരംഭകത്വത്തിനും പ്രാധാന്യമേറുന്നു. തൊഴിൽ ലഭ്യതാ മികവിൽ വിദ്യാർത്ഥികൾ പിറകിലാകുന്നു.

ഇംഗ്ലീഷ് പ്രാവീണ്യം, പൊതുവിജ്ഞാനം, ആശയ വിനിമയം എന്നിവയിൽ വിദ്യാർത്ഥികളുടെ കുറയുന്ന നൈപുണ്യശേഷി തൊഴിൽ ലഭ്യതാ മികവിനെ ബാധിക്കുന്നു.

എന്നാൽ ഗുണനിലവാരമുള്ള സ്വകാര്യ ഡീംഡ് സർവ്വകലാശാലകളും രാജ്യത്ത് വർദ്ധിച്ചു വരുന്നു. മികച്ച കരിക്കുലം, അദ്ധ്യാപനം, ഭൗതിക സൗകര്യം, സമയനിഷ്ഠയോടെയുള്ള പരീക്ഷാ നടപടിക്രമങ്ങൾ, വ്യവസായ സ്ഥാപനങ്ങളുമായുള്ള Industry Interface, പ്ലേസ്മെന്റ്, ബിരുദ ശേഷം ഉപരിപഠനത്തിന് രാജ്യത്തിനകത്തും, വിദേശത്തുമുള്ള സ്ഥാപനങ്ങളിലേക്കാവശ്യമായ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്, Soft skill വികസനം, സംരംഭകത്വപ്രോത്സാഹനം മുതലായവയിൽ സ്വകാര്യ, വിദേശ സർവ്വകലാശാലകൾ മുന്നിട്ടു നിൽക്കുന്നു. ഈ മാറ്റം ഉൾക്കൊള്ളാതെ ഇനി മുന്നോട്ടു പോകുക തീർത്തും അസാധ്യമാണ്.

### ഇന്ത്യയിലെ തൊഴിൽ ലഭ്യതാ മികവ്

രാജ്യത്ത് അഭ്യസ്തവിദ്യരായ യുവതീയുവാക്കളിൽ തൊഴിൽ ലഭ്യതാ മികവ് കുറയുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. പഠിച്ച തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർ 12 ശതമാനത്തിൽ താഴെയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവിനോടൊപ്പം മികച്ച തൊഴിൽ നൈപുണ്യശേഷി കൈവരിയ്ക്കാനും, മനോഭാവത്തിലുമുള്ള മാറ്റത്തിനുതകുന്ന രീതിയിലായിരിക്കണം. 14.5 ലക്ഷത്തോളം എഞ്ചിനീയറിംഗ് ബിരുദധാരികളാണ് രാജ്യത്ത് പ്രതി വർഷം പഠിച്ചിറങ്ങുന്നത്. ഇവരിൽ തൊഴിൽ ലഭ്യതാ മികവ് 17–20% പേർക്ക് മാത്രം. 13.2 ലക്ഷം വിദ്യാർത്ഥികളാണ് ഈ വർഷം മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റെഴുതിയത്. ഐ.ഐ.ടി, എൻ.ഐ.ടി കളിലേക്കുള്ള ജെ.ഇ.ഇ. മെയിൻ പരീക്ഷ എഴുതിയവർ 12.5 ലക്ഷത്തോളം വരും. നിയമ പരീക്ഷയായ ക്ലാറ്റ്, ഡിസൈൻ, ടെക്നോളജി തുടങ്ങിയ കോഴ്സുകൾക്കുള്ള മത്സര പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ 7 ലക്ഷത്തോളം വരും. മൊത്തം പ്രൊഫഷണൽ കോളേജുകളിൽ എം.ബി.ബി.എസ്, ബി.ഡി.എസ്, ഐ.ഐ.ടി, എൻ.ഐ.ടി, എഞ്ചിനീയറിംഗ് സീറ്റുകൾ, ഡിസൈൻ സീറ്റുകൾ, മുതലായവയ്ക്കുള്ള അഡ്മിഷൻ ലഭിക്കുന്നത് രാജ്യത്ത് 1.3 ലക്ഷത്തോളം വിദ്യാർത്ഥികൾക്കാണ്. ബാക്കിയുള്ളവർ മറ്റ് എഞ്ചിനീയറിംഗ് സീറ്റുകൾക്കും, ബിരുദ കോഴ്സുകൾക്കും ചേരാനാണ് താൽപര്യപ്പെടുന്നത്. അതായത് 18–19 ലക്ഷത്തോളം വിദ്യാർത്ഥികളാണ് സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ്, മാനേജ്മെന്റ് തുടങ്ങിയ ബിരുദ കോഴ്സുകളെ ആശ്രയിക്കുന്നത്. മൊത്തം കോഴ്സുകളുടെ 90 ശതമാനത്തോളം വരുന്ന ഇത്തരം Non professional കോഴ്സിന് കൂടുതൽ പരിഗണന ലഭിയ്ക്കേണ്ടതുണ്ട്. ഇതിനുതകുന്ന രീതിയിൽ അദ്ധ്യാപനം, സ്കിൽ വികസനം, ഗവേഷണം, പ്ലേസ്മെന്റ് എന്നിവയ്ക്കിണങ്ങുന്ന രീതിയിൽ കരിക്കുലത്തിൽ കാതലായ മാറ്റങ്ങളാവശ്യമാണ്. ഇന്റർ ഡിസിപ്ലിനറി പഠനം, ഗവേഷണം എന്നിവയ്ക്ക് ഊന്നൽ നൽകണം. വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താനുള്ള ബാധ്യത രക്ഷിതാക്കൾക്കല്ല, അവരെ വാർത്തെടുക്കുന്ന അദ്ധ്യാപക സമൂഹത്തിനാണെന്ന തിരിച്ചറിവ് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം അറിവ്, മനോഭാവം, സ്കിൽ എന്നിവയിൽ മാറ്റം വരുത്തുകയാണെങ്കിലും സ്കില്ലിലും മനോഭാവത്തിലും വിദ്യാർത്ഥികളിൽ കാര്യമായ മാറ്റം വരുത്താൻ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ രീതിയ്ക്ക് കഴിയുന്നില്ല!.

ഇക്കാലത്ത് ബിരുദം മാത്രം പോര! ബിരുദത്തിനപ്പുറം ബിരുദാനന്തര പഠനം അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവ് അക്കാദമിക് സമൂഹത്തിന് ആവശ്യമാണ്. മാത്രമല്ല വിദ്യാഭ്യാസ രംഗത്ത് ആഗോള ഗ്രാമം എന്ന ആശയത്തിനാണ് പ്രസക്തിയേറുന്നത്.

### വിദേശ സർവ്വകലാശാലകളിലെ സൗകര്യം ഇവിടെയുണ്ടായാൽ

ഉന്നത വിദ്യാഭ്യാസ മേഖലയിലെ കാലത്തിനൊത്ത മാറ്റങ്ങൾ ഉൾക്കൊണ്ട് സർവ്വകലാശാല തലത്തിൽ അവ നടപ്പിലാക്കാൻ ഇനിയും വൈകരുത്. ഇതിലുള്ള കാലതാമസ്സം വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലകളിലും, രാജ്യത്തെ സ്വകാര്യ സർവ്വകലാശാലകളിലും എത്തിക്കാനെ ഉപകരിക്കൂ ! മേൽ സൂചിപ്പിച്ച സർവ്വകലാശാലകളുടെ വിജയ പാഠങ്ങൾ പ്രാവർത്തികമാക്കാൻ നാം തയ്യാറാകണം. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഈ മാറ്റം മനസ്സിലാക്കി നൂതന മാതൃകകൾ സൃഷ്ടിച്ചെടുക്കാൻ നയരൂപികരണ രംഗത്ത് പ്രവർത്തിക്കുന്നവരും, സർക്കാരുകളും ശ്രമിക്കേണ്ടതാണ്.

ഇന്നത്തെ ആഗോളവത്കൃത യുഗത്തിൽ വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഇന്ത്യയിൽ നിന്നുള്ള അഞ്ചരലക്ഷത്തോളം വിദ്യാർത്ഥികളാണ് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നത്. വിദേശപഠനത്തിനെത്തുന്ന ഏഷ്യൻ രാജ്യങ്ങളിലെ വിദ്യാർത്ഥികളിൽ ഏറെ മുന്നിൽ ഇന്ത്യൻ വിദ്യാർത്ഥികളാണ്. പ്രതിവർഷം ഒരുലക്ഷത്തോളം വിദ്യാർത്ഥികളാണ് ഇന്ത്യയിൽ നിന്നും വിദേശ രാജ്യങ്ങളിലെത്തുന്നത്. കേരളത്തിൽ നിന്നു മാത്രം 15,000–20,000 വിദ്യാർത്ഥികൾ പ്രതിവർഷം വിദേശ സർവ്വകലാശാലകളിലെത്തുന്നു. പ്ലസ്സ്ടുവിന് ശേഷമുള്ള അണ്ടർഗ്രാഡുവേറ്റ്, ബിരുദശേഷമുള്ള ഗ്രാഡുവേറ്റ്, ഡോക്ടറൽ, ഡിപ്ലോമ, സ്കിൽ വികസന കോഴ്സുകൾക്കാണ് വിദ്യാർത്ഥികൾ കൂടുതലായും വിദേശ രാജ്യങ്ങളിലെത്തുന്നത്. ഇത് കൂടാതെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾ സ്കിൽഡ് വർക്കർ വിഭാഗത്തിൽ വിവിധ രാജ്യങ്ങളിൽ ഇമിഗ്രേഷൻ വ്യവസ്ഥകളിലൂടെ തൊഴിൽ തേടിയെത്തുന്നു. കാനഡ, ആസ്ട്രേലിയൻ ഇമിഗ്രേഷൻ എന്നിവയിലൂടെ പ്രസ്തുത രാജ്യങ്ങളിലെത്തുന്ന വിദ്യാർത്ഥി കളുടെ/ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ അടുത്തകാലത്തായി വർദ്ധനവുണ്ടായിട്ടുണ്ട്. ഇന്ത്യൻ വിദ്യാർത്ഥികൾ അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ, യു.കെ., ആസ്ട്രേലിയ, കാനഡ എന്നീ വികസ്വര രാജ്യങ്ങളെ കൂടാതെ ചൈന, റഷ്യ, ഉക്രെയിൻ, ജോർജ്ജിയ, ഫിലിപ്പൈൻസ്, ശ്രീലങ്ക, സിംഗപ്പൂർ, മലേഷ്യ, യൂറോപ്യൻ കൗൺസിൽ രാജ്യങ്ങൾ തുടങ്ങി 30ലധികം രാജ്യങ്ങളിൽ ഉപരിപഠനത്തിനെത്തുന്നു. ഇംഗ്ലീഷ് സംസാരിക്കാത്ത ചൈനയടക്കമുള്ള രാജ്യങ്ങളിൽ മെഡിക്കൽ പഠനത്തിനു മാത്രമായി 10000ത്തിലധികം വിദ്യാർത്ഥികളാണ് എത്തുന്നത്. കേരളത്തിൽ നിന്നും പ്രതിവർഷം 2000ത്തോളം വിദ്യാർത്ഥികൾ മെഡിക്കൽ/പ്രൊഫഷണൽ കോഴ്സ് പഠനത്തിന് വിദേശ രാജ്യങ്ങളിലെത്തുന്നു. പഠനശേഷമുള്ള പോസ്റ്റ് സ്റ്റഡി വർക്ക് വിസ വിലയിരുത്തിയാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ഉപരിപഠനത്തിന് വിദേശ രാജ്യങ്ങൾ തെരഞ്ഞെടുക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾ 3 വർഷംവരെ പോസ്റ്റ് സ്റ്റഡി വർക്ക് വിസ നൽകാറുണ്ട്. യു.കെ. നിർത്തലാക്കിയ പോസ്റ്റ് സ്റ്റഡി വർക്ക് വിസ വീണ്ടും പുനസ്ഥാപിച്ചിട്ടുണ്ട്. •

## കമ്മിഷൻ യോഗ തീരുമാനങ്ങൾ

### 2021 ജനുവരി 18

**സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 313/19).

**അഭിമുഖം നടത്തും**

കോഴിക്കോട്, പാലക്കാട്, കൊല്ലം, കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ പി എസ് – രണ്ടാം എൻ.സി.എ.– പട്ടികജാതി, ഈഴവ/തിയ്യ/ബില്ലവ, ഒ.ബി.സി., വിശ്വകർമ്മ, എൽ.സി./എ.ഐ.. (കാറ്റഗറി നമ്പർ 584/19, 587/19, 588/19, 589/19, 590/19)

**ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും**

1. എല്ലാ ജില്ലകളിലും വിദ്യാഭ്യാസ വകുപ്പിൽ യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) (കാറ്റഗറി നമ്പർ 517/19).
2. എല്ലാ ജില്ലകളിലും വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) (കാറ്റഗറി നമ്പർ 516/19).

## എംപ്ലോയ്മെന്റ് ന്യൂസ് : തൊഴിലവസരങ്ങൾ

1. **എയർമെൻ –ഇന്ത്യൻ വ്യോമസേന**
   ഇന്ത്യൻ വ്യോമസേനയിലെ എയർമെൻ തസ്തികയിലേക്ക് പ്ലസ്ടു/ഡിപ്ലോമ യോഗ്യതയുള്ള അവിവാഹിതരായ പുരുഷൻമാർക്ക് അപേക്ഷിക്കാം. ഗ്രൂപ്പ് എക്സ് ട്രേഡുകൾ (എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ ഒഴികെ), ഗ്രൂപ്പ് വൈ ട്രേഡുകൾ (സെക്യൂരിറ്റി, മ്യൂസിഷ്യൻ ട്രേഡുകൾ ഒഴികെ) എന്നിവയിലേക്ക് 2021 ജനുവരി 22 മുതൽ www.airmenselection.cdac.in, www.careerindianairforce.cdac.in വഴി അപേക്ഷിക്കാവുന്നതാണ്. കേരളം, മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിലുള്ളവർക്ക് കൊച്ചിയിലെ എയർമെൻ സെലക്ഷൻ സെന്ററാണ് തിരഞ്ഞെടുപ്പ് നടത്തുക. അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി, ശാരീരിക യോഗ്യത, അപേക്ഷ ഫീസ്, പരീക്ഷ എന്നിവയെ സംബന്ധിച്ച വിവരങ്ങൾക്ക് കൊച്ചിയിലെ എയർമെൻ സെലക്ഷൻ സെന്ററുമായി 0484–2427010, 9188431092, 9188431093 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 7.
2. **നേവിയിൽ പ്ലസ്ടു**
   **(ബി.ടെക്) കേഡറ്റ് എൻട്രി സ്കീം**
   ഇന്ത്യൻ നേവിയിൽ പ്ലസ്ടു (ബി.ടെക്) കേഡറ്റ് എൻട്രി സ്കീമിലേക്ക് പ്ലസ്ടു ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ 70% മാർക്കും ഇംഗ്ലീഷിന് 50% മാർക്കും നേടി വിജയിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്. അവിവാഹിതരായ പുരുഷൻമാരായിരിക്കണം അപേക്ഷകർ. പെർമനന്റ് കമ്മിഷൻഡ് വ്യവസ്ഥയിലായിരിക്കും നിയമനം. ജെ.ഇ.ഇ. മെയിൻ പരീക്ഷയിൽ പങ്കെടുത്തവർക്കും സർവീസ് സെലക്ഷൻ ബോർഡിന്റെ ഓൾ ഇന്ത്യ റാങ്കിങ്ങിൽ ഉൾപ്പെട്ടവർക്കും ജനുവരി 29 മുതൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 9. വിശദവിവരങ്ങൾ www.joinindiannavy.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
3. **കേന്ദ്രസർവീസിലെ വിവിധ തസ്തികകളിൽ നിലവിലുള്ള 248 ഒഴിവുകളിലേക്ക് പരസ്യനമ്പർ 02/2021 പ്രകാരം യു.പി.എസ്.സി. അപേക്ഷ ക്ഷണിച്ചു.**
   ഡാറ്റാ പ്രോസസിങ് അസിസ്റ്റന്റ് – ഡൽഹി സർക്കാരിന്റെ ഐ.ടി വിഭാഗത്തിൽ 116 ഒഴിവുകളുണ്ട്. പ്രായപരിധി 30 വയസ്സ്.
   **അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ** – ഡൽഹി സർക്കാരിന്റെ ആഭ്യന്തര വകുപ്പിൽ 80 ഒഴിവുകളുണ്ട്. പ്രായപരിധി 30 വയസ്സ്.
   **അസിസ്റ്റന്റ് പ്രൊഫസർ സ്പെഷ്യലിസ്റ്റ് ഗ്രേഡ് 3** – ഫോറൻസിക് മെഡിസിൻ, പബ്ലിക് ഹെൽത്ത്, സർജിക്കൽ ഓങ്കോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, റേഡിയോ തെറാപ്പി, യൂറോളജി എന്നീ തസ്തികകളിലായി ആകെ 45 ഒഴിവുകൾ നിലവിലുണ്ട്. പ്രായപരിധി 40 വയസ്സ്.
   **അസിസ്റ്റന്റ് ഡയറക്ടർ (ഫിഷിങ് ഹാർബർ)** – ഫിഷറീസ് വിഭാഗത്തിൽ നിലവിലുള്ള ഒരൊഴിവിലേക്ക് യോഗ്യരായ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പ്രായപരിധി 35 വയസ്സ്. യോഗ്യത, അപേക്ഷിക്കേണ്ട രീതി, ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ www.upsconline.nic.in എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2021 ഫെബ്രുവരി 11.
4. **ഇന്ത്യൻ ആർമിയിൽ ഓഫീസർ എൻട്രി സ്കീമിലേയ്ക്ക് പ്ലസ്ടു യോഗ്യതയുള്ളവർക്ക് ഫെബ്രുവരി 1 മുതൽ അപേക്ഷിക്കാവുന്നതാണ്.** ടെക്നിക്കൽ എൻട്രി സ്കീം കോഴ്സുകളിലാണ് അവസരം. 2021 ജൂലായിൽ കോഴ്സ് ആരംഭിക്കും. വിശദവിവരങ്ങൾ www.joinindianarmy.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 2.
5. **റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 241 സെക്യൂരിറ്റി ഗാർഡ് തസ്തികയിലേക്ക് പത്താംക്ലാസ് പാസ്സായ വിമുക്തഭടൻമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.** ബിരുദവും അതിനുമുകളിൽ യോഗ്യതയുമുള്ളവർക്ക് അപേക്ഷിക്കാനാകില്ല. സേനയിൽ നിഷ്കർഷിക്കുന്ന പ്രവൃത്തിപരിചയവും മിലിട്ടറി ആയുധങ്ങളും മറ്റ് ഉപകരണങ്ങളും ഉപയോഗിക്കാനും അറിയണം. ഓൺലൈൻ ടെസ്റ്റിന്റെയും ഫിസിക്കൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.opportunities.rbi.org.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 12.

# ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് - ജനുവരി 2021

I. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2021 ജനുവരി വിജ്ഞാപനപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലെ വിവിധ ജില്ലാ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ 2021 ഫെബ്രുവരി 24 രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനു മുൻപു തന്നെ e-payment സംവിധാനം ഉപയോഗിച്ച് ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ മുഖേനയല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായwww.keralapsc.gov.in ലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർവ്വീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി നടത്തുന്ന വാചാ പരീക്ഷ (Viva-Voce) ക്ക് (G.O.(P)No.31/11/P&ARD dated 7-9-2011 പ്രകാരം) അപേക്ഷിക്കുവാൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആയതിനാൽ അന്ധരായ പരീക്ഷാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല.

2. Second Class Language Test in Malayalam (Tamil/Kannada), Minortiy Language Test (Tamil/Kannada) എന്നിവ വിവരണാത്മക (Descriptive) രീതിയിലും വകുപ്പുതല പരീക്ഷയുടെ ബാക്കിയുള്ള എല്ലാ ടെസ്റ്റുകളും 2012 ജൂലൈ മുതൽ Objective രീതിയിലുമാണ് പരീക്ഷ നടത്തുന്നത്. 2019 ജനുവരി മുതൽ Alpha Code ബാധകമായിട്ടുള്ള ONLINE പരീക്ഷയാണ് നടത്തുന്നത്. ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40% ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും. വകുപ്പുതല പരീക്ഷകൾക്ക് നിലവിലുള്ള with books/without books രീതി തുടരുന്നതാണ്.

2.1 പരീക്ഷകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. അതാത് മേഖലകളിലെ പരീക്ഷാകേന്ദ്രങ്ങളുടെ ലഭ്യതയ്ക്കനുസൃതമായി പരീക്ഷാകേന്ദ്രം അനുവദിക്കുന്നതാണ്. വിവിധ മേഖലകളിലുൾപ്പെടുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ)
2. എറണാകുളം മേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകൾ)
3. കോഴിക്കോട് മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകൾ)

പരീക്ഷാർത്ഥികൾക്ക് അതാതു മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകൾ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾക്ക് കോഴിക്കോട്/എറണാകുളം മേഖലകളിലേക്ക് ഓൺലൈൻ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

2.1 (a) KSR Part I, Rule 12 (7) നോട്ട് 2 പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് പരീക്ഷാ ദിവസം/ദിവസങ്ങൾ പ്രസ്തുത പരീക്ഷാകേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ആവശ്യമായ സമയം ഉൾപ്പെടെ ഡ്യൂട്ടിയായി പരിഗണിക്കുവാൻ വ്യവസ്ഥയുണ്ട്. KSR Part II, Rule 77-79 പ്രകാരം വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് അർഹമായ യാത്രാബത്ത അനുവദനീയമാണ്.

2.2 വകുപ്പുതല പരീക്ഷയിൽ അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി Department Test One-time Registration ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനനത്തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം മുതലായവ നൽകുന്നതിനോടൊപ്പം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തങ്ങളുടെ ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരെഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടതും അപേക്ഷയിലൂടെ നൽകുന്ന വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും പരീക്ഷാർത്ഥികളുടെ ചുമതലയാണ്. ഒരു പരീക്ഷാർത്ഥി യാതൊരു കാരണവശാലും ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ / പ്രൊഫൈൽ സൃഷ്ടിക്കാൻ പാടില്ല. പ്രൊഫൈലിൽ ആധാർ കാർഡിന്റെ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2.3 തങ്ങളുടെ 'User ID," 'Password' എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ പരീക്ഷാർത്ഥി ഒറ്റ പ്രൊഫൈൽ തന്നെ ഉപയോഗിക്കേണ്ടതാണ്. ഒറ്റ പ്രൊഫൈലിൽ നിന്നും ഏത് വകുപ്പുതല പരീക്ഷയ്ക്കും അപേക്ഷിക്കാൻ കഴിയും.

*a രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ സവിശേഷതകൾ*

1. ഫോട്ടോ 31-12-2010 ന് ശേഷം എടുത്തവയായിരിക്കണം.

   ജനുവരി 2021 മുതലുള്ള അപേക്ഷകരിൽ ആദ്യമായി വകുപ്പുതല പരീക്ഷയ്ക്ക് One Time Registration ചെയ്യുന്നവർ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ആറു മാസത്തിനകം എടുത്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്. Upload ചെയ്ത ഫോട്ടോയ്ക്ക് Upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ 10 വർഷ കാലാവധി അധികരിച്ച Photo കൾക്കു പകരം പുതിയ ഫോട്ടാ Upload ചെയ്യേണ്ടതാണ്.

   അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്യുകയോ മറ്റു വിധത്തിൽ രേഖപ്പെടുത്തുകയോ (വ്യക്തമായി വായിക്കത്തക്ക രീതിയിൽ) ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.
3. 200 പിക്സെൽ ഉയരവും, 150 പിക്സെൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോ ആയിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പശ്ചാത്തലം plain ആയിരിക്കണം)
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്ക വിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo എന്നിവയും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.
10. ആദ്യ ഘട്ടത്തിൽ രജിസ്ട്രേഷൻ നടത്തിയപ്പോൾ പഴയ മാതൃകയിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്തവർ ഇനി പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുമ്പോൾ പുതിയ മാതൃകയിലുള്ള ഫോട്ടോ അവസാന തീയതിക്കു മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

    1–10 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോ ഉള്ള അപേക്ഷകൾ നിരുപാധികം നിരസിക്കന്നതാണ്.

b. വകുപ്പുതല പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ ആദ്യമായി ക്ഷണിച്ച 2011 ജനുവരിക്ക് മുമ്പായി ഒരു പാർട്ടിന്റെ പേപ്പറുകൾ ഭാഗികമായി ജയിച്ചിട്ടുള്ളവർ ശേഷിക്കുന്ന പേപ്പറുകൾക്കും സർട്ടിഫിക്കറ്റിനും ഫീസ് ഒടുക്കി ഓൺലൈൻ മുഖേന അപേക്ഷിക്കേണ്ടതാണ്. 2011 ജനുവരി മുതൽ സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും എന്നാൽ പരീക്ഷ തോൽക്കുകയും ചെയ്തവർ വീണ്ടും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കേണ്ടതില്ല. 2011 ജനുവരിയിലെ വകുപ്പുതല പരീക്ഷ മുതൽ അപേക്ഷിക്കുകയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെടുകയോ Paper Disallow ആവുകയോ ചെയ്തിട്ടുള്ളവരും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ഒരു തവണ പോലും പരീക്ഷ എഴുതാതിരിക്കുകയും ചെലാൻ verify ചെയ്യാതിരിക്കുകയും, ചെയ്തിട്ടുള്ളവരും e-payment സംവിധാനം ഉപയോഗിച്ച് പുതിയ നിരക്കിൽ സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും ഒടുക്കേണ്ടതാണ്.

c. പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് download ചെയ്ത് (മേലധികാരി യഥാവിധി സാക്ഷ്യപ്പെടുത്തി) പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

d. വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിവരെയും തങ്ങൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ (ഉദാ: പേപ്പറുകൾ, ടെസ്റ്റ്, മേഖല മുതലായവ) മാറ്റി നൽകുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്. അവസാന തീയതിയിൽ നിലവിലുള്ള ഫോട്ടോയും മറ്റു വിവരങ്ങളും അടങ്ങിയ അപേക്ഷകളാവും പരിഗണിക്കുക. Online Application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

e. പരീക്ഷയ്ക്കുള്ള സമയവിവരപ്പട്ടിക യഥാസമയം ഗസറ്റിൽ പരസ്യപ്പെടുത്തുന്നതാണ്. സമയവിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റ്, ജില്ലാ/മേഖലാ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷകളുടെ സമയവിവരപ്പട്ടിക (ടൈംടേബിൾ) അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവര പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. കമ്മിഷന്റെ 5-3-2003 ലെ 17-ാം നമ്പർ തീരുമാനപ്രകാരം വകുപ്പുതല പരീക്ഷ കേരള സംസ്ഥാന സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

4. അപേക്ഷാഫീസ് : 2019 മെയ് മുതൽ വകുപ്പുതല പരീക്ഷാ ഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരീക്ഷാർത്ഥികൾ പുതുക്കിയ നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്. (സ.ഉ.(അച്ചടി.) നം. 28/2019 ധന ഉത്തരവ് തീയതി 8.3.2019)

   ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഉപയോഗിച്ചുള്ള e payment മുഖേനയാണ് പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റ് ഫീസും ഒടുക്കേണ്ടത് (ചെലാൻ ഉപയോഗിച്ച് ട്രഷറികളിൽ നേരിട്ടോ / ഇ - ചെലാൻ മുഖേനയോ പണമൊടുക്കുന്നത് സ്വീകാര്യമല്ല) e-payment മുഖേന പണമൊടുക്കുന്നതിന് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലെ "Make Payment" എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ടി ഓപ്ഷൻ വഴി പരീക്ഷാർത്ഥിക്ക് ട്രഷറി വകുപ്പിന്റെ സൈറ്റിലേക്ക് പ്രവേശിച്ച് ഓൺലൈൻ ആയി പണം ഒടുക്കാവുന്നതാണ്. ഇതിനായി പരീക്ഷാർത്ഥിക്കോ/ബന്ധപ്പെട്ടവർക്കോ ഏതെങ്കിലും ബാങ്കിന്റെ Online Banking Account ആവശ്യമാണ്. ട്രഷറി സൈറ്റിൽ നിന്നും പണം ഒടുക്കുന്നതിനായി ബാങ്കിംഗിലേക്ക് പ്രവേശിക്കുമ്പോൾ ലഭ്യമാകുന്ന GR Number (Government Reference No.) കുറിച്ചെടുത്ത് സൂക്ഷിക്കേണ്ടതാണ്. പണം ഒടുക്കിക്കഴിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പ്രൊഫൈലിൽ GR Number ഉൾപ്പെടെ payment details കാണാവുന്നതാണ്.

4.1. e-payment ഇടപാട് പൂർത്തിയാകുന്നതിനിടയിൽ നെറ്റ് വർക്ക് തകരാർ ഉൾപ്പെടെ സാങ്കേതിക തടസ്സങ്ങൾ കാരണം Account ൽ നിന്നും പണം debit ആകുകയും ഇടപാട് പൂർത്തിയാകാതെയും വന്നാൽ നേരത്തെ കുറിച്ചെടുത്ത GR Number ഉപയോഗിച്ച് ബാങ്ക്/ ട്രഷറിയെ സമീപിച്ച് പണം ഒടുക്കിയത് സംബന്ധിച്ച വ്യക്തത വരുത്താവുന്നതാണ്.

4.2 ഓരോ പേപ്പറിലും 160/(നൂറ്റി അറുപത്) രൂപാ എന്ന നിരക്കിലാണ് പരീക്ഷാഫീസ്. ഈ അടിസ്ഥാനത്തിൽ എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മുഴുവൻ പരീക്ഷാഫീസും ഒടുക്കേണ്ടതാണ്. 2019 ജൂലൈയിലെ വകുപ്പുതല പരീക്ഷ മുതൽ ഒരു സർട്ടിഫിക്കറ്റിന് 210/ (ഇരുന്നൂറ്റി പത്ത്) രൂപ നിരക്കിൽ എത്ര സർട്ടിഫിക്കറ്റിനാണോ അപേക്ഷിക്കുന്നത് അത്രയും തുക സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒടുക്കേണ്ടതാണ്. പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് ഇനങ്ങളിൽ ഒടുക്കേണ്ടുന്ന തുക Default ആയി കാണാവുന്നതാണ്. ജനുവരി 2011 മുതൽ വകുപ്പുതല പരീക്ഷയ്ക്ക് അപേക്ഷിക്കുകയും, സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ചെയ്തവർ അതേ പ്രൊഫൈലിലൂടെ അപേക്ഷിച്ചാൽ മാത്രമേ ഒടുക്കിയ സർട്ടിഫിക്കറ്റ് ഫീസ് സാധുവായി പരിഗണിക്കുകയുള്ളൂ. (അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്). ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

4.3 ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കപ്പെട്ട പണം മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുവാൻ കഴിയുന്നതല്ല. അതായത് സർട്ടിഫിക്കറ്റ് ഫീസിനായി ഒടുക്കിയ പണം പരീക്ഷാഫീസായോ തിരിച്ചോ വകയിരുത്തുവാൻ സാധിക്കില്ല.

നോട്ട്:

(എ) നേരിട്ടുള്ള നിയമനം വഴിയോ ബൈട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ, ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ, ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴ കൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory test) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും G.O.(MS)166/76/PD dated 04-06-1976 അനുസരിച്ച് ജീവനക്കാർക്ക് അതാത് വകുപ്പിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of Promotion) ഉള്ള തസ്തികകളിലേക്ക് ആവശ്യമായ വകുപ്പുതല പരീക്ഷകൾക്കും അപേക്ഷകരിൽ നിന്ന് പരീക്ഷാ ഫീസ് ഈടാക്കുന്നതല്ല. (Free Chance). ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല. (G.O.(MS)26/76/PD dated 25-01-1976). രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്.

ഒരു പരീക്ഷയ്ക്ക് free chance-ൽ അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷ എഴുതാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ് ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത്. അല്ലാതെയുള്ള പലപേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O.(MS)29/75/PD dated 6-2-1975). ഉദാഹരണമായി അക്കൗണ്ട് ടെസ്റ്റിന് ചേരുന്ന ഒരാൾക്ക് (4 പേപ്പറിനും കൂടി ചേർന്നാലും ഇല്ലെങ്കിലും ) ഒരു പ്രാവശ്യം മാത്രമേ ഫീസ് സൗജന്യം കിട്ടുകയുള്ളൂ. ആ പരീക്ഷയിൽ എല്ലാ പേപ്പറുകളും ജയിക്കാൻ സാധിച്ചിട്ടില്ലായെങ്കിൽ അടുത്ത തവണ മുതൽ തോറ്റ പേപ്പറുകൾക്കും അപേക്ഷിക്കാതിരുന്ന പേപ്പറുകൾക്കും ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ ആനുകൂല്യങ്ങൾ G.O.(MS)249/70/PD dated 22-7-1970 അനുസരിച്ച് ഗവണ്മെന്റ് സർവ്വീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O.(MS)274/71/PD dated 27-8-1971 അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എസ്.എസ്.എൽ.സി സ്റ്റാൻഡേർഡ് (S.S.LC Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർക്കും G.O.(Rt.) No.706/75/PD dated 21-7-1975 അനുസരിച്ച് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്കും G.O. (Ms.) No.302/75/G.Edn. Dated 17-12-1975 അനുസരിച്ച് വകുപ്പുതല പരീക്ഷ ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയ്ഡഡ് ഹൈസ്ക്കൂളിലേയും എയ്ഡഡ് ട്രെയിനിംഗ് സ്കൂളിലെയും ഹെഡ് മാസ്റ്റർമാർക്കും മറ്റ് ജീവനക്കാർക്കും G.O.(Ms.)No.146/76/G.Edn. Dated 04.08.1976 അനുസരിച്ച് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്കും കേരളത്തിലെ പ്രൈമറി സ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർക്കും പി.ഡി ടീച്ചർമാർക്കും G.O(P)No.150/77/PW dated 17-09-1977 അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും തുടർന്ന് ഉദ്യോഗക്കയറ്റം കിട്ടുന്നതിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വൽ പരീക്ഷയ്ക്കും (P.W.D. Manual Test) ലഭിക്കുന്നതാണ്.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും യൂണിവേഴ്സിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.ആർ.റ്റി.സി, വാട്ടർ അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കേരള പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് G.O.(MS)No.215/86/LAD dated 28-10-1986 പ്രകാരവും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് G.O(Rt.) No.101/78/AD dated 16.01.1978 പ്രകാരവും ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ട്രഷറി, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് ഒഴികെയുള്ളവർക്ക് Account Test (Higher)ന് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദ്യാഭ്യാസ വകുപ്പിലെ Higher Secondary School Teacher, Vocational Higher Secondary School Teacher, Non Vocational Higher Secondary School Teacher, ആരോഗ്യ വകുപ്പിലേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും Staff Nurse, Head Nurse എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർക്ക് വകുപ്പുതല പരീക്ഷ നിർബന്ധം അല്ലാത്തതിനാൽ ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വകുപ്പുതല പരീക്ഷകൾക്ക് ഓൺ ലൈൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ "Free Chance" എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുന്ന സമയത്ത് "Yes" എന്നു രേഖപ്പെടുത്തുന്നു എന്നതു കൊണ്ട് മാത്രം പരീക്ഷാർത്ഥിക്ക് ഫ്രീ ചാൻസ് ലഭിക്കുന്നതിന് അർഹത ഉണ്ട് എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനാ വേളയിൽ "Free Chance'ൽ പരീക്ഷ എഴുതുന്നതിന് അർഹതയില്ലാത്ത പരീക്ഷാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. ആയതിനാൽ 'Free Chance' ലഭിക്കുന്നതിന് (ഫീസ് അടയ്ക്കാതെ പരീക്ഷ എഴുതുന്നതിന്) തങ്ങൾക്ക് അർഹത ഉണ്ട് എന്ന് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം ആയതിലേക്ക് അപേക്ഷിക്കേണ്ടതാണ്.

(ബി) ഫീസ് സൗജന്യത്തിന് അർഹരായിട്ടുള്ളവർ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്നതു കൂടാതെ Admission Ticket ലെ സർട്ടിഫിക്കറ്റ് തങ്ങളുടെ വകുപ്പു മേധാവിയേയോ ആഫീസ് മേധാവിയേയോ കൊണ്ട് സർട്ടിഫൈ ചെയ്യിക്കേണ്ടതും ബന്ധപ്പെട്ട കോളത്തിൽ ☑മാർക്ക് ചെയ്യിക്കേണ്ടതുമാണ്.

5 Annexure A യിൽ 6 ആയി കൊടുത്തിരിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വൽ പരീക്ഷ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനും തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിനും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിനും പി. ഡബ്ല്യു.ഡി. പരീക്ഷയ്ക്കും പുറമേ നിർബന്ധമാക്കിയിട്ടുള്ളതാണ്. (G.O(P)No.150/77/PW dated 17-09-1977)

(എ) Annexure A യിൽ പോലീസ് ടെസ്റ്റ് 19, 20 എന്നിവ പ്രത്യേകം ടെസ്റ്റുകൾ തന്നെയായിരിക്കും
(G.O(MS)No.146/82/Home(A)Department dated 16-12-1982)

6. Annexure - A യിൽ 24ൽ കൊടുത്തിരിക്കുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് മൂന്നാം പേപ്പർ (പ്രാക്ടിക്കൽ) പരീക്ഷയ്ക്ക് ജയിൽ ഐ.ജി. അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അതായത് 30/09/1993 വരെ RICAൽ നിന്നും / SICA ൽ നിന്നും 1/10/1993 മുതൽ 13/10/2003 വരെ SICAൽ നിന്നു മാത്രവും 14-10-2003 മുതൽ RICAൽ നിന്നും / SICA ൽ നിന്നും ആംഡ് ആന്റ് സ്ക്വാഡ് ഡ്രില്ലിൽ (റൈഫിൾ ഷൂട്ടിംഗ്, റിവോൾവർ ഷൂട്ടിംഗ് മുതലായവ) പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. തമിഴ്നാട്ടിലെ വെല്ലൂരിലുള്ള RICA യുടെ പേര് APCA (Academy of Prisons & Correctional Administration) എന്നാക്കി മാറ്റിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർക്കും പ്രായോഗിക പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അല്ലാതെയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ട്രെയിനിംഗ് നേടിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ജോയിന്റ് സെക്രട്ടറി, വകുപ്പുതല പരീക്ഷാവിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ വകുപ്പുതല പരീക്ഷയുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കു മുൻപായി ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്. അല്ലാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അവരെ പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. മേൽ പറഞ്ഞിരിക്കുന്ന ടെസ്റ്റിന്റെ പ്രായോഗിക പരീക്ഷ തിരുവനന്തപുരത്തോ, തൃശൂരോ, കണ്ണൂരോ സൗകര്യപ്രദമായ മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6.(എ) വകുപ്പുതല പരീക്ഷയുടെ ഭാഗമായി നടത്തിയിരുന്ന ജയിൽ സബോർഡിനേറ്റ് ആഫീസേഴ്സിന്റെ പ്രായോഗിക പരീക്ഷ 22.05.2019 ലെ സ.ഉ.(കൈ) 54/2019/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ടെസ്റ്റ ആയി നടത്തുന്നതാണ്. അതിലേയ്ക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്

7. Annexure A യിൽ 31-മതായി കൊടുത്തിരിക്കുന്ന കേരള പഞ്ചായത്ത് ടെസ്റ്റ്, പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെ യു.ഡി ക്ലാർക്കുമാർ, ഹെഡ് ക്ലാർക്കുമാർ,പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർക്കു വേണ്ടി G.O.(MS.)No.154/75/LA & SWD dated 9-7-1975 പ്രകാരം നടത്തുന്ന പൊതുപരീക്ഷയാണ്. മുമ്പ് നടത്തിയിരുന്ന കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റ് പ്രസ്തുത ഉത്തരവ് പ്രകാരം നിർത്തലാക്കി കഴിഞ്ഞു. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിന്റെ എല്ലാ പേപ്പറുകളും ഇതിനകം തന്നെ ജയിച്ചിട്ടുള്ളവരെ പഞ്ചായത്ത് ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിലെ ഏതെങ്കിലും പേപ്പറുകൾ ജയിക്കുവാൻ ഉള്ളവർ പഞ്ചായത്ത് ടെസ്റ്റിലെ തദനുസൃതമായ (Corresponding) പേപ്പറിന് ചേർന്ന് ജയിച്ചാൽ മതിയാകുന്നതാണ്.

(എ) ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഫോർ ദി എക്സിക്യൂട്ടീവ് ആന്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഓഫ് കെ.എസ്.ഇ. ബോർഡ് എന്ന വകുപ്പുതല പരീക്ഷയുടെ പഴയസിലബസ്സിൽ മൂന്നാമത്തെ പേപ്പറായ Eletcrictiy Supply Act പ്രസ്തുത സിലബസ്സിൽ പാസ്സാകുന്നതിന് രണ്ട് അവസരം (07/2019, 01/2020) നൽകിയിരുന്നതും ടി പേപ്പർ വിജയിക്കുന്ന മുറയ്ക്ക് പഴയ സിലബസ്സിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതും, 1/2019 മുതൽ പരിഷ്കരിച്ച സിലബസ്സിലുള്ള Eletcrictiy Act 2003, Companies Act 2013 & Rules ഉം അതിനോടൊപ്പം പുതുതായി ഉൾപ്പെടുത്തിയ Goods and Services Tax, Indian Contact Act 1872 ഉം പാസ്സാകുന്നവർക്കു മാത്രം പുതിയ സിലബസ്സിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

(ബി) Annexure A യിൽ 24-മതായി കൊടുത്തിരിക്കുന്ന Kerala Jail Officers Test ന്റെ ഒന്നാമത്തെ പേപ്പർ പഴയ സിലബസ്സിൽ പാസ്സായവർക്ക് ടി പേപ്പർ പുതിയ സിലബസ്സിൽ അപേക്ഷിച്ചു വിജയിക്കുന്ന മുറയ്ക്ക് പുതിയ സിലബസ്സിൽ ഉള്ള സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

8. എല്ലാ ടെസ്റ്റുകളും ഭാഗികമായി പാസ്സാകാവുന്നതാണ്. അതുകൊണ്ട് പരീക്ഷാർത്ഥികൾക്ക് അവർ പാസ്സാകേണ്ട ടെസ്റ്റുകൾ മുഴുവനായോ ഒന്നോ അതിലധികമോ പേപ്പറുകൾക്ക് മാത്രമായോ ചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ONLINE മാതൃകയിലുള്ള ടെസ്റ്റുകളുടെ സമയം അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ., അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ.) എക്സൈസ് ടെസ്റ്റ് പാർട്ട് എ & പാർട്ട് ബി എന്നിവ ഒഴികെ) ഒന്നര മണിക്കൂർ ആയിരിക്കുന്നതാണ്. (അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്. ആർ., അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ., അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ.), എക്സൈസ് ടെസ്റ്റ് (പാർട്ട് എ & പാർട്ട് ബി) എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂർ ആയിരിക്കും സമയ ദൈർഘ്യം .

9. ഉദ്യോഗനിയമനത്തിനുള്ള തെരഞ്ഞെടുപ്പു പരീക്ഷകൾ മലയാളം ഒഴിച്ചുള്ള പ്രാദേശിക ഭാഷകളിൽ എഴുതുന്നവർക്കു വേണ്ടി (G.O.(Ms.) No.142/66/PD dated 31-3-1966, G.O.(P)No.356/82/GAD dated 3-11-1982, G.O .(P) No. 164/84/GAD dated 31-5-1984) നടപ്പാക്കിയ മലയാളം സെക്കന്റ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് (Second Class Language Test in Malayalam) അനുബന്ധം `എ' (Annexure A) യിൽ 42-മതായി ചേർത്തിട്ടുണ്ട്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'സി' (Annexure -C) യിൽ കൊടുത്തിരിക്കുന്നു.

9.(എ) ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഭാഷയിൽ പ്രായോഗിക പരിജ്ഞാനം ആവശ്യമാണെന്നതിനാൽ 1/2/1968 ലെ G.O.(MS.)No.290/68/PD പ്രകാരം ഏർപ്പെടുത്തിയ മൈനോറിറ്റി ലാംഗേജ് ടെസ്റ്റ് (തമിഴ്/കന്നട) അനുബന്ധം `എ' (Annexure A) യിൽ 43മതായി ചേർത്തിട്ടുണ്ട്. 19/12/1987 ലെ G.O(MS.)No.283/87/LAD പ്രകാരം കേരള മുൻസിപ്പൽ സർവ്വീസ് ജീവനക്കാർക്കും മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് എഴുതാവുന്നതാണ്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'ഡി' (Annexure -D) യിൽ കൊടുത്തിരിക്കുന്നു.

10. Annexure A യിൽ 47 മതായി കൊടുത്തിരിക്കുന്ന കേരള ചുമട്ടു തൊഴിലാളി നിയമങ്ങളെ സംബന്ധിച്ച വകുപ്പുതല പരീക്ഷ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തിക മാറ്റം മുഖേനയോ നിയമനം ലഭിക്കുന്നതിനായി Manual of Office Procedure, അക്കൗണ്ട് ടെസ്റ്റ്(ലോവർ)എന്നിവയ്ക്കു പുറമേ നിർബന്ധമായും ജയിച്ചിരിക്കേണ്ടതാണ്. (G.O(Rt.)No.3022/2008/തൊഴിൽ dated 31-12-2008)

11. എല്ലാ ടെസ്റ്റുകൾക്കും ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് ഓരോ പേപ്പറിനും 40% (നാൽപ്പത് ശതമാനം) ആണ്.

12. റവന്യൂ ടെസ്റ്റുകൾ 2011 ജൂലൈ മുതൽ പുതിയ സിലബസിൽ മാത്രമേ എഴുതാൻ അനുവദിക്കുകയുള്ളൂ. മുൻപ് ഭാഗികമായി പഴയ സിലബസ്സിൽ പാസ്സായിട്ടുള്ളവർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പുതിയ സിലബസിൽ നാല് പേപ്പറുകളും എഴുതി പാസ്സാകേണ്ടതാണ്. എന്നാൽ ജനുവരി 2011 വരെയുള്ള നോട്ടിഫിക്കേഷനുകൾ പ്രകാരം വില്ലേജ് ആഫീസേഴ്സ് മാന്വൽ പരീക്ഷ പാസ്സായിട്ടുള്ളവരും 2019 ജനുവരി വരെയുള്ള വിജ്ഞാപനങ്ങൾ പ്രകാരം യൂണിഫൈഡ് വില്ലേജ് മാന്വൽ കോമൺ പേപ്പർ പാസ്സായിട്ടുള്ളവരും പുതിയ സിലബസ്സ് പ്രകാരമുള്ള റവന്യൂ ടെസ്റ്റിന്റെ നാലാമത്തെ പേപ്പറിന് വീണ്ടും പരീക്ഷ എഴുതേണ്ടതില്ല. പരീക്ഷാർത്ഥികൾ മേൽ പരീക്ഷകൾ മുൻപ് പാസ്സായിട്ടുള്ളതായി സ്ഥിരീകരണം നൽകുമ്പോൾ റവന്യൂ ടെസ്റ്റിന്റെ 4 പേപ്പറുകളും ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

13. Free Chanceന് ആവശ്യപ്പെടുന്ന, അന്യത്ര സേവനത്തിൽ (On Deputation) തുടരുന്ന ജീവനക്കാർ Parent Department ലെ ആഫീസ് മേധാവി / വകുപ്പ് മേധാവിയെക്കൊണ്ട് അഡ്മിഷൻ ടിക്കറ്റിലെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(എ) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ള സർക്കാർ ജീവനക്കാർ വകുപ്പുതല പരീക്ഷയ്ക്ക് ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ ബന്ധപ്പെട്ട ജനപ്രതിനിധി തന്നെ നിർവ്വഹിച്ചാലും മതിയാകും. അവരുടെ പേര്, പദവി മുതലായവ ഉൾക്കൊള്ളുന്ന സീലുകൾ യഥാസ്ഥാനത്ത് നിർബന്ധമായും പതിച്ചിരിക്കണം.

14. ഓരോ ടെസ്റ്റും അതാതു വകുപ്പിലെ ഉദ്യോഗസ്ഥർ പാസ്സായിരിക്കണമെന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻ പ്രകാരം നിർബന്ധമാക്കിയിട്ടുള്ളതാണ്. (ജയിൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ്, രജിസ്ട്രേഷൻ ടെസ്റ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, ഫോറസ്റ്റ് ടെസ്റ്റ്, പഞ്ചായത്ത് ടെസ്റ്റ്, കോഓപ്പറേറ്റീവ് ടെസ്റ്റ്, എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസിലെ അംഗങ്ങൾക്കുള്ള ടെസ്റ്റ് എന്നിവ അതാതു വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് മാത്രമുള്ളതാണ്. കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ് സാമൂഹ്യക്ഷേമവകുപ്പിലെ ഡിസ്ട്രിക്ട് പ്രൊബേഷൻ ആഫീസർമാരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളിലുള്ളവർക്ക് അതാതു വകുപ്പുകളിൽ നിർബന്ധിതമാക്കിയിട്ടുള്ള എല്ലാ ടെസ്റ്റുകളും എഴുതുവാൻ കഴിയത്തക്കവിധമാണ് കമ്മീഷൻ ടൈംടേബിൾ തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും വകുപ്പിൽ നിർബന്ധിതമല്ലാത്ത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ടൈംടേബിൾ പ്രകാരം പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കുമെങ്കിൽ മാത്രം അപേക്ഷിക്കേണ്ടതാണ്. അല്ലാതെ അതിനായി ടൈംടേബിളിൽ മാറ്റം വരുത്തുന്നതല്ല.

15. 31.07.1986ലെ GO(Ms) No. 249/86/GAD അനുസരിച്ച് ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S.) ലുള്ള ജൂനിയർ മെംമ്പർമാർക്ക് യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റ് പ്രത്യേകം നടത്തുന്നതിനാൽ 15.12.1978 ലെ GO(Ms)No.549/78/GAD അനുസരിച്ചുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) നാല് പേപ്പറുകൾ ബാധകമായിരിക്കുന്നതല്ല. പ്രസ്തുത സർവ്വീസിലുള്ളവർ പ്രത്യേക വിജ്ഞാപന പ്രകാരം യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റിന് അപേക്ഷിച്ചു കൊള്ളേണ്ടതാണ്. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S.) ലുള്ള ജൂനിയർ മെംമ്പർമാർ 'ഫോറസ്റ്റ് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ആന്റ് കൺട്രോളിംഗ് സ്റ്റാഫ്' എന്ന പരീക്ഷയ്ക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല. ടി പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 19-2-1985 തീയതിയിലെ GO (Ms) No. 74/85/GAD അനുസരിച്ച് പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതാണ്.

16. Annexure-'A' യിൽ 15 മതായി കൊടുത്തിരിക്കുന്ന മുൻസിപ്പൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, മുൻസിപ്പൽ ഡിപ്പർട്ട്മെന്റിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കുവേണ്ടി 12/7/1978 തീയതിയിലെ G.O (Rt.)2072/78/ LA &S.W.D, 25-5-1979 തീയതിയിലെ G.O(Rt.)1712/79/L A & S.W.D, 20-2-1981 തീയതിയിലെ G.O(M.S)3681/LA & S.W.D. എന്നീ ഉത്തരവുകൾ പ്രകാരം നടത്തുന്ന പരീക്ഷയാണ്. ഈ പരീക്ഷയുടേയും കേരള മുൻസിപ്പൽ ടെസ്റ്റ് മൂന്നാം പേപ്പറിന്റേയും സിലബസ് ഒന്നു തന്നെയാണ്.

17. പരീക്ഷാ ഹാളിൽ ബുക്കുകളുടെ സഹായത്തോടുകൂടി ഉത്തരമെഴുതാവുന്ന ടെസ്റ്റുകൾ (with books) ഏതെല്ലാമാണെന്ന് അനുബന്ധത്തിൽ സിലബസ് വിവരിക്കുന്നിടത്ത് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ടെസ്റ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളും (ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ മാത്രം) അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികളും തൽസംബന്ധമായി ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആക്ട് ആന്റ് റൂൾസ് മാത്രം ഉപയോഗിക്കാവുന്നതാണ്. സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് നിശ്ചിത പേപ്പറിന് നിർദ്ദിഷ്ട കാലാവധിക്ക് അനുവദിക്കുന്ന സ്വകാര്യ പ്രസിദ്ധീകരണങ്ങൾ മാത്രമേ തദനുസൃതമായി പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ അനുവാദമുള്ളൂ. ഇപ്രകാരം Time Table Notification ൽ വ്യക്തമായി പറഞ്ഞിട്ടുള്ളതല്ലാതെ സ്വകാര്യ പ്രസാധകർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർവ്വീസ് റൂൾസ് തുടങ്ങിയ ഒരു സ്വകാര്യ പ്രസിദ്ധീകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.. കുറിപ്പുകളോ വിവരങ്ങളോ അടങ്ങിയ ബുക്കുകളും ഗൈഡുകളും, അംഗീകൃത പുസ്തകങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ടൈം ടേബിൾ വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുള്ളവ ഒഴികെ) എന്നിവയും പരീക്ഷാഹാളിൽ കൊണ്ടു വരുന്നതിന് അനുവദിക്കുന്നതല്ല. ഈ നിർദ്ദേശങ്ങൾക്ക് വിപരീതമായി പെരുമാറുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കപ്പെടുന്നതാണ്. അതിനോടൊപ്പം തന്നെ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന മറ്റ് ശിക്ഷാ നടപടികളും സ്വീകരിക്കുന്നതാണ്. സിലബസിന്റെ നേർക്ക് (with books- എന്ന് എഴുതിയിട്ടില്ലാത്ത പരീക്ഷകൾ ബുക്കുകളുടെ സഹായമില്ലാതെ എഴുതേണ്ടതാണ്. മറ്റ് നിർദ്ദേശങ്ങൾ അഡ്മിഷൻ ടിക്കറ്റിനൊപ്പം ലഭിക്കുന്നതും അവ വായിച്ച് കൃത്യമായി പാലിക്കേണ്ടതുമാണ്.

17.(എ) മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ, സ്മാർട്ട് വാച്ച് തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

18. പരീക്ഷാ ചുമതല വഹിക്കുന്ന ചീഫ് സൂപ്രണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ ഖണ്ഡിക 17 ലെ നിർദ്ദേശങ്ങൾക്ക് വിപരീതമായി പരീക്ഷാഹാളിൽ ബുക്കുകൾ കൊണ്ടു വരികയോ ചെയ്യുന്നവരുടെ പരീക്ഷ അസാധുവാക്കപ്പെടുന്നതാണ്. അതിനു പുറമേ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പു മേധാവികളോടും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറോടും ശുപാർശ ചെയ്യുന്നതാണ്. കമ്മിഷനംഗങ്ങളെയോ, കമ്മീഷന്റെ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ, പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

19. ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി വരെ പരീക്ഷാർത്ഥികൾക്ക് പേപ്പറുകൾ/മേഖല എന്നിവ മാറ്റുവാനുള്ള അവസരം അവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. പരീക്ഷാപേപ്പറുകൾ പരീക്ഷാർത്ഥികൾ സ്വയം തെരഞ്ഞെടുക്കുന്നതിനാൽ അവസാന തീയതിക്കു ശേഷം യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട പേപ്പറുകളിൽ മാറ്റം നൽകുന്നതല്ല.

74. ക്ലാസിക്കൽ പദവി നേടിയ ആദ്യത്തെ ഇന്ത്യൻ ഭാഷ ഏത് ?
എ. സംസ്കൃതം ബി. തമിഴ്
സി. കന്നട ഡി. തെലുങ്ക്

75. എല്ലാ ആസിഡുകളിലും അടങ്ങിയിരിക്കുന്ന മൂലകമേത്?
എ. ഓക്സിജൻ ബി. ഹൈഡ്രജൻ
സി. നൈട്രജൻ ഡി. സോഡിയം

76. പടിഞ്ഞാറോട്ട് ഒഴുകുന്ന ഇന്ത്യയിലെ ഏറ്റവും വലിയ നദി?
എ. നർമ്മദ ബി. മഹാനദി
സി. താപ്തി ഡി. കൃഷ്ണ

77. ഇന്ത്യയുടെ മുഖ്യ വിവരാവകാശ കമ്മീഷണറായ ആദ്യത്തെ വനിത ആര് ?
എ. ദീപക് സിന്ധു ബി. പ്രതിഭാബേദി
സി. കിരൺ ബേദി ഡി. സുഷമാറാവു

78. സ്വന്തമായി ഹൈക്കോടതിയുള്ള കേന്ദ്ര ഭരണ പ്രദേശം?

എ. ഡൽഹി　　ബി. ലക്ഷദ്വീപ്
സി ആൻഡമാൻ　　ഡി. നിക്കോബാർ

79. കേരളത്തിലെ ആദ്യ സായാഹ്ന കോടതി നിലവിൽ വന്ന ജില്ല?
എ. തിരുവനന്തപുരം　　ബി. കൊല്ലം
സി. മലപ്പുറം　　ഡി. എറണാകുളം

80. ഇരുമ്പ് തുരുമ്പിക്കുന്നതിന് കാരണമായ ഘടകങ്ങൾ ?
എ. വായു - ഈർപ്പം　　ബി. വായു - ഓക്സിജൻ
സി. ഈർപ്പം - ചൂട്　　ഡി. വായു - ചൂട്

81. വളരെ കുറഞ്ഞ അളവിലുള്ള വൈദ്യുതി അളക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം ?
എ. വോൾട്ട് മീറ്റർ　　ബി. അമ്മീറ്റർ
സി. ഗാൽവനോമീറ്റർ　　ഡി. കമ്മ്യൂട്ടേറ്റർ

82. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രഥമ ചെയർമാൻ ആരായിരുന്നു?
എ. ജസ്റ്റിസ് ഡി ശ്രീദേവി
ബി. ജസ്റ്റിസ് രംഗനാഥ മിശ്ര
സി. യു ആർ അനന്തമൂർത്തി
ഡി. ജസ്റ്റിസ് കൃഷ്ണയ്യർ

83. ഇന്ത്യയുടെ നൂറാമത്തെ ബഹിരാകാശ ദൗത്യം?
എ. GSAT 1　　ബി. GSLV
സി. GSAT 10　　ഡി. PSLVC 21

84. പങ്കാളിത്ത പെൻഷൻ പദ്ധതി കേരളത്തിൽ നിലവിൽ വന്നത് ?
എ. 2003 ജൂൺ 1　　ബി. 2013 ഏപ്രിൽ 1
സി. 2012 ഡിസംബർ 10　　ഡി. 2012 ജനുവരി 1

85. ശിവഗിരിയിൽ ശ്രീനാരായണ ഗുരു ശാരദാ പ്രതിഷ്ഠ നടത്തിയ വർഷം?
എ. 1912　　ബി. 1913
സി. 1918　　ഡി. 1924

86. ശരീരത്തിലെ രക്തബാങ്ക് എന്നറിയപ്പെടുന്നത്?
എ. കരൾ　　ബി. പ്ലീഹ
സി. ഹൃദയം　　ഡി. ഇവയൊന്നുമല്ല

87. 'അവാമി ലീഗ്' ഏത് രാജ്യത്തിലെ രാഷ്ട്രീയ പാർട്ടിയാണ്?
എ. മ്യാൻമാർ　　ബി. ഭൂട്ടാൻ
സി. അഫ്ഗാനിസ്ഥാൻ　　ഡി. ബംഗ്ലാദേശ്

88. റബ്ബർ പാൽ ഖരീഭവിക്കാതിരിക്കാൻ ഉപയോഗിക്കുന്നത്?
എ. സൾഫർ　　ബി. ഫോമിക് ആസിഡ്
സി. അമോണിയ　　ഡി. കാർബൺ

89. മനുഷ്യന് ഹാനികരമായ ശബ്ദതീവ്രത?
എ. 100 ഡെസിബെൽ
ബി. 120 ഡെസിബെലിന് മുകളിൽ
സി. 90 ഡെസിബെൽ
ഡി. 90 ഡെസിബെലിന് താഴെ

90. ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത് എന്നാണ്?
എ. 1919 ഏപ്രിൽ 13　　ബി. 1919 ഏപ്രിൽ 23
സി. 1919 മാർച്ച് 13　　ഡി. 1919 മാർച്ച് 23

91. കടൽക്കാറ്റ് വീശുന്നത് എപ്പോഴാണ്?
എ. പകൽസമയത്ത്　　ബി. രാത്രികാലങ്ങളിൽ
സി. രാത്രിയും പകലും　　ഡി. വേലിയേറ്റ സമയത്ത്

92. ബക്സർ യുദ്ധം അവസാനിപ്പിച്ച ഉടമ്പടി?
എ. അലഹബാദ്　　ബി. ശ്രീരംഗപട്ടണം
സി. ഡൽഹി　　ഡി. ലക്നൗ

93. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കായലേത് ?
എ. മുരിയാട്　　ബി. മനക്കൊടി
സി. ഏനമാക്കൽ　　ഡി. ഉപ്പള കായൽ

94. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥിതി ചെയ്യുന്നത് ?
എ. വൈറ്റില　　ബി. പട്ടം
സി. തിരുവല്ല　　ഡി. തത്തമംഗലം

95. രാജ്യസഭയുടെ കാലാവധി എത്ര വർഷമാണ് ?
എ. 5　　ബി. 4
സി. 6　　ഡി. കാലാവധിയില്ല

96. കരക്കാറ്റ്, കടൽക്കാറ്റ് എന്നിവ ഏതിനം വാതങ്ങൾക്ക് ഉദാഹരണമാണ്?
എ. സ്ഥിരവാതം　　ബി. അസ്ഥിരവാതം
സി. വാണിജ്യവാതം　　ഡി. കാലികവാതം

97. കുറുവ ദ്വീപ് ഏത് നദിയിലാണ് ?
എ. ഭവാനി　　ബി. കബനി
സി. ഭാരതപ്പുഴ　　ഡി. കുന്തിപ്പുഴ

98. വൈദ്യുതി കടത്തിവിടുന്ന പദാർത്ഥങ്ങളാണ് ?
എ. കുചാലകം　　ബി. സുചാലകം
സി. അർദ്ധചാലകം　　ഡി. ഇവയൊന്നുമല്ല

99. ലോക കാലാവസ്ഥാ ദിനം എന്നാണ് ?
എ. മാർച്ച് 23　　ബി. ഏപ്രിൽ 23
സി. മാർച്ച് 21　　ഡി. ഏപ്രിൽ 22

100. ഇന്ത്യയിൽ ആദ്യമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയത്?
എ. എസ് ബി ഐ　　ബി. എസ് ബി ടി
സി. കാനറ　　ഡി. ബറോഡ ബാങ്ക്

## ഉത്തരങ്ങൾ

1 (ഡി) 2 (സി) 3 (സി) 4 (ബി) 5 (എ) 6 (സി) 7 (ബി) 8 (എ) 9 (സി) 10 (സി) 11 (സി) 12 (സി) 13 (എ) 14 (എ) 15 (ഡി) 16 (ബി) 17 (എ) 18 (എ) 19 (സി) 20 (ഡി) 21 (ബി) 22 (എ) 23 (ഡി) 24 (ബി) 25 (ഡി) 26 (ബി) 27 (എ) 28 (ബി) 29 (ബി) 30 (എ) 31 (സി) 32 (ബി) 33 (എ) 34 (ബി) 35 (ഡി) 36 (എ) 37 (സി) 38 (ബി) 39 (സി) 40 (ഡി) 41 (ബി) 42 (സി) 43 (എ) 44 (സി) 45 (ഡി) 46 (ഡി) 47 (ബി) 48 (ബി) 49 (ബി) 50 (സി) 51 (ബി) 52 (ബി) 53 (ഡി) 54 (സി) 55 (സി) 56 (സി) 57 (ബി) 58 (സി) 59 (ഡി) 60 (എ) 61 (സി) 62 (എ) 63 (എ) 64 (ഡി) 65 (ഡി) 66 (ബി) 67 (എ) 68 (സി) 69 (ബി) 70 (സി) 71 (സി) 72 (സി) 73 (എ) 74 (ബി) 75 (ബി) 76 (എ) 77 (എ) 78 (എ) 79 (എ) 80 (ബി) 81 (സി) 82 (ബി) 83 (ഡി) 84 (ബി) 85 (എ) 86 (ബി) 87 (ഡി) 88 (സി) 89 (ബി) 90 (എ) 91 (എ) 92 (എ) 93 (ഡി) 94 (ബി) 95 (ഡി) 96 (ഡി) 97 (ബി) 98 (ബി) 99 (എ) 100 (എ)

## സെറ്റ് - 2

1. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമെന്ന് കണ്ടെത്തുക?
1. സർദാർ സരോവർ ജലവൈദ്യുത പദ്ധതി നിലനിൽക്കുന്നത് നർമദ നദിയിലാണ്
2. സർദാർ സരോവർ പദ്ധതിക്കെതിരെയുള്ള പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് മേധാപട്കറാണ്
3. കൻഹ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്നത് നർമദ നദീതീരത്താണ്
4. ഇന്ദിരാസാഗർ ജലവൈദ്യുത പദ്ധതി സ്ഥിതി ചെയ്യുന്നത് നർമദ നദിയിലാണ്
എ. 1, 2, 4 എന്നിവ മാത്രം　　ബി. 1, 2, 3 എന്നിവ മാത്രം
സി. 1, 3, 4 എന്നിവ മാത്രം　　ഡി. 1, 2, 3, 4 എന്നിവ

2. ചുവടെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ, അവയുടെ സ്ഥാനം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| A. ചിത്തരഞ്ജൻ ഡീസൽ ലോക്കോമോട്ടീവ് വർക്ക്സ് | 1. ജാംഷഡ്പൂർ |
| B. ഹിന്ദുസ്ഥാൻ ഷിപ്പിയാർഡ് ലിമിറ്റഡ് | 2. കർണാടക |
| C. വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ പ്ലാന്റ് | 3. വിശാഖപട്ടണം |
| D. ടാറ്റാ ഇഞ്ചിനീയറിങ് ആൻഡ് ലോക്കോമോട്ടീവ് വർക്ക്സ് | 4. വാരണാസി |

എ. A-4, B-3, C-1, D-2　　ബി. A-4, B-3, C-2, D-1
സി. A-2, B-1, C-3, D-4　　ഡി. A-3, B-4, C-2, D-1

3. കേരളത്തിലെ ഏതു വിമാനത്താവളമാണ് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ അല്ലാത്തത്?
എ. തിരുവനന്തപുരം　　ബി. നെടുമ്പാശ്ശേരി (കൊച്ചി)
സി. കരിപ്പൂർ　　ഡി. കണ്ണൂർ

4. കേരളത്തിൽ ഏറ്റവും കൂടുതൽ ദേശീയപാതകൾ കടന്നുപോകുന്ന ജില്ല ഏതാണ്?
എ. എറണാകുളം　　ബി. പാലക്കാട്
സി. തിരുവനന്തപുരം　　ഡി. വയനാട്

5. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
1. കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ (KURTC) നിലവിൽവന്നത് 2014ലാണ്.
2. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഭാഗമായി നിലവിൽ വന്ന ബസ് സർവീസാണ് KURTC.
3. KURTCയുടെ ആസ്ഥാനം തിരുവനന്തപുരമാണ്.
4. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്നത് തിരുവനന്തപുരത്താണ് (കാര്യവട്ടം).
എ. 1, 2, 3 എന്നിവ മാത്രം　　ബി. 2, 3, 4 എന്നിവ മാത്രം
സി. 1, 2, 3, 4 എന്നിവ　　ഡി. 1, 2, 4 എന്നിവ മാത്രം

6. ചുവടെതന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായത് ഏതെല്ലാമെന്ന് കണ്ടെത്തുക
1. ആധുനിക കൊച്ചി തുറമുഖത്തിന്റെ ശിൽപ്പി എന്നറിയപ്പെടുന്നത് റോബർട്ട് ബ്രിസ്റ്റോയാണ്
2. ദിവാൻ- ആർ.കെ.ഷൺമുഖം ചെട്ടിയാണ് കൊച്ചിയെ 'അറബിക്കടലിന്റെ റാണി' എന്ന് വിശേഷിപ്പിച്ചത്
3. 1964ൽ രൂപീകൃതമായ കൊച്ചിൻപോർട്ട് ട്രസ്റ്റിന്റെ ആദ്യ ചെയർമാൻ പി.ആർ സുബ്രഹ്മണ്യനാണ്
4. കൊച്ചി പ്രകൃതിദത്ത തുറമുഖമാണ്
എ. 1, 2, 3 എന്നിവ മാത്രം　　ബി. 1, 2, 4 എന്നിവ മാത്രം
സി. 1, 2, 3, 4 എന്നിവ　　ഡി. 1, 3, 4 എന്നിവ മാത്രം

7. എല്ലാ ഗ്രാമങ്ങളിലും പോസ്റ്റോഫീസ് സ്ഥാപിതമായ ഇന്ത്യയിലെ ആദ്യ സംസ്ഥാനം ഏതാണ്?
എ. കേരളം　　ബി. ഗോവ
സി. തമിഴ്നാട്　　ഡി. കർണാടക

8. ബി.എസ്.എൻ.എൽ (BSNL) നിലവിൽ വന്ന വർഷം?
എ. 2001 നവംബർ 1　　ബി. 1986 ഏപ്രിൽ 1
സി. 2000 ഒക്ടോബർ 1　　ഡി. 1999 ജനുവരി 1

9. 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം മൗലികാവകാശമാക്കി മാറ്റിയത് (86-ാം ഭേദഗതി) എത്രാമത്തെ ഭേദഗതി ബില്ലാണ്?
എ. 83-ാം ഭേദഗതി ബിൽ
ബി. 93-ാം ഭേദഗതി ബിൽ
സി. 91-ാം ഭേദഗതി ബിൽ
ഡി. 99-ാം ഭേദഗതി ബിൽ

10. 'ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം' എന്നത് (Right to constitutional remedies) ഇന്ത്യൻ ഭരണഘടനയിലെ എത്രാമത്തെ വകുപ്പാണ്?
എ. 31　　ബി. 32
സി. 29　　ഡി. 35

11. ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകത്തെ ബഹുമാനിക്കുക എന്നത്
എ. മൗലികാവകാശമാണ്
ബി. മൗലിക സ്വാതന്ത്ര്യമാണ്
സി. നിർദേശക തത്വങ്ങളിൽ ഉൾപ്പെടുന്നതാണ്
ഡി. മൗലിക കടമയാണ്

12. ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമനയുടെ ഇംഗ്ലീഷ് പരിഭാഷ അറിയപ്പെടുന്നത്?
എ. മദർ ഐ ബോ ടു ദി
ബി. ദി നാഷണൽ സോംഗ് ഓഫ് ഇന്ത്യ
സി. ദി മോണിംഗ് സോംഗ് ഓഫ് ഇന്ത്യ
ഡി. ദി നാഷണൽ ആന്തം ഓഫ് ഇന്ത്യ

13. ഇന്ത്യൻ ദേശീയ പതാകയിലെ നിറങ്ങൾ മുകളിൽ നിന്നും താഴോട്ട് ക്രമമായി എഴുതിയാൽ ശരിയായത് ഏതാണ്?
എ. പച്ച, വെള്ള, കുങ്കുമം
ബി. കുങ്കുമം, വെള്ള, പച്ച
സി. കുങ്കുമം, പച്ച, വെള്ള
ഡി. പച്ച, കുങ്കുമം, വെള്ള

14. ഇന്ത്യയുടെ ദേശീയ കലണ്ടറായ ശകവർഷം ഔദ്യോഗികമായി അംഗീകരിച്ച വർഷം ഏതാണ്?
എ. 1957 മാർച്ച് 22　　ബി. 1947 ജൂലൈ 22
സി. 1950 ജനുവരി 24　　ഡി. 1956 നവംബർ 1

15. ചുവടെപ്പറയുന്ന ദേശീയ കലണ്ടറുകളുടെ ആരംഭത്തെ സംബന്ധിച്ച് ശരിയായത് ഏതെല്ലാം?
1. ശകവർഷം- AD 78
2. കൊല്ലവർഷം- AD 825
3. ഹിജറ വർഷം - AD 622
4. ഗ്രിഗോറിയൻ കലണ്ടർ- AD 1600
എ. 1, 2, 3, 4 എന്നിവ　　ബി. 1, 2, 4 എന്നിവ മാത്രം
സി. 1, 2, 3 എന്നിവ മാത്രം　　ഡി. 2, 3, 4 എന്നിവ മാത്രം

16. കേരളത്തിൽ ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകളുള്ള ജില്ല ഏതാണ്?
എ. തൃശ്ശൂർ　　ബി. തിരുവനന്തപുരം
സി. മലപ്പുറം　　ഡി. എറണാകുളം

17. 2011ലെ സെൻസസ് പ്രകാരം കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം എത്രയാണ്?
എ. 1084/1000　　ബി. 1048/1000
സി. 1086/1000　　ഡി. 1068/1000

18. കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദികളിൽ ഏറ്റവും ചെറുത് ഏതാണ്?
എ. പമ്പ　　ബി. കബനി
സി. ഭവാനി　　ഡി. പാമ്പാർ

19. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
1. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പീൽവേ എന്നിവ നിർമിച്ചിരിക്കുന്നത് വേമ്പനാട് കായലിലാണ്
2. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നത് പുന്നമട കായൽ എന്നറിയപ്പെടുന്ന വേമ്പനാട് കായലിലാണ്
3. പ്രസിഡന്റ്സ് ട്രോഫി ജലോത്സവം നടക്കുന്നത് അഷ്ടമുടിക്കായലിലാണ്
4. 1988ൽ പെരുമൺ തീവണ്ടി അപകടം നടന്നത് അഷ്ടമുടിക്കായലിലാണ്
എ. 1, 2, 3, 4 എന്നിവ　　ബി. 1, 3, 4 എന്നിവ മാത്രം
സി. 2, 3, 4 എന്നിവ മാത്രം　　ഡി. 1, 2, 4 എന്നിവ മാത്രം

20. ചുവടെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ, കേരളത്തിൽ അവയുടെ ആസ്ഥാനം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക

| | |
|---|---|
| A. ഹാൻടെക്സ് | 1. ആലുവ |
| B. കയർഫെഡ് | 2. കണ്ണൂർ |
| C. ഹാൻവീവ് | 3. തിരുവനന്തപുരം |

D. ഇന്ത്യൻ റെയർ എർത്ത്സ് 4. ആലപ്പുഴ

എ. A-4, B-3, C-2, D-1 ബി. A-3, B-4, C-1, D-2
സി. A-3, B-4, C-2, D-1 ഡി. A-3, B-1, C-2, D-4

21. ചുവടെപ്പറയുന്ന നേത്ര രോഗങ്ങൾ, അവയുടെ കാരണങ്ങൾ എന്നിവയിൽ ശരിയല്ലാത്തത് ഏതാണ്?
എ. ദീർഘദൃഷ്ടി- നേത്ര ഗോളത്തിന്റെ നീളം കൂടുന്നത്
ബി. സിറോഫ്താൽമിയ- ജീവകം എയുടെ അപര്യാപ്തത
സി. തിമിരം- പ്രായം കൂടുമ്പോൾ കണ്ണിന്റെ ലെൻസിന്റെ സുതാര്യത നഷ്ടമാകുന്നത്
ഡി. വിഷമദൃഷ്ടി- നേത്ര ലെൻസിന്റെ വക്രതമൂലം വസ്തുവിന്റെ ശരിയായ പ്രതിബിംബം രൂപപ്പെടാത്തത്

22. 'പെല്ലഗ്ര' എന്ന രോഗത്തിന് കാരണമാകുന്നത് ഏത് ജീവകത്തിന്റെ അപര്യാപ്തതയാണ്?
എ. ജീവകം $B_3$ ബി. ജീവകം $B_9$
സി. ജീവകം D ഡി. ജീവകം $B_2$

23. മനുഷ്യരിൽ പക്ഷിപ്പനിക്ക് കാരണമാകുന്ന വൈറസ് ഏതാണ്?
എ. H 1 N 1 ബി. H 5 N 1
സി. H 1 N 5 ഡി. H 5 N 5

24. പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന കേരള സർക്കാർ പദ്ധതി ഏതാണ്?
എ. ആരോഗ്യകിരണം ബി. ആശ്വാസകിരണം
സി. താലോലം ഡി. സ്നേഹപൂർവം പദ്ധതി

25. ചുവടെപ്പറയുന്ന കൃഷിയിനങ്ങൾ, അവയ്ക്കനുയോജ്യമായ മണ്ണിനം എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. നെൽ കൃഷി 1. കറുത്തമണ്ണ്
B. പരുത്തികൃഷി 2. എക്കൽമണ്ണ്
C. റബർ കൃഷി 3. പർവതമണ്ണ്
D. തേയില കൃഷി 4. ലാറ്ററൈറ്റ്
എ. A-1, B-2, C-3, D-4 ബി. A-2, B-1, C-3, D-4
സി. A-1, B-3, C-2, D-4 ഡി. A-2, B-1, C-4, D-3

26. ചുവടെപ്പറയുന്നവയിൽ ഏതെല്ലാമാണ് കേരളത്തിലെ പ്രധാന നെല്ലുഗവേഷണ കേന്ദ്രങ്ങൾ?
1. ശ്രീകാര്യം 2. മങ്കൊമ്പ്
3. മണ്ണുത്തി 4. പട്ടാമ്പി
എ. 1, 3 എന്നിവ ബി. 1, 4 എന്നിവ
സി. 2, 4 എന്നിവ ഡി. 2, 3 എന്നിവ

27. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷൻ സ്ഥിതി ചെയ്യുന്നത്?
എ. കോട്ടയം ബി. വഴുതക്കാട്
സി. പീച്ചി ഡി. രാജമല

28. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
1. വനവിഭവങ്ങൾ സമാഹരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംരംഭമാണ് വനശ്രീ എന്ന പേരിൽ അറിയപ്പെടുന്നത്.
2. കേരളത്തിലെ ആദ്യ റിസർവ് വനമാണ് കോന്നി
3. കേരള വനവത്കരണ പദ്ധതി ആരംഭിച്ചത് 1998ലാണ്
4. ചിമ്മിനി വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്നത് തൃശ്ശൂർ ജില്ലയിലാണ്
എ. 1, 2, 4 എന്നിവ മാത്രം ബി. 2, 3, 4 എന്നിവ മാത്രം
സി. 1, 2, 3, 4 എന്നിവ ഡി. 1, 2, 3 എന്നിവ മാത്രം

29. ഇന്ത്യയിൽ ജലമലിനീകരണ നിയന്ത്രണ നിയമം പാസാക്കിയ വർഷം ഏതാണ്?
എ. 1986 ബി. 1974
സി. 1976 ഡി. 1993

30. കേരളത്തിൽ ആദ്യമായി നേച്ചർ ക്ലബ്ബ് സ്ഥാപിച്ചത് ആരാണ്?
എ. പ്രൊഫ. ജോൺ.സി.ജേക്കബ്
ബി. സുന്ദർലാൽ ബഹുഗുണ
സി. ഏണസ്റ്റ് ഹെയ്ക്കൽ
ഡി. മേധാ പട്ക്കർ

31. ചുവടെപ്പറയുന്നവയിൽ ഐസോബാറുകളുടെ ശരിയായ നിർവചനം ഏതാണ്?
എ. ഒരേ അറ്റോമിക നമ്പരും വ്യത്യസ്ത മാസ് നമ്പരുമുള്ള ഒരേ മൂലകത്തിന്റെ ആറ്റങ്ങൾ.
ബി. ഒരേ മാസ് നമ്പരും വ്യത്യസ്ത അറ്റോമിക് നമ്പറും ഉള്ള വ്യത്യസ്ത മൂലകങ്ങളുടെ ആറ്റങ്ങൾ.
സി. ഒരേ അറ്റോമികനമ്പരും വ്യത്യസ്ത മാസ് നമ്പരും ഉള്ള വ്യത്യസ്ത മൂലകങ്ങളുടെ ആറ്റങ്ങൾ
ഡി. ഒരേ മാസ് നമ്പരും വ്യത്യസ്ത അറ്റോമിക് നമ്പറും ഉള്ള ഒരേ മൂലകത്തിന്റെ ആറ്റങ്ങൾ

32. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
1. ഡിമിട്രി മെൻഡലിയേഫ് ആവർത്തനപട്ടികയുടെ പിതാവ് എന്നറിയപ്പെടുന്നു.
2. ആവർത്തനപട്ടികയിലെ പീരിയഡുകളുടെ എണ്ണം 7ഉം ഗ്രൂപ്പുകളുടെ എണ്ണം 18 ഉം ആകുന്നു
3. ഏറ്റവും താഴ്ന്ന ദ്രവണാങ്കവും തിളനിലയുമുള്ള മൂലകമാണ് ഹീലിയം
4. മൂലകങ്ങൾക്ക് അവയുടെ പേരിന്റെ അടിസ്ഥാനത്തിൽ പ്രതീകങ്ങൾ നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചത് ബർസേലിയസ് എന്ന ശാസ്ത്രജ്ഞനാണ്
എ. 1, 2, 4 എന്നിവ മാത്രം ബി. 1, 2, 3 എന്നിവ മാത്രം
സി. 1, 2, 3, 4 എന്നിവ ഡി. 2, 3, 4 എന്നിവ മാത്രം

33. ചുവടെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണ്?
എ. പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം ഹൈഡ്രജനാണ്
ബി. ഏറ്റവും ഭാരം കുറഞ്ഞ മൂലകം ഹൈഡ്രജനാണ്
സി. ഹൈഡ്രജൻ, ഓക്സിജൻ എന്നിവയ്ക്ക് പേര് നൽകിയത് ലാവോസിയെ എന്ന ശാസ്ത്രജ്ഞനാണ്
ഡി. ഹൈഡ്രജൻ ആറ്റത്തിന് 2 ഇലക്ട്രോണുകളുണ്ട്

34. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് ഏതെന്ന് കണ്ടെത്തുക
എ. വാഷിങ്സോപ്പിൽ ഉപയോഗിച്ചിരിക്കുന്ന രാസ സംയുക്തമാണ് സോഡിയം ഹൈഡ്രോക്സൈഡ്
ബി. ടേബിൾ ഷുഗർ എന്നറിയപ്പെടുന്നത് സുക്രോസ് ആണ്
സി. ബയോഗ്യാസിലെ പ്രധാന ഘടകമാണ് മീഥേൻ
ഡി. അലക്കുകാരത്തിന്റെ രാസനാമമാണ് സോഡിയം ഹൈഡ്രോക്സൈഡ്

35. ദ്രവ്യത്തിന്റെ അഞ്ചാമത്തെ അവസ്ഥ അറിയപ്പെടുന്നത്
എ. ഹെർമിയോണിക് കണ്ടൻസേറ്റ്
ബി. പ്ലാസ്മ
സി. ബോസ് ഐൻസ്റ്റീൻ കണ്ടൻസേറ്റ്
ഡി. ക്വാർക്ക് ഗ്ലൂവോൺ പ്ലാസ്മ

36. ചുവടെപ്പറയുന്നവയിൽ പൂരകവർണങ്ങൾക്ക് ഉദാഹരണം അല്ലാത്തത് ഏതാണ്?
എ. പച്ച, മജന്ത ബി. ചുവപ്പ്, മജന്ത
സി. ചുവപ്പ്, സിയൻ ഡി. നീല, മഞ്ഞ

37. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
1. ചന്ദ്രനിൽ ധാരാളമായി കാണപ്പെടുന്ന ലോഹമാണ് ടൈറ്റാനിയം
2. ഭൂമിയുടെ ഗുരുത്വാകർഷണ ബലത്തിന്റെ 1/6 ഭാഗമാണ് ചന്ദ്രനുള്ളത്
3. ചന്ദ്രനിലെ ഏറ്റവും വലിയ ഗർത്തമാണ് ബെയ്‌ലി ഗർത്തം
4. ചന്ദ്രനിൽ ധാരാളമായി കാണപ്പെടുന്ന മൂലകമാണ് സിലിക്കൺ
എ. 1, 2 എന്നിവ മാത്രം ബി. 1, 2, 4 എന്നിവ മാത്രം
സി. 1, 2, 3 എന്നിവ മാത്രം ഡി. 1, 2, 3, 4 എന്നിവ

38. ശബ്ദത്തിന്റെ ഏത് സവിശേഷതയാണ് സ്റ്റെതസ്കോപ്പിന്റെ ഉപയോഗത്തിന് സഹായകമാകുന്നത്?
എ. പ്രതിധ്വനി (Echo)
ബി. പ്രതിഫലനം (Reflection)
സി. അനുനാദം (Resonance)
ഡി. ഉച്ചത (Loudness)

39. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഫാനിന്റെ ദളങ്ങളുടെ (Leaf) ചലനം ഏതുതരം ചലനത്തിന് ഉദാഹരണമാണ്?
എ. പരിക്രമണചലനം (Revolution)
ബി. ഭ്രമണം (Rotation)
സി. വർത്തുളള ചലനം (Circular motion)
ഡി. ദോലനം (Oscillation)

40. ഇന്ത്യൻ ആണവശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്?
എ. ഏണസ്റ്റ് റൂഥർഫോർഡ് ബി. രാജാരാമണ്ണ
സി. ആൽബർട്ട് ഐൻസ്റ്റീൻ
ഡി. ഹോമി.ജെ.ഭാഭ



41. 2020 ജൂൺ 18 മാസ്ക് ദിനമായി ആചരിച്ച സംസ്ഥാനം?
എ. കേരളം ബി. കർണാടക
സി. ഗോവ ഡി. തമിഴ്നാട്

42. ഐപിഎല്ലിന്റെ എത്രാമത് സീസനാണ് 2020ൽ നടന്നത്?
എ. 11 ബി. 12
സി. 13 ഡി. 14

43. 48-ാമത് ലോക ഓപ്പൺ ചെസ്സ് ടൂർണമെന്റ് നേടിയതാര്?
എ. അമൽ ശർമ ബി. സനൽ സുഗിരോവ്
സി. പി.ഇനിയൻ ഡി. ഫാബിയാനോ കരുവാന

44. 2022ലെ ഏഷ്യൻ ഗെയിംസിന് വേദിയാകുന്ന നഗരം?
എ. ഹാങ്ഷു ബി. ബെയ്ജിങ്
സി. ഹൈദരാബാദ് ഡി. കാഠ്മണ്ഡു

45. സുപ്രീംകോടതിയിലെ വാദം വീഡിയോ കോൺഫറൻസിങ് വഴി നടത്താനായി തയ്യാറാക്കിയ ആപ്ലിക്കേഷൻ ഏതാണ്?
എ. ഇ-കോർട്ട് ബി. ഡിജി-കോർട്ട്
സി. വിദ്യോ ഡി. ദ്യോത്

46. കേരളത്തിൽ നിലവിൽ വന്ന ആദ്യത്തെ വിദൂര വിദ്യാഭ്യാസ സർവകലാശാലയായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസിലറായി നിയമിതനായത്?
എ. ഡോ. പി.എം.മുബാറക് പാഷ
ബി. ഡോ. കെ.മുഹമ്മദ് ബഷീർ
സി. ഡോ. വി.പി.മഹാദേവൻ പിള്ള
ഡി. സി.എ.ജമാലുദ്ദീൻ

47. 2020ലെ ബ്രിക്സ് ഉച്ചകോടിയുടെ (BRICS Summit) വേദി ഏതാണ്?
എ. സൗത്ത് ആഫ്രിക്ക ബി. റഷ്യ
സി. ബ്രസീൽ ഡി. ചൈന

48. പോൾ.ആർ.മിൽഗ്രോം, റോബർട്ട്.ബി.വിത്സൻ എന്നിവർക്ക് 2020ൽ നൊബേൽ സമ്മാനം ലഭിച്ചത് ഏത് വിഷയത്തിലാണ്?
എ. സാഹിത്യം ബി. രസതന്ത്രം
സി. സാമ്പത്തിക ശാസ്ത്രം ഡി. വൈദ്യശാസ്ത്രം

49. 2020ലെ നൊബേൽ സമാധാന സമ്മാനം ലഭിച്ചത്?
എ. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ
ബി. ജാസിൻഡ ആർഡേൻ
സി. ഡൊണാൾഡ് ട്രംപ്
ഡി. വേൾഡ് ഫുഡ് പ്രോഗ്രാം

50. ചുവടെപ്പറയുന്നവയിൽ ഏത് ബാങ്കിന്റെ ചെയർമാനായാണ് ദിനേഷ്കുമാർ ഖാര നിയമിതനായത്?
എ. ആർബിഐ ബി. എസ്ബിഐ
സി. പിഎൻബി ഡി. കാനറ ബാങ്ക്

51. ഒരു ഇലക്ട്രിക് ബെല്ലിന്റെ സ്വിച്ച് ഓൺ ചെയ്താൽ ഇലക്ട്രിക് കറന്റ് ..................
(എ) തുടർച്ചയായി പ്രവഹിക്കുകയും നിൽക്കുകയും ചെയ്യുന്നു (flows and stops in succession)
(ബി) തുടർച്ചയായി പ്രവഹിക്കുന്നു
(സി) ആദ്യം ഒരേ ദിശയിലും പിന്നീട് മറ്റൊരു ദിശയിലും പ്രവഹിക്കുന്നു
(ഡി) ആദ്യം പ്രവഹിക്കുകയും പിന്നീട് സ്ഥിരമായി നിൽക്കുകയും (first flows and then stops forever) ചെയ്യുന്നു

52. ഒരു ഇലക്ട്രിക് മോട്ടോറിലെ ഊർജപരിവർത്തനം ചുവടെപ്പറയുന്നവയിൽ ഏതാണ്?
(എ) രാസോർജം വൈദ്യുതോർജമായി
(ബി) വൈദ്യുതോർജം യാന്ത്രികോർജമായി
(സി) യാന്ത്രികോർജം പ്രകാശോർജമായി
(ഡി) വൈദ്യുതോർജം രാസോർജമായി

53. ഗൂഗിളിൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ പേർ 2020ൽ തെരഞ്ഞ വാക്ക് ഏതാണ്?
(എ) കൊറോണ വൈറസ്
(ബി) ഇന്ത്യൻ പ്രീമിയർ ലീഗ്
(സി) യു.എസ് ഇലക്ഷൻ റിസൽറ്റ്
(ഡി) ബീഹാർ ഇലക്ഷൻ റിസൽറ്റ്

54. മൗണ്ട് എവറസ്റ്റിന്റെ ഉയരം പുനർ നിശ്ചയിച്ചത് പ്രകാരം നിലവിൽ എത്ര മീറ്ററാണ്?
(എ) 8848.86 (ബി) 8848.46
(സി) 8848.56 (ഡി) 8848.68

55. 2020ലെ രബീന്ദ്രനാഥ ടാഗോർ ലിറ്ററി പുരസ്കാരം നേടിയത് ചുവടെ പറയുന്നവരിൽ ആരാണ്?
(എ) അമിതാവ് ഘോഷ്
(ബി) സച്ചിൻ കുന്തൽക്കർ
(സി) നിർമല ഗോവിന്ദരാജൻ
(ഡി) രാജ്കമൾജാ

56. 2024 ലെ പാരിസ് ഒളിമ്പിക്സ് ഇനങ്ങളിൽ ഇടംപിടിച്ച നൃത്തരൂപം ഏതാണ്?
(എ) എയ്റോബിക്സ് (ബി) ബ്രേക്ക് ഡാൻസ്
(സി) പോൾ ഡാൻസ് (ഡി) ജാസ്

57. 2021ലെ ലോകസാമ്പത്തിക ഫോറത്തിൽ (World Eco-

nomic Forum) ആതിഥേയത്വം വഹിക്കുന്ന രാജ്യം ഏതാണ്?
(എ) ഇൻഡോനേഷ്യ (ബി) സൗത്ത് കൊറിയ
(സി) ഇന്ത്യ (ഡി) സിങ്കപ്പൂർ

58. ഫോർമുല-2 കാറോട്ട മത്സരത്തിൽ വിജയം കൈവരിച്ച ആദ്യ ഇന്ത്യക്കാരൻ?
(എ) അർജുൻ മൈനി (ബി) മഹാവീർ രഘുനാഥൻ
(സി) ആദിത്യ പട്ടേൽ (ഡി) ജഹാൻ ദ്രൗവല

59. ടൈം മാഗസിൻ 2020ലെ പേഴ്സൺ ഓഫ് ദി ഇയർ ആയി തെരഞ്ഞെടുത്ത വ്യക്തി?
(എ) ഡൊനാൾഡ് ട്രംപ് (ബി) ജോ ബൈഡൻ
(സി) നരേന്ദ്രമോഡി (ഡി) ജസ്റ്റിൻ ട്രൂഡോ

60. ഫൈസർ കമ്പനി വികസിപ്പിച്ച കോവിഡ് -19 വാക്സിന്റെ ഉപയോഗത്തിന് അംഗീകാരം ലഭിച്ച ആദ്യ രണ്ട് രാജ്യങ്ങൾ ഏതെല്ലാമാണ്?
(എ) യു.കെ, കാനഡ (ബി) യു.കെ, യു.എസ്
(സി) യു.കെ, ജർമനി (ഡി) യു.കെ, ഫ്രാൻസ്

61. ചുവടെപ്പറയുന്നവയിൽ 100% ജൈവകൃഷി എന്ന നേട്ടം കൈവരിച്ച ആദ്യത്തെ കേന്ദ്രഭരണപ്രദേശം ഏതാണ്?
(എ) ആൻഡമാൻ നിക്കോബാർ (ബി) പുതുച്ചേരി
(സി) ചണ്ഡിഗഢ് (ഡി) ലക്ഷദ്വീപ്

62. ഫൈസർ കമ്പനി വികസിപ്പിച്ച കോവിഡ്-19 വാക്സിൻ ആദ്യമായി സ്വീകരിച്ച യു.കെയിൽ നിന്നുള്ള പൗരന് ഏത് പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരന്റെ പേരാണുള്ളത്?
(എ) വില്യം ഷേക്സ്പിയർ
(ബി) ജെ.ആർ.ആർ ടോൾക്കിൻ
(സി) ചാൾസ് ഡിക്കൻസ്
(ഡി) ജോർജ് ഓർവെൽ

63. അന്താരാഷ്ട്ര ഏകദിന മത്സരങ്ങളിൽ 12,000 റൺസ് നേടുന്ന വേഗതയേറിയ ക്രിക്കറ്റർ എന്ന സ്ഥാനത്തേക്ക് എത്തപ്പെട്ടത്?
(എ) രോഹിത് ശർമ (ബി) ശിഖർ ധവാൻ
(സി) കെ.എൽ.രാഹുൽ (ഡി) വിരാട് കോലി

64. ചുവടെതന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ്?
(എ) ഇന്ത്യയിൽ സാമ്രാജ്യം സ്ഥാപിക്കാനുള്ള ഫ്രഞ്ചുകാരുടെ ശ്രമം പരാജയപ്പെട്ടത് 1760ലെ വാണ്ടിവാഷ് യുദ്ധത്തിലാണ്
(ബി) വാണ്ടിവാഷ് (വന്തവാശി) സ്ഥിതി ചെയ്യുന്നത് തമിഴ്നാട്ടിലാണ്
(സി) ബ്രിട്ടനും ഫ്രാൻസും ഇരുചേരികളിലായി നടന്ന സപ്തവത്സര യുദ്ധത്തിന്റെ (1756–63) പശ്ചാത്തലത്തിൽ ഇന്ത്യയിൽ നടന്ന യുദ്ധമാണ് വാണ്ടിവാഷ് യുദ്ധം.
(ഡി) എ, ബി, സി എന്നിവ ശരിയാണ്.

65. ചുവടെപ്പറയുന്നവയിൽ തെറ്റായ ജോഡി ഏതാണ്?
(എ) പ്ലാസിയുദ്ധം- 1757
(ബി) ബ്ലാക്ക് ഹോൾ ട്രാജഡി-1756
(സി) പിറ്റ്സ് ഇന്ത്യാ ആക്ട്-1784
(ഡി) റഗുലേറ്റിങ് ആക്ട് -1783

66. ടിപ്പു സുൽത്താൻ കൊല്ലപ്പെട്ടത് ഏത് യുദ്ധത്തിലാണ്?
(എ) ഒന്നാം മൈസൂർ യുദ്ധം
(ബി) രണ്ടാം മൈസൂർ യുദ്ധം
(സി) മൂന്നാം മൈസൂർ യുദ്ധം
(ഡി) നാലാം മൈസൂർ യുദ്ധം

67. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ശരിയായ പ്രസ്താവന ഏതാണ്?
(എ) ഝാൻസിയിൽ കലാപം അടിച്ചമർത്തിയത് ജനറൽ ഹ്യൂഗ്റോസ് ആയിരുന്നു
(ബി) ഡൽഹിയിൽ കലാപകാരികളെ കീഴടക്കിയത് ജോൺ നിക്കോൾസനാണ്
(സി) 1857ലെ വിപ്ലവത്തിൽ കാൺപൂർ, ലക്നൗ എന്നിവ തിരിച്ചുപിടിച്ചത് സർ. കോളിൻ ക്യാംപ് ബെല്ലാണ്.
(ഡി) എ, ബി, സി എന്നിവ ശരിയാണ്.

68. ഷഹീദ്-ഇ-ഹിന്ദ് എന്നറിയപ്പെട്ടതാരാണ്?
(എ) ഭഗത്സിങ് (ബി) മുഹമ്മദലി ജിന്ന
(സി) ഖുദിറാം ബോസ് (ഡി) ഉദ്ദം സിങ്

69. പതിനാലിന ഫോർമുല മുന്നോട്ടുവച്ച നേതാവ്
(എ) മുഹമ്മദ്അലി ജിന്ന(ബി) ജവഹർലാൽ നെഹ്റു
(സി) മഹാത്മാഗാന്ധി (ഡി) സി.രാജഗോപാലാചാരി

70. രണ്ടാംവട്ടമേശ സമ്മേളനത്തിൽ കോൺഗ്രസിനെ പ്രതിനിധാനം ചെയ്തത്?
(എ) ജവഹർലാൽ നെഹ്റു
(ബി) ഗാന്ധിജി
(സി) ജവഹർലാൽ നെഹ്റുവും ഗാന്ധിജിയും
(ഡി) മൗലാനാ ആസാദും ഗാന്ധിജിയും

71. 1820–1837 കാലയളവിൽ ഛോട്ടാനാഗ്പൂരിൽ അരങ്ങേറിയ കലാപം
(എ) മുണ്ടകലാപം (ബി) കോൾ കലാപം
(സി) സാന്താൾ കലാപം (ഡി) കൂക്ക കലാപം

72. തിങ്കതിയ്യ സമ്പ്രദായത്തിനെതിരെ ഗാന്ധിജി സംഘടിപ്പിച്ച പ്രക്ഷോഭം
(എ) ചമ്പാരൻ (ബി) ദണ്ഡി മാർച്ച്
(സി) വ്യക്തിസത്യാഗ്രഹം (ഡി) ഖേദ സത്യാഗ്രഹം

73. 'ഇതോടെ ഞാൻ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അടിത്തറ ഇളക്കുകയാണ്"- ഏതവസരത്തിലാണ് ഗാന്ധിജി ഇപ്രകാരം പറഞ്ഞത്?
(എ) ക്വിറ്റിന്ത്യാ പ്രസ്ഥാനം
(ബി) ഉപ്പു സത്യാഗ്രഹം
(സി) വ്യക്തി സത്യാഗ്രഹം
(ഡി) നിസ്സഹകരണ പ്രസ്ഥാനം

74. ബേതൂൺ സ്കൂൾ താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ന്യനപക്ഷങ്ങളുടെ വിദ്യാഭ്യാസം
(ബി) അധഃസ്ഥിതവിഭാഗത്തിന്റെ വിദ്യാഭ്യാസം
(സി) സ്ത്രീ വിദ്യാഭ്യാസം
(ഡി) ഉന്നത വിദ്യാഭ്യാസത്തിന്റെ പരിഷ്കരണം

75. ഏത് കലാപമാണ് ആനന്ദമഠം എന്ന നോവലിന്റെ പശ്ചാത്തലം
(എ) സന്താൾ കലാപം (ബി) സന്ന്യാസി കലാപം
(സി) മുണ്ട കലാപം (ഡി) പോളിഗാർ കലാപം

76. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത വനിതാപ്രതിനിധികളുടെ എണ്ണം?
(എ) 6 (ബി) 72
(സി) 12 (ഡി) വനിതകൾ പങ്കെടുത്തില്ല

77. ആര്യ മഹിളാ സമാജം സ്ഥാപിച്ചത്
(എ) രമാബായി
(ബി) സരളാദേവി ചൗധുറാണി
(സി) സരോജിനി നായിഡു
(ഡി) ദുർഗാബായ് ദേശ്മുഖ്

78. ഇന്ത്യക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതിനുവേണ്ടിയുള്ള ഡിക്കി ബേർഡ് പദ്ധതി തയ്യാറാക്കിയതാര്?
(എ) ജവഹർലാൽ നെഹ്റു
(ബി) മുഹമ്മദലി ജിന്ന
(സി) മഹാത്മാഗാന്ധി (ഡി) മൗണ്ട്ബാറ്റൻ പ്രഭു

79. ഏത് തീയതിയിലാണ് ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചത്?
(എ) 1920 ജൂലൈ 9 (ബി) 1920 ജൂൺ 9
(സി) 1920 ഓഗസ്റ്റ് 1 (ഡി) 1920 ഓഗസ്റ്റ് 15

80. സ്വദേശി പ്രസ്ഥാനത്തിന്റെ ഗീതമായിരുന്നത്
(എ) ജനഗണമന
(ബി) സാരെ ജഹാംസെ അഛാ
(സി) വന്ദേമാതരം
(ഡി) രഘുപതി രാഘവ രാജാറാം

81. സൈമൺ കമ്മീഷന്റെ ഔദ്യോഗിക നാമം?
(എ) ഇന്ത്യൻ എഡ്യൂക്കേഷൻ കമ്മീഷൻ
(ബി) ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ
(സി) ഇന്ത്യൻ ലാ കമ്മീഷൻ
(ഡി) റോയൽ കമ്മീഷൻ ഫോർ ഇന്ത്യൻസ്

82. വഹാബി പ്രസ്ഥാനത്തിന്റെ ആസ്ഥാനം
(എ) പാട്ന (ബി) ഡൽഹി
(സി) ലാഹോർ (ഡി) പെഷവാർ

83. 1864ൽ ദേവസമാജം സ്ഥാപിച്ചത് ആരാണ്?
(എ) ഡി.കെ കാർവേ
(ബി) ആത്മാറാം പാണ്ഡുരംഗ്
(സി) ശ്രീധരലു നായിഡു
(ഡി) ശിവനാരായണൻ അഗ്നിഹോത്രി

84. "സൈമൺ ഗോ ബാക്ക്' എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ്?
(എ) ഭഗത്സിങ് (ബി) ലാലാലജ്പത്റായി
(സി) യൂസഫ് മെഹ്റലി (ഡി) ജവഹർലാൽ നെഹ്റു

85. വട്ടമേശ സമ്മേളനം (Round Table Conferences) സംഘടിപ്പിച്ചത് ഏതിന്റെ ശുപാർശ പ്രകാരമാണ്?
(എ) സൈമൺ കമ്മീഷൻ
(ബി) ക്രിപ്സ് മിഷൻ
(സി) ഹണ്ടർ കമ്മീഷൻ (ഡി) ല്യാൾ കമ്മീഷൻ

86. താഴെപ്പറയുന്നവയിൽ കാലക്രമം അനുസരിച്ച് ഒടുവിൽ വരുന്നത് ഏതാണ്?
(എ) ക്യാബിനറ്റ് മിഷൻ പ്ലാൻ
(ബി) ബോംബെ പ്ലാൻ
(സി) വേവൽ പ്ലാൻ
(ഡി) മൗണ്ട് ബാറ്റൻ പ്ലാൻ

87. ഫെറെയ്സി പ്രസ്ഥാനം (1838) നയിച്ചതാര്?
(എ) അല്ലൂരി സീതാറാം രാജു
(ബി) ഹാജി ശരിയത്ത് ഉള്ള
(സി) കൃഷ്ണ ഭാജി പണ്ഡിറ്റ്
(ഡി) ചെന്നമ്മ

88. ഏകാപ്രസ്ഥാനത്തിന്റെ പശ്ചാത്തലം
(എ) പഞ്ചാബ് (ബി) ബംഗാൾ
(സി) മഹാരാഷ്ട്ര (ഡി) ഉത്തർപ്രദേശ്

89. താഴെപ്പറയുന്നവയിൽ കാലക്രമം അനുസരിച്ച് ഒടുവിൽ വരുന്നത്
(എ) ഓഗസ്റ്റ് ഓഫർ (ബി) ക്വിറ്റിന്ത്യാ പ്രസ്ഥാനം
(സി) ക്രിപ്സ് മിഷൻ (ഡി) വ്യക്തി സത്യാഗ്രഹം

90. ബി.എം.മലബാറി ആരംഭിച്ച സേവാസദൻ ഏതു വിഭാഗത്തിന്റെ ക്ഷേമം ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചത്?
(എ) ജൂതർ (ബി) മുസ്ലീങ്ങൾ
(സി) പാഴ്സികൾ (ഡി) ജൈനർ

91. 'രാസ്ത് ഗോഫ്തർ' എന്ന പ്രസിദ്ധീകരണം ഏത് വിഭാഗത്തിന്റെ പരിഷ്കരണമാണ് ലക്ഷ്യമിട്ടത്?
(എ) സിഖ് (ബി) ജൂതർ
(സി) പാഴ്സി (ഡി) ക്രിസ്ത്യാനികൾ

92. സന്ന്യാസി കലാപത്തിന്റെ പശ്ചാത്തലം
(എ) ഗുജറാത്ത് (ബി) ബീഹാർ
(സി) മഹാരാഷ്ട്ര (ഡി) ബംഗാൾ

93. ആര് നടത്തിയ സ്വാതന്ത്ര്യസമരമാണ് ഉൽഗുലാൻ എന്നറിയപ്പെടുന്നത്?
(എ) മുണ്ട (ബി) സിഖ്
(സി) സന്താൾ (ഡി) നാഗർ

94. എയിക്സ് ലാ ഷാപ്പേൽ ഉടമ്പടി ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഒന്നാം കർണാട്ടിക് യുദ്ധം
(ബി) ഒന്നാം മൈസൂർ യുദ്ധം
(സി) സപ്തവത്സര യുദ്ധം
(ഡി) രണ്ടാം കർണ്ണാട്ടിക് യുദ്ധം

95. ചുവടെപ്പറയുന്നവയെ ശരിയായ രീതിയിൽ ചേരും പടി ചേർക്കുക
A. ദേശബന്ധു 1. സി.ആർ.ദാസ്
B. ദീനബന്ധു 2. സി.എഫ് ആൻഡ്രൂസ്
C. മുക് നായക് 3. സുഭാഷ് ചന്ദ്രബോസ്
D. ദേശ് നായക് 4. ഡോ. അംബേദ്കർ
(എ) A-1, B-2, C-3, D-4 (ബി) A-2, B-1, C-3, D-4
(സി) A-1, B-2, C-4, D-3 (ഡി) A-2, B-1, C-4, D-3

96. ഏതിന്റെ പരാജയത്തെതുടർന്നാണ് ക്വിറ്റിന്ത്യാപ്രമേയം പാസാക്കിയത്?
(എ) ഓഗസ്റ്റ് ഓഫർ (ബി) ക്രിപ്സ് മിഷൻ
(സി) നെഹ്റു റിപ്പോർട്ട് (ഡി) സൈമൺ കമ്മീഷൻ

97. ഗാന്ധിജിയുടെ ആത്മകഥയിൽ പരാമർശിച്ചിരിക്കുന്ന ഏക മലയാളി?
(എ) ബാരിസ്റ്റർ ജി.പി പിള്ള
(ബി) കെ.കേളപ്പൻ
(സി) എ.കെ.ഗോപാലൻ
(ഡി) സർദാർ.കെ.എം പണിക്കർ

98. ചുവടെപ്പറയുന്നവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. ദ്വിരാഷ്ട്ര സിദ്ധാന്തം 1. മുഹമ്മദ് അലി ജിന്ന
B. ജൂൺ തേഡ് പ്ലാൻ 2. മൗണ്ട് ബാറ്റൺ പ്രഭു
C. പതിനൊന്ന് ആവശ്യങ്ങൾ 3. മഹാത്മാഗാന്ധി
D. സി.ആർ.ഫോർമുല 4. സി.രാജഗോപാലചാരി
(എ) A-1, B-2, C-3, D-4 (ബി) A-1, B-2, C-4, D-3
(സി) A-2, B-1, C-3, D-4 (ഡി) A-4, B-3, C-1, D-2

99. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരം വ്യാപിക്കാത്ത പ്രദേശങ്ങൾ ഏതെല്ലാമാണ്?
(എ) ഡൽഹി, ആഗ്ര (ബി) ലക്നൗ, ബറേലി
(സി) പഞ്ചാബ്, ബോംബെ (ഡി) കാൺപൂർ, മീററ്റ്

100. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി സ്ഥാപിച്ചതാര്?
(എ) വാറൻ ഹേസ്റ്റിങ്സ് (ബി) എ.ഒ.ഹ്യൂം
(സി) വില്യം ജോൺസ് (ഡി) മാക്സ് മുള്ളർ

## ഉത്തരങ്ങൾ

1 (ഡി), 2 (ബി), 3 (ബി), 4 (എ), 5 (ഡി), 6 (സി), 7 (ബി), 8 (സി), 9 (ബി), 10 (ബി), 11 (ഡി), 12 (സി), 13 (ബി), 14 (എ), 15 (സി), 16 (സി), 17 (എ), 18 (ഡി), 19 (എ), 20 (സി), 21 (എ), 22 (എ), 23 (ബി), 24 (എ), 25 (ഡി), 26 (സി), 27 (എ), 28 (സി), 29 (ബി), 30 (എ), 31 (ബി), 32 (സി), 33 (ഡി), 34 (ഡി), 35 (സി), 36 (ബി), 37 (ഡി), 38 (ബി), 39 (എ), 40 (ഡി), 41 (ബി), 42 (സി), 43 (സി), 44 (എ), 45 (സി), 46 (എ), 47 (ബി), 48 (സി), 49 (ഡി), 50 (ബി) 51 (എ), 52 (ബി), 53 (ബി), 54 (എ), 55 (ഡി), 56 (ബി), 57 (ഡി), 58 (ഡി), 59 (ബി), 60 (എ), 61 (ഡി), 62 (എ), 63 (ഡി), 64 (ഡി), 65 (ഡി), 66 (ഡി), 67 (ഡി), 68 (എ), 69 (എ), 70 (ബി), 71 (ബി), 72 (എ), 73 (ബി), 74 (സി), 75 (ബി), 76 (ഡി), 77 (എ), 78 (ഡി), 79 (സി), 80 (സി), 81 (ബി), 82 (എ), 83 (ഡി), 84 (സി), 85 (എ), 86 (ഡി), 87 (ബി), 88 (ഡി), 89 (എ), 90 (സി), 91 (ബി), 92 (ഡി), 93 (എ), 94 (എ), 95 (സി), 96 (ബി), 97 (എ), 98 (എ), 99 (സി), 100 (എ)



# ഇന്ത്യൻ ഭരണഘടന

1 ലോക്സഭാതിരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത ആദ്യ പ്രസിഡന്റ്- കെ ആർ നാരായണൻ

2 നിയമത്തിനുമുന്നിൽ എല്ലാവർക്കും തുല്യത ഉറപ്പുവരുത്തുന്ന ഭരണഘടനാ അനുച്ഛേദം- ആർട്ടിക്കിൾ 14

3 നിയമവിരുദ്ധമായ നടപടികൾ കണ്ടാൽ സ്വയം കേസെടുക്കാൻ മജിസ്ട്രേറ്റിന് അധികാരം നൽകുന്ന വകുപ്പ്- സുവോമോട്ടോ

4 നിയമസഭ പാസാക്കിയ ബില്ലുകൾ രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാര്-ഗവർണർ

5 നിയമസഭ പാസാക്കുന്ന നിയമങ്ങൾ ആര് ഒപ്പിടുന്നതോടെയാണ് നിയമമാകുന്നത്-ഗവർണർ

6 നിയമസഭ പിരിച്ചുവിടാൻ ആർക്കാണധികാരമുള്ളത്- ഗവർണർ

7 നിയമസഭ വിളിച്ചുചേർക്കുന്നതാര്-ഗവർണർ

8 നിയമസഭ ചേരാത്ത സമയങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ആർക്കാണ് അധികാരം-ഗവർണർ

9 നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതാര്-ഗവർണർ

10 നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്- ധനമന്ത്രി

11 നിയമസഭാ സ്പീക്കർ രാജി സമർപ്പിക്കേണ്ടതാർക്ക്- ഡപ്യൂട്ടി സ്പീക്കർ

12 സംസ്ഥാന മുഖ്യമന്ത്രി, ലോക്സഭാസ്പീക്കർ, രാഷ്ട്രപതി എന്നീ പദവികൾ വഹിച്ച ഏക വ്യക്തി- നീലം സഞ്ജീവ റെഡ്ഡി

13 സംസ്ഥാന ഭരണം സംബന്ധിച്ച എല്ലാ ഉത്തരവുകളും ആരുടെ പേരിലാണ് പുറപ്പെടുവിക്കുന്നത്- ഗവർണർ

14 നിയമസഭാംഗം അവതരിപ്പിക്കുന്ന ബിൽ എത്ര വായനയിലൂടെ കടന്നു പോകുന്നു- 3

15 ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാജ്യസഭയിലേക്ക് സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക പ്രവർത്തനം എന്നീ രംഗങ്ങളിൽ പ്രഗൽഭരായ 12പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നത് -80-ാം അനുച്ഛേദം

16 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനെ നിയമിക്കുന്നതാര് -സ്പീക്കർ

17 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലെ അംഗസംഖ്യ- 22

18 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായി സാധാരണ നിയമിതനാകുന്നത്- പ്രതിപക്ഷനേതാവ്

19 പഞ്ചായത്ത്രാജ് സംവിധാനത്തിന് ആ പേരു നൽകിയത്- ജവാഹർലാൽ നെഹ്റു

20 പാർലമെന്റിൽ അംഗമല്ലാത്ത ഒരാൾക്ക് പരമാവധി എത്ര കാലം പ്രധാനമന്ത്രി പദത്തിൽ തുടരാം- ആറ് മാസം

21 പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്നത്- ലോക്സഭാസ്പീക്കർ

22 പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനം വിളിച്ചുചേർക്കുന്നത്- രാഷ്ട്രപതി

23 പാർലമെന്റിലെ ഏറ്റവും വലിയ കമ്മിറ്റിയായ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലെ അംഗങ്ങൾ- 30

24 പാർലമെന്റുകളുടെ മാതാവ് എന്നറിയപ്പെടുന്നത്- ബ്രിട്ടൺ

25 പാർലമെന്റ് നടപടി ക്രമങ്ങളിൽ ശൂന്യവേള എന്ന സമ്പ്രദായം ഇന്ത്യയിൽ ആരംഭിച്ച വർഷം - 1962

26 പാർലമെന്റ് മന്ദിരം രൂപകല്പന ചെയ്തത്- ഹെർബർട്ട് ബേക്കർ

27 പാർലമെന്റ് എന്നാൽ ലോക്സഭയും രാജ്യസഭയും ------ ഉം ചേർന്നതാണ്- പ്രസിഡന്റ്

28 പാർലമെന്റ് സമ്മേളിക്കാത്തപ്പോൾ പ്രസിഡന്റ് പുറപ്പെടുവിക്കുന്ന ഉത്തരവ്- ഓർഡിനൻസ്

29 പുതിയ അഖിലേന്ത്യാ സർവീസ് രൂപവൽക്കരിക്കാനുള്ള പ്രമേയം ആദ്യം അവതരിപ്പിക്കപ്പെടേണ്ടത്- രാജ്യസഭയിൽ

30 പതിനാലാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശം-പുതുച്ചേരി

31 പശ്ചിമബംഗാളിലെ ഗവൺമെന്റ് സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ പേര്- റൈറ്റേഴ്സ് ബിൽഡിങ്

32 പദവിയിലിരിക്കെ അന്തരിച്ച ആദ്യത്തെ ലോക്സഭാ സ്പീക്കർ- ജി.വി.മാവ്‌ലങ്കർ

33 ഫിനാൻസ് കമ്മിഷൻ ചെയർമാനെ നിയമിക്കുന്നതാര് - പ്രസിഡന്റ്

34 ഭരണഘടന പ്രകാരം ഗവർണറുടെ അഭാവത്തിൽ ചുമതലകൾ നിർവഹിക്കുന്നത്- ഹൈക്കോടതി ചീഫ് ജസ്റ്റിസ്

35 ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങൾ- 6

36 ഭരണഘടന എന്ന ആശയം ഏതു രാജ്യത്താണ് ഉരുത്തിരിഞ്ഞത്- ബ്രിട്ടൺ

37 ഭരണഘടനപ്രകാരം ഇന്ത്യയിൽ നിർവഹണാധികാരം ആരിൽ നിക്ഷിപ്തമായിരിക്കുന്നു- പ്രസിഡന്റ്

38 ഭരണഘടനപ്രകാരം ഇന്ത്യയിൽ യഥാർഥ നിർവഹണാധികാരം നിക്ഷിപ്തമായിരിക്കുന്നത്- ക്യാബിനറ്റിൽ

39 ഭരണഘടനയിൽ ഇപ്പോൾ ഉള്ള പട്ടികകൾ-12

40 ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ-11

41 ഭരണഘടനയുടെ 52-ാം ഭേദഗതിയിലൂടെ(1985) രാഷ്ട്രീയക്കാരുടെ കൂറുമാറ്റത്തിനും അതുവഴി പാർട്ടികളുടെ പിളർപ്പിനും നിയന്ത്രണം കൊണ്ടുവന്ന ഇന്ത്യൻ പ്രധാനമന്ത്രി- രാജീവ്ഗാന്ധി

42 ഭരണഘടനയുടെ 73ാം ഭേദഗതി എത്രാമത്തെ ഭാഗത്താണ് ഉൾപ്പെടുത്തിയിരിക്കുന്നത്- 11

43 ഭരണഘടനയുടെ അനുച്ഛേദം 352 പ്രകാരം പ്രസിഡന്റ് ആദ്യമായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച വർഷം - 1962

44 ഭരണഘടനയുടെ മനഃസ്സാക്ഷി എന്നറിയപ്പെടുന്നത്- ആർട്ടിക്കിൾ 19

45 ഭരണഘടനയുടെ ആമുഖം ഇതുവരെ എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട് - ഒന്ന്

46 ഭരണഘടനയുടെ എത്രാമത്തെ പട്ടികയിലാണ് പഞ്ചായത്ത് രാജിനെ ഉൾപ്പെടുത്തിയിരിക്കുന്നത്- 11

47 ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് മൗലികാവകാശങ്ങൾ ചേർത്തിരിക്കുന്നത്- 3

48 ഭരണഘടനയുടെ എത്രാമത്തെ അനുച്ഛേദമാണ് സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണ് ഇന്ത്യ എന്നു പ്രസ്താവിക്കുന്നത്- ഒന്ന്

49 ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് ഭാഷാടിസ്ഥാനത്തിലുള്ള പുനസ്സംഘടന നടന്നത്- 7

50 ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് സോഷ്യലിസ്റ്റ്, സെക്കുലർ എന്നീ പദങ്ങൾ കൂട്ടിച്ചേർത്തത്- 42

51 ഭരണഘടനയുടെ ഏതു വകുപ്പ് അനുസരിച്ചാണ് കേന്ദ്രസർക്കാരിൻെറ നിർവഹണാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്- 53-ാം വകുപ്പ്

52 ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത്- 123

53 ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു കൂട്ടുന്നത്- 108

54 ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങളിൽ ഒരിന്ത്യൻ പൗരന് ഹൈക്കോടതിയെ സമീപിക്കാവുന്നത്- 226

55 ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി ആംഗ്ലോ- ഇന്ത്യൻ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത്- 331

56 ഭരണഘടനയുടെ ഏത് ഭേദഗതിയിലൂടെയാണ് സ്ത്രീകൾക്ക് 33% സംവരണം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയത്- 73,74

57 ഭരണഘടനയുടെ ഒന്നാം ഭേദഗതിയിലൂടെ കൂട്ടിച്ചേർത്ത പട്ടിക- ഒമ്പതാം പട്ടിക

58 ഭരണഘടനയുടെ ഹൃദയവും ആത്മാവുംഎന്ന് ഡോ. അംബേദ്കർ വിശേഷിപ്പിച്ചത്- ആർട്ടിക്കിൾ 32

59 ഭരണഘടനയുടെ താക്കോൽ എന്നറിയപ്പെടുന്നത്- ആമുഖം

60 ഭരണഘടനാ നിർമാണസഭ ഇന്ത്യൻ ഭരണഘടന അംഗീകരിച്ച തീയതി- 1949 നവംബർ 26

61 ഭരണഘടനാ നിർമാണസഭയിൽ ഒബ്ജക്ടീവ് റെസൊലൂഷൻ അവതരിപ്പിച്ചത്- ജവാഹർലാൽ നെഹ്റു

62 ഭരണഘടനാ നിർമാണസഭയിലെ ഏറ്റവും പ്രായം കൂടിയ അംഗം- സച്ചിദാനന്ദ സിൻഹ

63 ഭരണഘടനാ നിർമാണസഭയുടെ താത്കാലിക അധ്യക്ഷൻ- സച്ചിദാനന്ദ സിൻഹ

64 ഭരണഘടനാ വ്യവസ്ഥ പ്രകാരം രാജ്യസഭയുടെ പരമാവധി അംഗസംഖ്യ- 250

65 ഭരണഘടനാനിർമാണസഭ രൂപവൽക്കരിക്കപ്പെട്ട തീയതി- 1946 ഡിസംബർ 6

66 ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ- രാജേന്ദ്ര പ്രസാദ്

67 ഭരണഘടനാപരമായ പരിഹാരങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിട്ടുകളുടെ എണ്ണം - അഞ്ച്

68 ഭരണഘടനാഭേദഗതികളെപ്പറ്റി പ്രതിപാദിക്കുന്ന വകുപ്പ്- 368

69 ഭാരത സർക്കാരിന്റെ എല്ലാ പ്രവൃത്തികളും ആരുടെ പേരിലാണ് നടത്തുന്നത്- രാഷ്ട്രപതി

70 പ്രധാനമന്ത്രി, മന്ത്രിസഭാംഗങ്ങൾ, സുപ്രീംകോടതി- ഹൈക്കോടതി ജഡ്ജിമാർ, ഗവർണർ,കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ,അറ്റോർണി ജനറൽ,ഇലക്ഷൻ കമ്മിഷണർമാർ എന്നിവരെ നിയമിക്കുന്നത്- പ്രസിഡന്റ്

71 പ്രസിഡന്റിനെ പദവിയിൽ നിന്ന് നീക്കംചെയ്യുന്ന നടപടി- ഇംപീച്ച്മെന്റ്

72 പ്രസിഡന്റുഭരണം നിലവിൽവന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം- പഞ്ചാബ്

73 പ്രസിഡന്റും ക്യാബിനറ്റും തമ്മിലുള്ള കണ്ണി എന്നറിയപ്പെടുന്നത്- പ്രധാനമന്ത്രി

74 ഗ്രാമപഞ്ചായത്തുകളുടെ രൂപവത്കരണം പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- ആർട്ടിക്കിൾ 40

75 ഗ്രാമസഭകൾ നിലവിൽവന്ന ഭരണഘടനാ ഭേദഗതി - 73

76 1976ൽ ഭരണഘടനയുടെ 42-ാം ഭേദഗതിയിലൂടെ ലോക്സഭയുടെ കാലാവധി എത്ര വർഷമായി ഉയർത്തി- 6

77 2014 ലെ നില പ്രകാരം ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിലുള്ള ഭാഷകളുടെ എണ്ണം - 22

78 60ൽ കുറവ് അംഗസംഖ്യയുള്ള നിയമസഭയുള്ള സംസ്ഥാനങ്ങൾ- സിക്കിം, ഗോവ, മിസോറാം

79 അധികാരസ്ഥാനത്തെക്കൊണ്ട് ഒരു പൊതു കർത്തവ്യം നടപ്പിലാക്കിക്കിട്ടാൻ പുറപ്പെടുവിക്കുന്ന കല്പന - മാൻഡാമസ്

80 മധ്യപ്രദേശ് ഹൈക്കോടതിയുടെ ആസ്ഥാനം- ജബൽപൂർ

81 സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുന്നതാര് -ഗവർണർ

82 മന്ത്രിസഭ പിരിച്ചുവിടാൻ ആർക്കാണധികാരമുള്ളത്- ഗവർണർ

83 മന്ത്രിസഭാംഗങ്ങളുടെ എണ്ണത്തിന്റെ കണക്ക് നിശ്ചയിക്കുന്നത്- ഭരണഘടന

84 അഞ്ചുതരം റിട്ടുകളെക്കുറിച്ച് പ്രതിപാദിക്കുന്നത്- ആർട്ടിക്കിൾ 32

85 അൺടച്ചബിലിറ്റി ഒഫൻസസ് ആക്ട് പാർലമെന്റ് പാസാക്കിയ വർഷം- 1955

86 അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ചിഹ്നം- രണ്ടില

87 അയിത്ത നിർമാർജനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ്- 17

88 അയിത്തോച്ചാടനനിയമം പാർലമെന്റ് പാസാക്കിയ വർഷം-1955

89 അഖിലേന്ത്യാ സർവീസിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നത്- പ്രസിഡന്റ്

90 മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകുന്നതാര്-ഗവർണർ

91 മൂന്ന് ഭരണഘടകങ്ങളുടെ ആസ്ഥാനമായ ഏക ഇന്ത്യൻ നഗരം - ചണ്ഡിഗഢ്

92 മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ മന്ത്രിസ

ഭയ്ക്കുവേണ്ടി ആരാണ് കൈകാര്യം ചെയ്യുന്നത്-മുഖ്യമന്ത്രി
93 അറ്റോർണി ജനറലിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാഅനുച്ഛേദം- ആർട്ടിക്കിൾ 76
94 മൗലിക കടമകളെ ഭരണഘടനയുടെ ഭാഗമാക്കിയത് എത്രാമത്തെ ഭേദഗതിയിലൂടെയാണ്- 42
95 മൗലികാവകാശങ്ങൾ നടപ്പാക്കാൻ സുപ്രീം കോടതി എന്താണ് പുറപ്പെടുവിക്കുന്നത്- റിട്ട്
96 അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നതാര്- ഗവർണർ
97 മണി ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകുന്നതാര്-ഗവർണർ
98 മണിബില്ലിനെക്കുറിച്ച് പ്രതിപാദിക്കുന്നത്- ആർട്ടിക്കിൾ 110
99 മതിയായ പ്രാതിനിധ്യമുറപ്പാക്കാൻ നിയമസഭയിലേക്ക് ആംഗ്ലോ ഇന്ത്യൻ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ ആർക്കാണ് അധികാരം?-ഗവർണർ
100 ആന്തമാൻ നിക്കോബാർ ദ്വീപസമൂഹത്തിന്റെ ഭരണത്തലവൻ- ലഫ്റ്റനന്റ് ഗവർണർ
101 ആരുടെ നിർദ്ദേശപ്രകാരമാണ് ഗവർണർ സംസ്ഥാന മന്ത്രിസഭാംഗങ്ങളെ നിയമിക്കുന്നത് -മുഖ്യമന്ത്രി
102 ആരുടെ ഉപദേശപ്രകാരമാണ് ഗവർണർ നിയമസഭ പിരിച്ചുവിടുന്നത്-മുഖ്യമന്ത്രി
103 ആരുടെ ശിപാർശപ്രകാരമാണ് പ്രസിഡന്റ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത്- ക്യാബിനറ്റ്
104 ആസൂത്രണ കമ്മിഷൻ നിലവിൽ വന്ന വർഷം- 1950
105 ആസൂത്രണ കമ്മിഷന്റെ അധ്യക്ഷൻ- പ്രധാനമന്ത്രി
106 ആസൂത്രണകമ്മിഷന്റെ ആദ്യ അധ്യക്ഷൻ- ജവാഹർലാൽ നെഹ്റു
107 ആസൂത്രണകമ്മിഷന്റെ ആദ്യ ഉപാധ്യക്ഷൻ-ഗുൽസരിലാൽ നന്ദ
108 യു.പി.എസ്.സി.സ്ഥാപിതമായ വർഷം- 1950
109 യു.പി.എസ്.സി.ചെയർമാനെ നിയമിക്കുന്നതാര്- പ്രസിഡന്റ്
110 യൂണിഫോം സിവിൽ കോഡിനെപ്പറ്റി പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- 44
111 യൂണിഫോം സിവിൽ കോഡ് നിലവിലുള്ള ഏക ഇന്ത്യൻ സംസ്ഥാനം- ഗോവ
112 യൂണിവേഴ്സൽ അഡൽറ്റ് ഫ്രാഞ്ചൈസിയിലൂടെ (സാർവത്രിക പ്രായപൂർത്തി വോട്ടവകാശം) ഉറപ്പാക്കപ്പെടുന്നത്- രാഷ്ട്രീയ സ്വാതന്ത്ര്യം
113 ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് പ്രാതിനിധ്യമില്ലെങ്കിൽ രാഷ്ട്രപതിക്ക് എത്ര അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാം-2
114 ഇന്ത്യ പരമാധികാര റിപ്പബ്ളിക് ആയത്- 1950 ജനുവരി 26
115 ഇന്ത്യൻ പാർലമെന്റിന് എത്ര സഭകളുണ്ട്-2
116 ഇന്ത്യൻ പാർലമെന്റിൽ ഏതു സഭയിലാണ് അംഗമല്ലാത്ത ഒരാൾ അധ്യക്ഷത വഹിക്കുന്നത്- രാജ്യസഭ
117 ഇന്ത്യൻ പാർലമെന്റിൽ ഗവൺമെന്റിന്റെ മുഖ്യവക്താവ്- പ്രധാനമന്ത്രി
118 ഇന്ത്യൻ പാർലമെന്റിന്റെ മൂന്നു ഘടകങ്ങൾ- ലോക്സഭ, രാജ്യസഭ, രാഷ്ട്രപതി
119 ഇന്ത്യൻ പാർലമെന്റിന്റെ അധോസഭ എന്നറിയപ്പെടുന്നത്- ലോക്സഭ
120 ഇന്ത്യൻ പാർലമെന്റിന്റെ ആദ്യത്തെ സംയുക്ത സമ്മേളനം- 1961
121 ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭ എന്നറിയപ്പെടുന്നത്- രാജ്യസഭ
122 ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും പ്രധാനപ്പെട്ടതും ദൈർഘ്യം കൂടിയതുമായ സെഷൻ -ബഡ്ജറ്റ് സെഷൻ
123 ഇന്ത്യൻ പാർലമെന്റ് സ്ഥിതി ചെയ്യുന്നത് എവിടെ - ന്യൂഡൽഹിയിൽ
124 ഇന്ത്യൻ പൗരത്വം എത്ര രീതിയിൽ നഷ്ടപ്പെടാം- 3
125 ഇന്ത്യൻ ഭരണഘടന നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന ഭരണഘടനാ ഷെഡ്യൂളുകളുടെ എണ്ണം- 8
126 ഇന്ത്യൻ ഭരണഘടന നിലവിൽവന്ന തീയതി- 1950 ജനുവരി 26
127 ഇന്ത്യൻ ഭരണഘടന പ്രകാരം മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന വകുപ്പ്- 25
128 ഇന്ത്യൻ ഭരണഘടന പ്രകാരം സംസാരസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന വകുപ്പ്- 19
129 ഇന്ത്യൻ ഭരണഘടന എത്ര രീതിയിൽ ഭേദഗതി ചെയ്യാം- 3
130 ഇന്ത്യൻ ഭരണഘടന എത്ര തരം പൗരത്വം വ്യവസ്ഥ ചെയ്യുന്നു- ഒന്ന്
131 ഇന്ത്യൻ ഭരണഘടനയിൽ ബാലവേല നിരോധിക്കുന്ന അനുച്ഛേദം- 24
132 ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്ത്വങ്ങളെ 1935ലെ ഗവ.ഓഫ് ഇന്ത്യ ആക്ടിലെ ഇൻസ്ട്രുമെന്റ് ഓഫ് ഇൻസ്ട്രക്ഷൻസുമായി താരതമ്യപ്പെടുത്തിയതാര്-ബി.ആർ.അംബേദ്കർ
133 ഇന്ത്യൻ ഭരണഘടനയിലെ ഏത് ലിസ്റ്റിലാണ് വിദ്യാഭ്യാസം- കൺകറന്റ്
134 ഇന്ത്യൻ ഭരണഘടനയുടെ ആമുഖം (പീഠിക) തയ്യാറാക്കിയത്- ജവാഹർലാൽ നെഹ്റു
135 ഇന്ത്യൻ ഭരണഘടനയുടെ രക്ഷാധികാരി എന്നറിയപ്പെടുന്നത്- സുപ്രീം കോടതി
136 കേന്ദ്രഭരണപ്രദേശങ്ങളിൽനിന്ന് ലോക്സഭയിൽ പരമാവധി എത്ര അംഗങ്ങളാകാം- 20
137 ഇന്ത്യൻ പ്രസിഡന്റിനെ തൽസ്ഥാനത്തുനിന്നും നീക്കാനുള്ള വ്യവസ്ഥ പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- 61
138 ഇന്ത്യൻ പ്രസിഡന്റിൻെറ സ്ഥാനത്തെ ഏതു രാജ്യത്തിൻെറ ഭരണത്തലവനുമായിട്ടാണ് സാധാരണമായി താരതമ്യം ചെയ്യുന്നത് -ബ്രിട്ടൺ
139 ഇന്ത്യൻ പ്രസിഡന്റ് അധികാരമേൽക്കുമ്പോൾ സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്- സുപ്രീം കോടതി ചീഫ് ജസ്റ്റിസ്
140 ഇന്ത്യൻ യൂണിയനിലെ ഏറ്റവും ചെറിയ ജില്ല- മാഹി
141 ഇന്ത്യൻ യൂണിയന്റെ എക്സിക്യുട്ടീവ് തലവൻ- പ്രസിഡന്റ്
142 കേന്ദ്ര പൊതുബജറ്റ് അവതരിപ്പിക്കുന്ന ദിവസം- ഫിബ്രവരിയിലെ അവസാനത്തെ പ്രവൃത്തി ദിവസത്തിൽ
143 ഇന്ത്യൻ വൈസ് പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത്- പാർലമെന്റിലെ എല്ലാ അംഗങ്ങളും
144 ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ട ആദ്യ സംസ്ഥാനം- ആന്ധ്രാപ്രദേശ് (1953 ഒക്ടോബർ 1)
145 ഇന്ത്യയിൽ മികച്ച പാർലമെന്റേറിയനുള്ള അവാർഡ് നൽകുന്നത് ഏത് നേതാവിന്റെ പേരിലാണ്- ജി.ബി. പന്ത്
146 ഇന്ത്യയിൽ മൗലികാവകാശങ്ങളുടെ രക്ഷാധികാരി- ജുഡീഷ്യറി
147 ഇന്ത്യയിൽ യഥാർഥ നിർവഹണാധികാരം വിനിയോഗിക്കുന്നത് - കേന്ദ്ര മന്ത്രിസഭ
148 ഇന്ത്യയിൽ എത്ര വർഷം കൂടുമ്പോഴാണ് ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത്- അഞ്ചുവർഷം
149 ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസംബ്ലി,ലജിസ്ലേറ്റീവ് കൗൺസിൽ, ലോക്സഭാ, രാജ്യസഭാ സീറ്റുകൾ ഉള്ള സംസ്ഥാനം- ഉത്തർപ്രദേശ്
150 ഇന്ത്യയിൽ ക്യാബിനറ്റ് മീറ്റിങ്ങിൽ അധ്യക്ഷത വഹിക്കുന്നത്- പ്രധാനമന്ത്രി
151 ഇന്ത്യയിൽ ക്യാബിനറ്റ് സെക്രട്ടറിയുടെ കാലാവധി എത്ര വർഷം- 3
152 ഇന്ത്യയിൽ സുപ്രീം കോടതിയുടെ ആസ്ഥാനം- ന്യൂഡൽഹി
153 ഇന്ത്യയിലാദ്യമായി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച പ്രസിഡന്റ്- ഡോ. രാധാകൃഷ്ണൻ
154 ഇന്ത്യയിലെ പരമോന്നത നീതിപീഠം- സുപ്രീംകോടതി
155 ഇന്ത്യയിലെ പാർലമെന്ററി സംവിധാനം ഏതു രാജ്യത്തേതിനോടാണ് സാദൃശ്യം- ബ്രിട്ടൺ
156 ഇന്ത്യയിലെ പ്രതിരോധ സേനകളുടെ പരമാധിപത്യം ആരിൽ നിക്ഷിപ്തമായിരിക്കുന്നു- രാഷ്ട്രപതി
157 ഇന്ത്യയിലെ പ്രഥമ പൗരൻ എന്നു വിശേഷിപ്പിക്കപ്പെടുന്നത്- ഇന്ത്യൻ പ്രസിഡന്റ്
158 ഇന്ത്യയിലെ ഏറ്റവും ഉന്നതമായ അപ്പീൽക്കോടതി- സുപ്രീം കോടതി
159 സാമ്പത്തിക അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- ആർട്ടിക്കിൾ 360
160. ഇന്ത്യയിൽ പ്രസിഡന്റുഭരണം നിലവിൽവന്ന ആദ്യ സംസ്ഥാനം- പഞ്ചാബ്
161. ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനാ വകുപ്പ്- 370
162. സംസ്ഥാന സർവകലാശാലകളുടെ വൈസ് ചാൻസലർമാരെ നിയമിക്കുന്നതാരാണ്-ഗവർണർ
163 ഇന്ത്യയിലെ ഹൈക്കോടതികളിൽ ഏറ്റവും കൂടുതൽ ജഡ്ജിമാരുള്ളത്- അലഹബാദ്
164 ഇന്ത്യയുടെ രാഷ്ട്രീയജാതകം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭരണഘടനാഭാഗം- ആമുഖം
165 ലോക്സഭയിലും രാജ്യസഭയിലും അംഗമായ മലയാളി വനിത-അമ്മു സ്വാമിനാഥൻ
166 രാഷ്ട്രപതി നിവാസ് എവിടെയാണ് -ഷിംല
167 രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായം-35
168 രാഷ്ട്രപതി, ഉപരാഷ്ട്രപതി, ലോക്സഭാംഗം എന്നിവരുടെ കാലാവധി- അഞ്ചുവർഷം
169 രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ ശിപാർശ ചെയ്യുന്നത്- ഗവർണർ
170 രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്- ഉപരാഷ്ട്രപതി
171 രാഷ്ട്രപതിയെ പദവിയിൽനിന്നും നീക്കം ചെയ്യാനുള്ള നടപടിക്രമം- ഇംപീച്ച്മെന്റ്
172 രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്- പാർലമെന്റിലെ ഇരു സഭകളിലെയും സംസ്ഥാന നിയമസഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
173 രാഷ്ടപതി സ്ഥാനം ഒഴിവുവന്നാൽ ഉപരാഷ്ട്രപതിക്ക് ആ പദവി എത്ര കാലം അലങ്കരിക്കാം- 6 മാസം
174 രാജസ്ഥാൻ ഹൈക്കോടതിയുടെ ആസ്ഥാനം- ജോധ്പൂർ
175 രാജ്യത്താദ്യമായി ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ഏത് പ്രധാനമന്ത്രിയുടെ കാലത്ത് - ഇന്ദിരാ ഗാന്ധി
176 ജനറൽ പർപ്പസ് കമ്മിറ്റി ആരെയാണ് ഉപദേശിക്കുന്നത്-സ്പീക്കർ
177 രാജ്യസഭയുടെ മൂന്നിലൊന്ന് അംഗങ്ങൾ എത്ര വർഷം കൂടുമ്പോഴാണ് വിരമിക്കുന്നത്- 2
178 രാജ്യസഭയുടെ ആദ്യത്തെ അധ്യക്ഷൻ - ഡോ. എസ്. രാധാകൃഷ്ണൻ
179 രാജ്യസഭയുടെ ആദ്യത്തെ ഉപാധ്യക്ഷൻ- എസ്.വി.കൃഷ്ണമൂർത്തി
180 രാജ്യസഭയ്ക്കു തുല്യമായ ഇംഗ്ലീഷ് പേര്- കൗൺസിൽ ഓഫ് സ്റ്റേറ്റ്സ്
181 രാജ്യസഭാംഗങ്ങളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനമുള്ള സംസ്ഥാനം- മഹാരാഷ്ട്ര
182 രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്- സംസ്ഥാന നിയമസഭാംഗങ്ങൾ
183 ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്- ലോക്സഭയിലെയും രാജ്യസഭയിലെയും എല്ലാ അംഗങ്ങളും ചേർന്ന്.
184 സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ - 356
185 എത്ര വർഷത്തിലൊരിക്കലാണ് ഇന്ത്യയിൽ ധനകാര്യ കമ്മിഷനെ നിയമിക്കുന്നത്- 5
186 എത്ര ദിവസത്തിനുള്ളിലാണ് രാജ്യസഭ ഒരു ബിൽ ലോക്സഭയിലേക്ക് പുനപ്പരിഗണനയ്ക്ക് അയയ്ക്കേണ്ടത്- 14
187 എത്രവിധത്തിലുള്ള അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്- മൂന്ന്
188 എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് മൗലിക ചുമതലകൾ കൂട്ടിച്ചേർത്തത്- 42
189 എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ രാഷ്ട്രപതി- നീലം സഞ്ജീവറെഡ്ഡി
190 ഏറ്റവും കൂടുതൽ നിയമസഭാംഗങ്ങളുള്ള സംസ്ഥാനം - ഉത്തർപ്രദേശ്
191 ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള കേന്ദ്ര ഭരണ പ്രദേശം- ഡൽഹി
192 ഏതെങ്കിലും കക്ഷിയുടെ നേതാവിനെ പ്രതിപക്ഷനേതാവായി അംഗീകരിക്കുന്നത്- സ്പീക്കർ
193 ഏതു രാജ്യത്തിന്റെ ഭരണഘടനയാണ് മാതൃകാഭരണഘടനയെന്നു വിശേഷിപ്പിക്കപ്പെടുന്നത്- ബ്രിട്ടൺ
194 സംസ്ഥാനത്ത് അറ്റോർണി ജനറലിനു സമാനമായ പദവി- അഡ്വക്കേറ്റ് ജനറൽ
195 ഒരു ബിൽ നിയമമാകുന്നതിനുമുമ്പ് അത് നിയമസഭയിൽ എത്ര പ്രവശ്യം വായിക്കും- 3
196 വിദ്യാഭ്യാസം മൗലികാവകാശമായി ഭരണഘടനയിൽ വ്യവസ്ഥചെയ്തത് എത്രാമത്തെ ഭേദഗതിയിലൂടെയാണ്- 86
197 ക്യാബിനറ്റിന്റെ സുരക്ഷാ സമിതിയുടെ തലവൻ- പ്രധാനമന്ത്രി
198 ക്യാബിനറ്റ് സമ്മേളിക്കുമ്പോൾ അധ്യക്ഷത വഹിക്കുന്നത്- പ്രധാനമന്ത്രി
199 ഗവർണറെ നിയമിക്കുന്നതാര്- പ്രസിഡന്റ്
200 സാധാരണമായി നിയമസഭയിൽ സഭാനേതാവ് സ്ഥാനം വഹിക്കുന്നത് ആരാണ് -മുഖ്യമന്ത്രി ●

# SYLLABUS FOR PLUS TWO LEVEL COMMON PRELIMINARY EXAMINATION

## ചരിത്രം

1) **കേരളം :** -യൂറോപ്യൻമാരുടെ വരവ് -യൂറോപ്യൻമാരുടെ സംഭാവന-മാർത്താണ്ഡവർമ്മ മുതൽ ശ്രീചിത്തിരതിരുനാൾ വരെ തിരുവിതാംകൂറിന്റെ ചരിത്രം-സാമൂഹ്യ, മത, നവോത്ഥാന പ്രസ്ഥാനങ്ങൾ-കേരളത്തിലെ ദേശീയ പ്രസ്ഥാനങ്ങൾ-കേരള ചരിത്രത്തിന്റെ സാഹിത്യ സ്രോതസ്സുകൾ-ഐക്യകേരള പ്രസ്ഥാനം -1956നു ശേഷമുള്ള കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ചരിത്രം.
2) **ഇന്ത്യ :** മധ്യകാല ഭാരതം-രാഷ്ട്രീയ ചരിത്രം-ഭരണ പരിഷ്കാരങ്ങൾ-സംഭാവനകൾ-ബ്രിട്ടീഷ് ആധിപത്യം-ഒന്നാം സ്വാതന്ത്ര്യസമരം-ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം-സ്വദേശി പ്രസ്ഥാനം-സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ-വർത്തമാനപത്രങ്ങൾ -സ്വാതന്ത്ര്യസമരചരിത്രകാലത്തെ സാഹിത്യവും കലയും- സ്വാതന്ത്ര്യ സമരവും മഹാത്മാഗാന്ധിയും-ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തര കാലഘട്ടം-സംസ്ഥാനങ്ങളുടെ പുന:സംഘടന ശാസ്ത്ര വിദ്യാഭ്യാസ സാങ്കേതിക മേഖലയിലെ പുരോഗതി-വിദേശ നയം -1951നു ശേഷമുള്ള രാഷ്ട്രീയ ചരിത്രം.
3) **ലോകം :** ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം (Great Revolution)- അമേരിക്കൻ സ്വാതന്ത്ര്യ സമരം-ഫ്രഞ്ച് വിപ്ലവം-റഷ്യൻ വിപ്ലവം-ചൈനീസ് വിപ്ലവം-രണ്ടാം ലോക മഹായുദ്ധത്തിന്റെ രാഷ്ട്രീയ ചരിത്രം- ഐക്യരാഷ്ട്രസംഘടന, മറ്റ് അന്താരാഷ്ട്ര സംഘടനകൾ

## ഭൂമിശാസ്ത്രം

1) ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങൾ- ഭൂമിയുടെ ഘടന- അന്തരീക്ഷം -പാറകൾ ഭൗമോപരിതലം-അന്തരീക്ഷ മർദ്ദവും കാറ്റും-താപനിലയും ഋതുക്കളും -ആഗോളപ്രശ്നങ്ങൾ- ആഗോളതാപനം- വിവിധതരം മലിനീകരണങ്ങൾ -മാപ്പുകൾ ടോപ്പോഗ്രാഫിക് മാപ്പുകൾ, അടയാളങ്ങൾ-വിദൂരസംവേദനം-ഭൂമിശാസ്ത്രപരമായ വിവരസംവിധാനം- മഹാസമുദ്രങ്ങൾ- സമുദ്രചലനങ്ങൾ- ഭൂഖണ്ഡങ്ങൾ-ലോകരാഷ്ട്രങ്ങളും അവയുടെ സവിശേഷതകളും
2) ഇന്ത്യ : ഭൂപ്രകൃതി -സംസ്ഥാനങ്ങൾ അവയുടെ സവിശേഷതകൾ-ഉത്തരപർവ്വത മേഖല നദികൾ ഉത്തരമഹാസമതലം-ഉപദ്വീപീയ പീഠഭൂമി-തീരദേശം-കാലാവസ്ഥ-സ്വാഭാവിക സസ്യപ്രകൃതി-കൃഷി- ധാതുക്കളും വ്യവസായവും-ഊർജ്ജസ്രോതസ്സുകൾ- റോഡ്-ജല -റെയിൽ- വ്യോമ ഗതാഗത സംവിധാനങ്ങൾ
3) കേരളം : ഭൂപ്രകൃതി- ജില്ലകൾ, സവിശേഷതകൾ നദികൾ കാലാവസ്ഥ-സ്വാഭാവിക സസ്യപ്രകൃതി - വന്യജീവി - കൃഷിയും ഗവേഷണ സ്ഥാപനങ്ങളും - ധാതുകങ്ങളും വ്യവസായവും-ഊർജ്ജസ്രോതസ്സുകൾ -റോഡ് -ജല-റെയിൽ -വ്യോമ ഗതാഗത സംവിധാനങ്ങൾ

## ധനതത്വശാസ്ത്രവും പൗരധർമ്മവും

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ- ദേശീയ വരുമാനം - പ്രതിശീർഷ വരുമാനം-ഉൽപ്പാദനം-ഇന്ത്യൻ സാമ്പത്തിക ആസൂത്രണം-പഞ്ചവത്സര പദ്ധതികൾ -നീതി ആയോഗ്-വിവിധ ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം-റിസർവ് ബാങ്ക് പൊതുവരുമാന മാർഗ്ഗങ്ങൾ-നികുതി നികുതി ഇതര വരുമാനങ്ങൾ-പൊതു ചെലവ്-ബജറ്റ്-സാമ്പത്തിക നയം.

പൊതു ഭരണം-സവിശേഷതകളും പ്രവർത്തനരീതിയും- ഇന്ത്യൻ സിവിൽ സർവീസ്-സംസ്ഥാന സിവിൽ സർവീസ്-ഇഗവേണൻസ്-വിവരാവകാശ കമ്മീഷനും വിവരാവകാശ നിയമവും-ലോക്പാലും ലോകായുക്തയും- സർക്കാർ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ. തെരഞ്ഞെടുപ്പ് -രാഷ്ട്രീയ പാർട്ടികൾ-മനുഷ്യാവകാശങ്ങൾ-മനുഷ്യാവകാശ സംഘടനകൾ. ഉപഭോക്തൃ സംരക്ഷണ നിയമവും ചട്ടങ്ങളും-തണ്ണീർത്തട സംരക്ഷണം- തൊഴിലും ജോലിയും, ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതികൾ-ഭൂപരിഷ്കരണം-സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ എന്നിവരുടെ സംരക്ഷണം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം-സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവര കണക്കുകൾ.

## ഇന്ത്യൻ ഭരണഘടന

പ്രതിനിധി സഭ-ആമുഖം-മൗലികാവകാശങ്ങൾ- മാർഗ്ഗനിർദ്ദേശക തത്വങ്ങൾ -മൗലിക കടമകൾ പൗരത്വം -ഭരണഘടനാ ഭേദഗതികൾ-പഞ്ചായത്തീരാജ്- ഭരണഘടനാ സ്ഥാപനങ്ങളും- അവയുടെ ചുമതലകളും -അടിയന്തിരാവസ്ഥ- യൂണിയൻ ലിസ്റ്റ് സ്റ്റേറ്റ് ലിസ്റ്റ് കൺകറന്റ് ലിസ്റ്റ്.

### VI BIOLOGY

1. മനുഷ്യ ശരീരത്തെക്കുറിച്ചുള്ള പൊതു അറിവ്
2. ജീവകങ്ങളും അപര്യാപ്തതാ രോഗങ്ങളും
3. രോഗങ്ങളും രോഗകാരികളും
4. കേരളത്തിലെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ
5. കേരളത്തിലെ പ്രധാന ഭക്ഷ്യ, കാർഷിക വിളകൾ
6. കാർഷിക ഗവേഷണ കേന്ദ്രങ്ങൾ
7. വനങ്ങളും വനവിഭവങ്ങളും
8. പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും

### VII PHYSICS & CHEMISTRY

1. ദ്രവ്യവും പിണ്ഡവും
2. പ്രവൃത്തിയും ശക്തിയും
3. ഊർജ്ജവും അതിന്റെ പരിവർത്തനവും
4. താപവും ഊഷ്മാവും
5. പ്രകൃതിയിലെ ചലനങ്ങളും ബലങ്ങളും
6. ശബ്ദവും പ്രകാശവും
7. സൗരയൂഥവും സവിശേഷതകളും
8. ആറ്റവും ആറ്റത്തിന്റെ ഘടനയും
9. അയിരുകളും ധാതുക്കളും
10. മൂലകങ്ങളും അവയുടെ വർഗീകരണവും
11. ഹൈഡ്രജനും ഓക്സിജനും
12. രസതന്ത്രം ദൈനംദിന ജീവിതത്തിൽ

### VIII COMPUTER SCIENCE

**Basics of Computer**

- **Hardware**
  - Input Devices (Names and uses)
  - Output Devices (Names and uses/features)
  - Memory devices - Primary and Secondary (Examples, Features)
- **Software**
  - Classification System software and Application software
  - Operating System - Functions and examples
  - Popular Application software packages Word processors, Spreadsheets, Database packages, Presentation, Image editors (Uses, features and fundamental concepts of each)
  - Basics of programming - Types of intsructions (Input, Output, Store, Control transfer) **(Languages need not be considered)**
- **Computer Networks**
  - Types of networks LAN, WAN, MAN (Features and application area)
  - Network Devices Media, Switch, Hub, Router, Bridge, Gateway (Uses of each)
- **Internet**
  - Services WWW, E-mail, Search engines (Examples and purposes)
  - Social Media (Examples and features)
  - Web Designing Browser, HTML (Basics only)
- **Cyber Crimes and Cyber Laws**
  - Types of crimes (Awareness level)
  - It Act and other laws (Awareness level)

### IX ARTS, SPORTS & LITERATURE

## കല

1. കേരളത്തിലെ പ്രധാന ദൃശ്യശ്രാവ്യകലകൾ ഇവയുടെ ഉദ്ഭവം, വ്യാപനം, പരിശീലനം എന്നിവകൊണ്ട്
   - പ്രശസ്തമായ സ്ഥലങ്ങൾ
   - പ്രശസ്തമായ സ്ഥാപനങ്ങൾ
   - പ്രശസ്തരായ വ്യക്തികൾ
   - പ്രശസ്തരായ കലാകാരൻമാർ
   - പ്രശസ്തരായ എഴുത്തുകാർ

## കായികം

1. കായികരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച കേരളത്തിലേയും ഇന്ത്യയിലേയും ലോകത്തിലേയും പ്രധാന കായികതാരങ്ങൾ, അവരുടെ കായിക ഇനങ്ങൾ, അവരുടെ നേട്ടങ്ങൾ, അവർക്ക് ലഭിച്ചിട്ടുള്ള ബഹുമതികൾ.
2. പ്രധാന അവാർഡുകൾ- അവാർഡ് ജേതാക്കൾ - ഓരോ അവാർഡും ഏതുമേഖലയിലെ പ്രകടനത്തിനാണ് നല്കുന്നത് എന്ന അറിവ്.
3. പ്രധാന ട്രോഫികൾ-ബന്ധപ്പെട്ട മത്സരങ്ങൾ /കായിക ഇനങ്ങൾ.
4. പ്രധാന കായിക ഇനങ്ങൾ-പങ്കെടുക്കുന്ന കളിക്കാരുടെ എണ്ണം.
5. കളികളുമായി ബന്ധപ്പെട്ട പ്രധാന പദങ്ങൾ (Terms)
6. ഒളിമ്പിക്സ് - അടിസ്ഥാന വിവരങ്ങൾ
   - പ്രധാന വേദികൾ/ രാജ്യങ്ങൾ
   - പ്രശസ്തമായ വിജയങ്ങൾ /കായിക താരങ്ങൾ
   - ഒളിമ്പിക്സിൽ ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനങ്ങൾ
   - വിന്റർ ഒളിമ്പിക്സ്
   - പാര ഒളിമ്പിക്സ്
7. ഏഷ്യൻ ഗെയിംസ്, ആഫ്രോ ഏഷ്യൻ ഗയിംസ്, കോമൺവെൽത്ത് ഗെയിംസ്, സാഫ് ഗയിംസ്
   - വേദികൾ
   - രാജ്യങ്ങൾ
   - ഇന്ത്യയുടെ ശ്രദ്ധേയമായ പ്രകടനം
   - ഇതര വസ്തുതകൾ
8. ദേശീയ ഗയിംസ് (National Games)
9. ഗയിംസ് ഇനങ്ങൾ മത്സരങ്ങൾ താരങ്ങൾ, നേട്ടങ്ങൾ
10. ഓരോ രാജ്യത്തിന്റേയും ദേശീയ കായിക ഇനങ്ങൾ/വിനോദങ്ങൾ

## സാഹിത്യം

1. മലയാളത്തിലെ പ്രധാന സാഹിത്യ പ്രസ്ഥാനങ്ങൾ ആദ്യകൃതികൾ, കർത്താക്കൾ
2. ഓരോ പ്രസ്ഥാനത്തിലേയും പ്രധാനകൃതികൾ അവയുടെ കർത്താക്കൾ
3. എഴുത്തുകാർ തൂലികാനാമങ്ങൾ, അപരനാമങ്ങൾ
4. കഥാപാത്രങ്ങൾ കൃതികൾ
5. പ്രശസ്തമായ വരികൾ കൃതികൾ എഴുത്തുകാർ
6. മലയാള പത്രപ്രവർത്തനത്തിന്റെ ആരംഭം, തുടക്കം കുറിച്ചവർ, ആനുകാലികങ്ങൾ
7. പ്രധാനപ്പെട്ട അവാർഡുകൾ/ബഹുമതികൾ അവാർഡിനർഹരായ എഴുത്തുകാർ കൃതികൾ
8. ജ്ഞാനപീഠം നേടിയ മലയാളികൾ അനുബന്ധ വസ്തുതകൾ
9. മലയാള സിനിമയുടെ ഉദ്ഭവം, വളർച്ച, നാഴികക്കല്ലുകൾ, പ്രധാന സംഭാവന നല്കിയവർ, മലയാള സിനിമയും ദേശീയ അവാർഡും.

## സംസ്കാരം

1. കേരളത്തിലെ പ്രധാന ആഘോഷങ്ങൾ, ആഘോഷങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ പ്രശസ്തമായ ഉത്സവങ്ങൾ.
2. കേരളത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, സാംസ്കാരിക നായകർ, അവരുടെ സംഭാവനകൾ

### X CURRENT AFFAIRS

### XI SIMPLE ARITHMETIC & MENTAL ABILITY

**A. ലഘുഗണിതം (Simple Arithmetic)**

1. സംഖ്യകളും അടിസ്ഥാന ക്രിയകളും (Numbers and Basic Operations)
2. ഭിന്നസംഖ്യകളും ദശാംശ സംഖ്യകളും (Fraction and Decimal Numbers)
3. ശതമാനം (Percentage)
4. ലാഭവും നഷ്ടവും (Profit and Loss)
5. സാധാരണ പലിശയും കൂട്ടുപലിശയും (Simple and Compound Interest)
6. അംശബന്ധവും അനുപാതവും (Ratio and Proportion)
7. സമയവും ദൂരവും (Time and Distance)
8. സമയവും പ്രവൃത്തിയും (Time and Work)
9. ശരാശരി (Average)
10. കൃത്യങ്കങ്ങൾ (Laws of Exponents)
11. ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ്, വിസ്തീർണ്ണം, വ്യാപ്തം തുടങ്ങിയവ (Mensuration)
12. പ്രോഗ്രഷനുകൾ (Progressions)

**B. മാനസിക ശേഷി (Mental Abiltiy)**

1. ശ്രേണികൾസംഖ്യാ ശ്രേണികൾ, അക്ഷര ശ്രേണികൾ ('series)
2. ഗണിത ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ (Problems on Mathematical signs)
3. സ്ഥാന നിർണ്ണയ പരിശോധന
4. സമാനബന്ധങ്ങൾ (Analogy) - Word Analogy, Alphabet Analogy, Number Analogy
5. ഒറ്റയാനെ കണ്ടെത്തുക (Odd man out)
6. സംഖ്യാവലോകന പ്രശ്നങ്ങൾ
7. കോഡിങ്ങും ഡീകോഡിംഗും (Coding and De coding)
8. കുടുംബ ബന്ധങ്ങൾ (Family Relations)
9. ദിശാവബോധം (Sense of Direction)
10. കോക്കിലെ സമയവും കോണളവും (Time and Angles)
11. ക്ലോക്കിലെ സമയവും പ്രതിബിംബവും (Time in a clock and its reflection)
12. കലണ്ടറും തീയതിയും (Date and Calendar)
13. ക്ലറിക്കൽ ശേഷി പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ (Clerical Abiltiy)

### XII-General English

**A. English Grammar**

1. Types of Sentences and Interchange of Sentences.
2. Different Parts of Speech.
3. Agreement of Verb and Subject.
4. Confusion of Adjectives and Adverbs.
5. Comparison of Adjectives
6. Adverbs and Position of adverbs
7. Articles - The Definite and the Indefinite Articles.
8. Uses of Primary and Model Auxiliary Verbs
9. Tag Questions
10. Infinitive and Gerunds
11. Tenses
12. Tenses in Conditional Sentences
13. Prepositions
14. The Use of Correlatives
15. Direct and Indirect Speech
16. Active and Passive voice
17. Correction of Sentences

**B. Vocabulary**

1. Singular & Plural, Change of Gender, Collective Nouns
2. Word formation from other words and use of prefix or suffix
3. Compound words
4. Synonyms
5. Antonyms
6. Phrasal Verbs
7. Foreign Words and Phrases
8. One Word Substitutes
9. Words often confused
10. Spelling Test
11. Idioms and their Meanings
12. Translation of a sentence/proverb in to Malayalam

### XIII REGIONAL LANGUAGE

**Malayalam**

1) പദശുദ്ധി
2) വാക്യശുദ്ധി
3) പരിഭാഷ
4) ഒറ്റപദം
5) പര്യായം
6) വിപരീത പദം
7) ശൈലികൾ പഴഞ്ചൊല്ലുകൾ
8) സമാനപദം
9) ചേർത്തെഴുതുക
10) സ്ത്രീലിംഗം പുല്ലിംഗം
11) വചനം
12) പിരിച്ചെഴുതൽ
13) ഘടക പദം (വാക്യം ചേർത്തെഴുതുക)

**Kannada**

1) Word Purtiy / Correct Word
2) Correct Sentence
3) Translation
4) One Word / Single Word / One Word Substitution
5) Synonyms
6) Antonyms
7) Idioms and Proverbs
8) Equivalent Word
9) Join the Word
10) Feminine Gender, Masculine Gender
11) Number
12) Sort and Write

**Tamil**

1) Correct Word
2) Correct Structure of Sentence
3) Translation
4) Single Word
5) Synonyms
6) Antonyms / Opposite
7) Phrases and Proverbs
8) Equal Word
9) Join the Word
10) Gender Classification - Feminine, Masculine
11) Singular, Plural
12) Separate
13) Adding Phrases

# EXAMINATION PROGRAMME FOR THE +2 LEVEL COMMON PRELIMINARY EXAMINATION (FOR SUBMITTING CONFIRMATION)

**TENTATIVE EXAMINATION SCHEDULE**
**SATURDAY 10TH APRIL 2021**
**Confirmation Schedule:**
**For Sl.No.01 to Sl. No.31 – 21.01.2021 to 09.02.2021**
**For Sl.No. 32 & 33 – From 05.02.2021**

**Special Instructions**

1. Syllabus : Detailed syllabus is provided in the KPSC Website
(വിശദമായ സിലബസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)
Mark (മാർക്ക്) : 100
Medium (മാധ്യമം) : Malayalam/Tamil/Kannada (മലയാളം/തമിഴ്/കന്നഡ)
Mode of Examination (പരീക്ഷാ രീതി) : OMR (ഒ.എം.ആർ)
Duration (പരീക്ഷാ ദൈർഘ്യം) : 1 Hour 15 Minutes (1 മണിക്കൂർ 15 മിനിറ്റ്)
6. Candidates who had applied for more than one categories should submit confirmation for each category.
ഒന്നിലധികം തസ്തികകളിലേക്ക് അപേക്ഷിച്ചിരിക്കുന്ന ഉദ്യോഗാർത്ഥികൾ ഓരോ തസ്തികയിലേക്കും സ്ഥിരീകരണം നൽകേണ്ടതാണ്.
7. While submitting confirmation candidates should opt the medium of questions (Malayalam/Tamil/Kannada) and the district for writing the examination. Candidates will be provided with the question paper only according to their medium of option.
പരീക്ഷയ്ക്ക് ഏത് ഭാഷയിലുള്ള ചോദ്യപേപ്പർ ആണ് (മലയാളം/തമിഴ്/കന്നഡ) ആവശ്യമുള്ളത് എന്നും, ഏത് ജില്ലയിലാണ് പരീക്ഷ എഴുതേണ്ടത് എന്നും കൺഫർമേഷൻ നൽകുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ഉദ്യോഗാർത്ഥിയ്ക്കും അവർ തെരഞ്ഞെടുത്ത മാധ്യമത്തിലുള്ള ചോദ്യപേപ്പർ മാത്രമെ ലഭ്യമാകുകയുള്ളൂ.
While selecting the district for writing the examination candidate should ensure to opt the same district as in communication address in their profile. പരീക്ഷ എഴുതുന്നതിനുള്ള ജില്ല തെരഞ്ഞെടുക്കുമ്പോൾ പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള കമ്മ്യൂണിക്കേഷൻ അഡ്രസ്സിലെ ജില്ലതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

**WARNING**

Admission ticket will not be generated for candidates who fail to submit their confirmation on or before the stipulated date and their application for the post mentioned in this programme will be summarily rejected.
നിശ്ചിത സമയംവരെ സ്ഥിരീകരണം രേഖപ്പെടുത്താത്തവർക്ക് ഈ പരീക്ഷാ കലണ്ടറിലെ പരീക്ഷകൾ എഴുതുന്നതിനുള്ള അവസരം ലഭിക്കുന്നതല്ല. കൂടാതെ അവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
The Date and time will be published after the confirmation date is over.
കൺഫർമേഷൻ തീയതി അവസാനിച്ചതിനുശേഷം പരീക്ഷാ തീയതികളും സമയവും പ്രസിദ്ധീകരിക്കുന്നതാണ്.
Candidates who successfully submit their confirmation on or before the prescribed date can download the Admission Tickets through their One Time Registration Profile in the website http://www.keralapsc.gov.in
നിശ്ചിത സമയ പരിധിക്കുള്ളിൽ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽവഴി അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്.

# NAME OF POSTS FOR +2 LEVEL COMMON PRELIMINARY TEST

| Sl No. | Cat. No. | Name of Post & Department | Method of Appointment | Statewide / District Wise |
|---|---|---|---|---|
| 1 | 120/2019 | CIVIL EXCISE OFFICER (Excise) | NCA-OTHER BACKWARD COMMUNITY | MALAPPURAM |
| 2 | 121/2019 | CIVIL EXCISE OFFICER (Excise) | NCA-HINDU NADAR | ERNAKULAM |
| 3 | 139/2019 | FIREMAN (TRAINEE) {Fire and Rescue Services} | Direct | STATEWIDE |
| 4 | 270/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR E/T/B | KOLLAM |
| 5 | 271/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR SC | KASARGODE |
| 6 | 272/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR ST | MALAPPURAM |
| 7 | 273/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR MUSLIM | IDUKKI |
| 8 | 274/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA SIUC NADAR | IDUKKI |
| 9 | 359/2019 | FIREMAN (TRAINEE) {Fire and Rescue Services} | NCA FOR SCCC | STATEWIDE |
| 10 | 465/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR MUSLIM | KLM, KTM, TSR, KNR |
| 11 | 466/2019 | WOMEN CIVIL EXCISE OFFICER {Excise} | NCA FOR SC | ALP |
| 12 | 530/2019 | POLICE CONSTABLE (APB) (POLICE) | Direct | TVM, PTA, IDK, EKM TSR, MPM, KSGD |
| 13 | 538/2019 | CIVIL EXCISE OFFICER (TRAINEE) (Excise) | Direct | TVM, KLM, PTA, ALP,KTM, IDK, EKM, TSR, PLKD, MPM, KKD, WYD,KNR, KSGD |
| 14 | 539/2019 | CIVIL EXCISE OFFICER (TRAINEE) (Excise) | By Transfer | KLM, PTA, ALP, KSGD |
| 15 | 550/2019 | OFFICE SUPERINTENDENT (Kerala Public Service Commission) | SR FOR SC/ST | STATEWIDE |
| 16 | 035/2020 | COMPUTER ASSISTANT GR.II (Kerala Administrative Tribunal) | Direct | STATEWIDE |
| 17 | 045/2020 | CIVIL EXCISE OFFICER (TRAINEE) {Excise} | Direct - NCA FOR SCCC | PLKD, MLPM |
| 18 | 066/2020 | TYPIST CLERK (FOR DA-ORTHO MODERATE CANDIDATES ONLY) {Travancore Cochin Chemicals Ltd.} | Direct | STATEWIDE |
| 19 | 073/2020 | WOMEN POLICE CONSTABLE (WOMEN POLICE BATTALION) {Police(kerala Police Subordinate Service)} | SR FROM ST ONLY | STATEWIDE |
| 20 | 094/2020 | CIVIL POLICE OFFICER (WOMAN POLICE BATTALION) {POLICE} | Direct | STATEWIDE |
| 21 | 124/2020 | BEAT FOREST OFFICER {Forest} | NCA FOR SCCC | PATHANAMTHITTA |
| 22 | 151/2020 | STENOGRAPHER {Kerala Tourism Development Corpn. Ltd.} | Direct | STATEWIDE |
| 23 | 245/2020 | FIREWOMAN (TRAINEE) {Fire and Rescue Services} | Direct | TVM,KLM, PTA, ALP, KTM, IDK, EKM, TSR, PKD, MPM, KKD, WYD, KNR, KSGD |
| 24 | 251/2020 | POLICE CONSTABLE (ARMED POLICE BATTALION) {Kerala Police Service} | SR FROM ST ONLY | TVPM, PTA, IDK, EKM TSR, MLPM, KSGD |
| 25 | 253/2020 | CONFIDENTIAL ASSISTANT GRADE II {Various} | SR FOR ST ONLY | PLKD, MLPM |
| 26 | 274/2020 | INSPECTING ASSISTANT {Legal Metrology} | Direct | STATEWIDE |
| 27 | 290/2020 | CONFIDENTIAL ASSISTANT (Selection grade) {Land Revenue} | SR FOR SC ONLY | STATEWIDE |
| 28 | 330/2020 | OFFICE ASSISTANT {Kerala Tourism Development Corpn. Ltd.} | Direct | STATEWIDE |
| 29 | 340/2020 | POLICE CONSTABLE (ARMED POLICE BATTALION) {Kerala Police Service} | SR FROM SC/STONLY | TVPM, PTA, IDK, EKM TSR, MLPM, KSGD |
| 30 | 357/2020 | POLICE CONSTABLE (ARMED POLICE BATTALION) { POLICE} | NCA FOR SCCC | THIRUVANANTHAPURAM |
| 31 | 358/2020 | POLICE CONSTABLE (ARMED POLICE BATTALION) { POLICE} | NCA FOR DHEEVARA | THIRUVANANTHAPURAM |
| 32 | 407/2020 | ARMED POLICE ASSISTANT SUB INSPECTOR {Kerala Police Service (Armed Police Battalion)} | SR FOR ST ONLY | STATEWIDE |
| 33 | 499/2020 | ASSISTANT SUB INSPECTOR {Kerala Police Service} | SR FOR ST ONLY | STATEWIDE |

## പൊതുപ്രാഥമിക പരീക്ഷാ തീയതി നിശ്ചയിച്ചു

എസ്.എസ്.എൽ.സി. വരെ വിദ്യഭ്യാസ യോഗ്യതയുള്ള തസ്തികകളുടെ പൊതു പ്രാഥമിക പരീക്ഷാ തീയതിയായി. നാല് ഘട്ടങ്ങളിലായാണ് പരീക്ഷ നിശ്ചയിച്ചിട്ടുള്ളത്. 2021 ഫെബ്രുവരി 20, 25, മാർച്ച് 6, 13 എന്നീ തീയതികളിലാകും പരീക്ഷകൾ നടക്കുക. ഉദ്യോഗാർത്ഥികൾക്ക് ഫെബ്രുവരി 10 മുതൽ അഡ്മിഷൻ ടിക്കറ്റുകൾ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാനാകും. പരീക്ഷാ തീയതി, പരീക്ഷാ സമയം, പരീക്ഷാ കേന്ദ്രം എന്നിവയുടെ വിശദാംശങ്ങൾ അഡ്മിഷൻ ടിക്കറ്റിൽ ലഭിക്കും. പരീക്ഷയുടെ സിലബസ് നേരത്തെതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020 ൽ വിജ്ഞാപനം ചെയ്ത് ഇതേ യോഗ്യതയുള്ള തസ്തികകൾ കൂടി ഈ പൊതുപ്രാഥമിക പരീക്ഷയിൽ ഉൾപ്പെടും. അതാത് തസ്തികയ്ക്ക് വേണ്ടിയുള്ള പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് രണ്ടാംഘട്ട പരീക്ഷ നടത്തും. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് സർക്കാരുമായി കൂടിയാലോചിച്ചതിനുശേഷമാണ് പരീക്ഷാ തീയതികൾ നിശ്ചയിച്ചത്.

## പി.എസ്.സി. എറണാകുളം ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചു

പി.എസ്.സി. എറണാകുളം മേഖലാ ഓഫീസ്, ജില്ലാ ഓഫീസ്, ഓൺലൈൻ പരീക്ഷാകേന്ദ്രം എന്നിവയ്ക്കായി എറണാകുളം ജില്ലയിൽ സ്ഥലം അനുവദിച്ച് സർക്കാർ ഉത്തരവായി. കൊച്ചി കോർപ്പറേഷൻ പരിധിയിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ 24.98 ആർ ഭൂമിയാണ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷന് ഉപയോഗാനുമതി നൽകി ഉത്തരവായത്. നേരത്തെ പാലക്കാട്, മലപ്പുറം, കാസർകോഡ്, ഇടുക്കി, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പി.എസ്.സി.ക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. കോട്ടയം, പാലക്കാട് ജില്ലകളിൽ പി.എസ്.സി. ഓഫീസുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

## ജീവിലോകത്തെ വിജയഗാഥ

# ആർത്രോപോഡുകൾ



ബി സുരേഷ്

ജന്തുലോകത്തെ ഒൻപത് ലക്ഷത്തോളം സ്പീഷിസുകൾ ഉൾപ്പെടുന്ന ഏറ്റവും വലിയ ഫൈലമാണ് ആർത്രോപോഡ (Arthropoda). ലാറ്റിൻ ഭാഷയിലെ Arthros (Jointed), podos (legs or appendages) എന്നീ പദങ്ങൾ കൂട്ടിചേർത്താണ് jointed appendages ഉള്ള ഈ ജീവി ഫൈലത്തിന് പേര് നൽകിയിരിക്കുന്നത്. ലോകത്ത് അറിയപ്പെടുന്ന ജീവികളുടെ സ്പീഷിസുകളുടെ എണ്ണത്തിൽ 2/3 ഭാഗം ഈ ഗ്രൂപ്പിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർത്രോപോഡുകളെ ജന്തുലോകത്തെ വൈവിധ്യപൂർണമായ സ്വഭാവ വിശേഷങ്ങളുള്ളതും ചുറ്റുപാടിലെ മാറ്റങ്ങളെ വിജയകരമായി അതിജീവിച്ചു മുന്നേറുന്ന ജീവിവർഗമായാണ് കണക്കാക്കുന്നത്.

പരിണാമത്തിൽ ആർത്രോപോഡുകളുടെ നിലനിൽപ്പിന് ഏറ്റവും സഹായകരമായ സ്വഭാവ വിശേഷമായി കണക്കാക്കിയിരിക്കുന്നത് അവയുടെ ശരീരത്തെ ബാഹ്യമായി പൊതിഞ്ഞു സൂക്ഷിക്കുന്ന Chitinous Culicle കൊണ്ടുള്ള exoskeleton ആണ്. ഇതിന്റെ ഭാരക്കുറവും ബലവും അവയെ ശത്രുക്കളിൽ നിന്നും കാലാവസ്ഥ വ്യതിയാനങ്ങളിൽ നിന്നു സംരക്ഷിച്ചുപോരുന്നു. ഷഡ്പദങ്ങളുടെ Chitinous wings ആണ് അവയെ പറക്കാൻ സഹായിക്കുന്നത്.

ആർത്രോപോഡുകളുടെ ശരീരം ഖണ്ഡങ്ങൾ (Segments) കൊണ്ടാണ് നിർമിച്ചിട്ടുള്ളതെങ്കിലും ഖണ്ഡങ്ങളെ ഇടക്കുള്ള സ്തരം ഉപയോഗിച്ച് വിഭജിച്ചിട്ടില്ല. ശരീരത്തെ ആകെ Head, Thorax, Abdomen എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. എല്ലാ ഖണ്ഡങ്ങളിലും ഓരോ ജോഡി Jointed appendages പൊതുവായി കാണാവുന്നതാണ്. മിക്ക ആർത്രോപോഡുകളും മുട്ടയിടുന്നവയാണ്. മുട്ട വിരിഞ്ഞ് സ്വതന്ത്രമായ നിലനിൽപ്പുള്ള ലാർവ ഉണ്ടാവുകയും ലാർവയിൽ നിന്ന് പൂർണ രൂപമുള്ള ജീവിച്ചുണ്ടാകുകയും ചെയ്യുന്നു. ലാർവയും adultഉം ആഹാരകാര്യത്തിലും ജീവിത സ്ഥലങ്ങളിലും വ്യത്യസ്ത പുലർത്തുന്നവയാണ്. മുട്ടയിൽനിന്ന് ലാർവയും ലാർവയിൽ നിന്ന് പല ദശകളിലൂടെ adult ജീവിയും ഉണ്ടാകുന്ന പ്രക്രിയയെ metamorphosis എന്ന് വിളിക്കുന്നു.

ആർത്രോപോഡുകളെ പൊതുവെ നാല് ക്ലാസ്സുകളായി തരംതിരിച്ചിരിക്കുന്നു. 1. Arachnids (Scorpions and Spiders), 2. Crustaceans (Crabs and Prawns), 3. Myriapods (Millipedes and Centipedes), 4. Insects (all insects)

Arachnidaയിൽ ഹെഡും തൊറാക്സും യോജിച്ച് ആറ് ജോഡി appendages ഉള്ള Cephalothorax ആയി മാറിയിരിക്കുന്നു. ഇതിൽ ആദ്യത്തെ രണ്ട് ജോഡി കാലുകൾ ഇരപിടിച്ച് ഉള്ളിലാക്കാൻ സഹായിക്കുന്നുവെങ്കിൽ ബാക്കിയുള്ള നാല് ജോഡികളാണ് എട്ടുകാലുകളായി മാറുന്നത്. ഇവയുടെ തലഭാഗത്ത് ഗന്ധമറിയുന്നതിനു സഹായിക്കുന്ന നീണ്ട antenna കൾ ഇല്ല. ഇവയുടെ abdomen ഭാഗത്ത് കാലുകളില്ല ഇവയുടെ നേത്രങ്ങൾ Simple eye ആണ്. ഈ ഗ്രൂപ്പിലെ ജീവികൾ മറ്റു പ്രാണികളെ ആഹാരമാക്കുന്നവയാണ്. Scorpions, Spiders, mites, ticks എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്നു ഈ ഗണത്തിലെ ജീവികൾ മനുഷ്യന് ശല്യമാണ് ചിലവ അപകടകാരികളും.

Crustacea വിഭാഗത്തിലെ ആർത്രോപോഡുകൾ കടലിലെ പ്രധാന ജീവികളാണ്. ഇവയ്ക്ക് തെ ജോഡി നീണ്ട antenna കൾ ഉണ്ട്. ശരീരഭാഗം Cephalothorax, abdomen എന്നിങ്ങനെ തരംതിരിക്കാം. എല്ലാ ഖണ്ഡങ്ങളിലും ഒരു ജോഡി വീതം appendages ഉണ്ട്. ശരീരത്തിന്റെ മുകൾ ഭാഗം Carapace എന്ന കട്ടിയുള്ള മറ കൊണ്ട് സംരക്ഷിച്ചിരിക്കുന്നു. ഞെട്ടുകളുടെ അഗ്രഭാഗത്ത് ഉറപ്പിച്ചിട്ടുള്ള സംയുക്തനേത്രങ്ങളാണിവയ്ക്കുള്ളത്. Prawn (Palaemon), Crab (Carcinus), Water Flea (Daphnia), Limulus (King crab), Hermit crab (Euparagus) Rock barnacle (Balanus), Lobster (Nephropidae) എന്നിവ ഈ ക്ലാസ്സിലുൾപ്പെടുന്ന ജീവികളാണ്. ഇവയിൽ Prawn, Lobster, Crab എന്നിവ രുചികരമായ ഭക്ഷണമാണെന്നും കയറ്റുമതിയിലൂടെ വാണിജ്യ പ്രധാന്യമുള്ളവയാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

Myriapoda വിഭാഗത്തിലെ ജീവികൾ നീണ്ടതും സിലിണ്ടറാകൃതിയിലുള്ളതുമാണ്. Millipedes, Centipedes എന്നിവയാണ് പ്രധാന അംഗങ്ങൾ. ഇവയുടെ ശരീരത്തിൽ തെ തലഭാഗവും നീണ്ട Trunk ഭാഗവും കാണാം. ഓരോ ഖണ്ഡത്തിലും ഒരു ജോഡിappendages കാണാം. Millipedeകളിൽ 70 മുതൽ 100 വരെ കാലുകൾ കാണാം ഇവ സസ്യഭുക്കുകളാണ്. Poison claws ഇല്ല. ഇവയ്ക്ക് Simple eyes ആണുള്ളത്. മനുഷ്യന് ദോഷകാരികളല്ല. എന്നാൽ Centipede കൾ Poison claws ഉള്ള Carnivores ആണ്. ഇവയ്ക്ക് 10 മുതൽ 30 ജോഡി കാലുകളുണ്ട്. ഇവയിലും Simple eyes ആണുള്ളത്. ഇവയുടെ Poison claws കൊണ്ടുള്ള കടി വേദനാജനകമാണ്.

Insecta എന്നത് കരയിലും വായുവിലുമായി കാണപ്പെടുന്ന ജന്തുക്കളിലെ ഏറ്റവും വലിയ ക്ലാസ്സായി കണക്കാക്കപ്പെടുന്നു. ശരീരഭാഗത്തെ head, thorax, abdomen എന്ന് മൂന്നായി തിരിക്കാം. തലയിലെ ഖണ്ഡങ്ങളിലെ appendages രൂപാന്തരം പ്രാപിച്ച് Mouth parts ആയി മാറിയിരിക്കുന്നു. ഇവയുടെ ആഹാരരീതി അനുസരിച്ച് Mouth parts രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ഗന്ധമറിയാൻ സഹായിക്കുന്ന നീളമേറിയ തെ ജോഡി antennae ഈ ഭാഗത്ത് കാണാം. കാഴ്ചയ്ക്കായി Compound eyes ആണുള്ളത്. തലയുടെ ഇരുവശങ്ങളിലുമായി ഒരേ പോലുള്ള ധാരാളം ചെറുനേത്രങ്ങൾ കൂടിചേർന്നതാണ് സംയുക്ത നേത്രങ്ങൾ (Compound eyes). ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകം ലെൻസുമുണ്ട്. അതിനാൽ കാണുന്നതിന്റെ പ്രത്യേക പ്രതിബിംബങ്ങൾ ഓരോ കണ്ണിലുമുണ്ടാകുന്നു. ഇത് വസ്തുക്കളുടെ ചെറിയ ചലനം പോലും അറിയാൻ ഷഡ്പദങ്ങളെ സഹായിക്കുന്നു. രുചി അറിയാനുള്ള ഗ്രാഹികൾ ഓരോ കാലിന്റെയും അഗ്രത്ത് കാണാം. ചിലവയിൽ ശ്രവണഗ്രാഹികൾ (ഉദാ: ചിവീട്) ഉണ്ട്. മാത്രമല്ല ഷഡ്പദങ്ങൾ ഫിറമോണുകൾ എന്ന് വിളിക്കപ്പെടുന്ന രാസപദാർഥം സ്രവിച്ച് പരസ്പരം ആശയവിനിമയം നടത്തുന്നു. ഷഡ്പദങ്ങളുടെ Thorax ഭാഗം മൂന്ന് ഖണ്ഡങ്ങൾകൊണ്ട് നിർമിച്ചിരിക്കുന്നു. ഈ ഖണ്ഡങ്ങളിലെ 3 ജോഡി കാലുകൾ കാരണമാണ് ഇവയ്ക്ക് ഈ പേര് ലഭിച്ചത്. Thoraxലെ രണ്ടാമത്തെയും മൂന്നാമത്തെയും ഖണ്ഡങ്ങളിൽ ഓരോ ജോഡി ചിറകുകളും ഘടിപ്പിച്ചിരിക്കുന്നു. Abdomen ഭാഗത്ത് II ഖണ്ഡങ്ങളുണ്ടെങ്കിലും കാലുകൾ ഒന്നും ഇല്ല.

Insecta അഥവാ ഷഡ്പദങ്ങളുടെ ഗ്രൂപ്പിൽപ്പെടുന്നവ പ്രധാനമായും ചിത്രശലഭങ്ങൾ, നിശാശലഭങ്ങൾ, തുമ്പി, പുൽച്ചാടി, പേൻ, മൂട്ട, ഉറുമ്പ്, ചിതൽ, വണ്ട്, ചീവിട്, തേനീച്ച, കടന്നൽ, പട്ടുനൂൽ ശലഭം, കൊതുക്, ഈച്ച എന്നിവയാണ്. ഈ ജീവിഗണത്താൽ മനുഷ്യന് പ്രയോജനങ്ങളും ദോഷങ്ങളും ഉണ്ട്.



*കിംഗ് ക്രാബ്*

ഷഡ്പദങ്ങളെ കൊണ്ടുള്ള പ്രധാന നേട്ടം അവ പ്രകൃതിയിൽ പൂക്കളുണ്ടായാൽ അവയിൽ നിന്ന് വിത്തും ഫലവും ഉണ്ടാകാനായി പരാഗണം നടത്തുന്നു എന്നതാണ് തേനും പൂമ്പൊടിയും ലഭിക്കുന്നതിനായി തേനീച്ചകളെ (Apis Indica) വളർത്തുന്ന രീതിയാണ് Apiculture എന്നറിയപ്പെടുന്നത്. വിലയേറിയ പട്ടുവസ്ത്രങ്ങൾ നിർമിക്കുന്നതിനായി പട്ടുനൂൽ ലഭിക്കുന്നതിനായി നാം പട്ടുനൂൽപ്പുഴു കൃഷിക്കായി ഉപയോഗിക്കുന്നത് Bombyx mori എന്ന ഷഡ്പദത്തിനെയാണ്. ഈ വിദ്യയാണ് Sericulture എന്ന പേരിലറിയപ്പെടുന്നത്. വാണിജ്യപ്രാധാന്യമുള്ള lac ലഭിക്കുന്നതിനായി വളർത്തുന്ന Indian lac Insect ന്റെ ശാസ്ത്രീയനാമം Laccifer lacca എന്നാണ്. നമ്മുടെ വിളകളെ നശിപ്പിക്കുന്ന ഷഡ്പദങ്ങളെ തിന്ന് നമ്മെ സഹായിക്കുന്നവയാണ് Praying Mantis എന്നറിയപ്പെടുന്നവ. തുമ്പി നമ്മെ അലോസരപ്പെടുത്തുന്ന കൊതുകുകളെയും അവയുടെ ലാർവകളെയും ഭക്ഷണമാകുന്നു. Lady bird bettle എന്ന ജീവി നമ്മുടെ വിളകളെ നശിപ്പിക്കുന്ന aphid കളെ ഭക്ഷിച്ച് നമുക്ക് ഉപകാരം ചെയ്യുന്നു.

### Major orders of Insects

| | Order | Examples | Species |
|---|---|---|---|
| 1. | Coleoptera | Beetles | 3,50,000 |
| 2. | Diptera | Flies | 1,20,000 |
| 3. | Lepidoptera | Butterflies, Moths | 1,20,000 |
| 4. | Hymenoptera | Bees, Wasps, Ants | 1,00,000 |
| 5. | Hemiptera | True bugs, Bed bugs, aphids | 60,000 |
| 6. | Orthoptera | Grass hoppers, Crickets | 20,000 |
| 7. | Odonata | Dragonflies | 5,000 |
| 8. | Isoptera | Termites | 2,000 |
| 9. | Siphonaptera | Fleas | 1,200 |

ഷഡ്പദങ്ങളെക്കൊണ്ടുള്ള ദോഷങ്ങളിൽ ഏറ്റവും പ്രധാനം അവ മനുഷ്യരിൽ പരത്തുന്ന വിവിധ രോഗങ്ങളാണ്. മലേറിയ പരത്തുന്നത് അനോഫിലീസ് പെൺകൊതുകുകളാണെങ്കിൽ മന്ത് രോഗം പരത്തുന്നത് ക്യൂലക്സ് പെൺകൊതുകുകളാണ്. ഡെങ്കിപനി, ചിക്കുൻഗുനിയ, സിക്കപനി, മഞ്ഞപനി എന്നിവയുടെ സംക്രമണത്തിനു കാരണമാകുന്നത് Aedes aegypti കൊതുകുകളാണ്. ആഫ്രിക്കൻ ഉറക്കരോഗം പരത്തുന്നത് Tsetse flies ആണ്. എലിച്ചെള്ള്? (Xenopsylla cheopis) എലികളിൽ നിന്നും മനുഷ്യരിലേക്ക് പ്ലേഗ് ഉണ്ടാകുന്ന രോഗാണുക്കളെ പകർത്തുന്നവയാണ്. ഈച്ചകൾ (Musca domestica) വൃത്തിഹീനമായ പരിസരത്തിൽ വളരുകയും വയറിളക്കം, കോളറ, ടൈഫോയിഡ് തുടങ്ങിയ രോഗങ്ങൾ പടരാൻ കാരണമാവുകയും ചെയ്യുന്നു. പേൻ (pediculus), മനുഷ്യരക്തം ഭക്ഷണമാക്കുകയുേ ടൈഫസ്, ട്രെഞ്ച് ഫീവർ എന്നീ രോഗങ്ങൾക്ക് കാരണമാക്കുകയും ചെയ്യുന്നു. മൂട്ടകൾ (Cimex) രക്തമൂറ്റുകയും മനുഷ്യരിൽ ഉറക്കമില്ലായ്മ സൃഷ്ടിക്കുകയും ചെയ്യുന്നു. ചിതലുകൾ മറ്റു ചെടികളെയും തടികളെയം ബുക്കുകളെയും തിന്ന് നശിപ്പിക്കുന്നു. കാബേജ് അഫിഡുകൾ (Aphis brassicae) വിളകളായ കാബേജ്, കോളിഫ്ളവർ, കടുക് തുടങ്ങിവയെ തിന്നു നശിപ്പിക്കുന്ന കീടങ്ങളാണ്. നമ്മുടെ പ്രധാന വിളകളായ നെല്ല്, ഗോതമ്പ്, ചോളം എന്നിവയുടെ വളർച്ചയ്ക്ക് ഭീഷണിയായ കീടങ്ങളും ഈ വിഭാഗത്തിലുണ്ട്. പുസ്തകങ്ങൾക്കിടയിൽ കാണുകയും പേപ്പറും പുസ്തകങ്ങളും നശിപ്പിക്കുന്ന Sliver fish (Lepisma) എന്നത് ഒരു ഷഡ്പദമാണ്... നമ്മുടെ വീടുകളിൽ കാണപ്പെടുന്ന പാറ്റ (Periplaneta americana) ഭക്ഷണപദാർഥങ്ങളെ തിന്നും തുണിത്തരങ്ങളെ നശിപ്പിച്ചും സാധനങ്ങൾക്ക് പ്രത്യേക മണം പരത്തിയും നമ്മെ ഉപദ്രവിക്കുന്നു. നമുക്ക് ഉപദ്രവകാരികളായ ധാരാളം വണ്ടുകൾ ഉണ്ട്. ഉറുമ്പുകൾ മാലിന്യങ്ങളെ നീക്കം ചെയ്യുന്ന Scavangers ആണെങ്കിലും അവ വീട്ടിലെ സാധനങ്ങൾ നശിപ്പിക്കുന്ന കീടങ്ങളായും വർത്തിക്കുന്നു.

സ്വഭാവങ്ങളിൽ പ്രത്യേകതകൾ കാണിക്കുന്ന ആർത്രോപോഡുകളുമുണ്ട്. Myrmeleon എന്നറിയപ്പെടുന്ന തുമ്പികളുടെ ലാർവയാണ് കുഴിയാന എന്നറിയപ്പെടുന്നത്. ഇവ ഇളകിയ മണ്ണിൽ കുഴിയുണ്ടാക്കി ഉറുമ്പുകളെയും മറ്റു പ്രാണികളെയും വീഴ്ത്തി ആഹാരമാകുന്നു. തേളുകൾ മുട്ടയിടുന്നില്ല പകരം പെൺ തേളിന്റെ ശരീരത്തിനുള്ളിൽ നിന്നും മുട്ട വിരിഞ്ഞ് പുതിയ കുഞ്ഞുങ്ങളാണ് പുറത്തുവരുന്നത്. ചിലന്തികൾ വല കെട്ടി അവയുടെ ആഹാരമായ പ്രാണികളെ കുരുക്കി ഭക്ഷിക്കുന്നു. സ്വന്തം ഗണത്തിൽപ്പെട്ട കുഞ്ഞുങ്ങളെയും ഇണയെയും ഭക്ഷിക്കുന്ന Cannibals ആയും ചിലന്തികളെ കണക്കാക്കുന്നു. Sliver fish എന്നറിയപ്പെടുന്നത് ഒരു മത്സ്യമല്ല പകരം ഷഡ്പദമാണ് എന്നാൽ പേൻ, മൂട്ട എന്നിവയെ പോലെ പറക്കാൻ കഴിയാത്ത ഷഡ്പദങ്ങളാണിവ. തുമ്പികൾ വായുവിൽ നന്നായി പറക്കുന്നവയാണെങ്കിലും ചിറകുകൾ തിരിച്ച് മടക്കാൻ കഴിയാത്തതിനാൽ ഒരിടത്ത് പറന്നിരുന്നാൽ അവയ്ക്ക് വീണ്ടും പറന്നുയരാൻ പ്രയാസമാണ്. ജലോപരിതലത്തിൽ മുങ്ങിപോകാതെ നടക്കാൻ കഴിവുള്ള Water striders ഒരതിശയമാണ്. തേനീച്ച, കടന്നൽ, ഉറുമ്പുകൾ എന്നിവ കോളനിയായി ജീവിക്കുന്ന സമൂഹ ഷഡ്പദങ്ങളാണ്. ഇവയിൽ ജോലിക്കനുസരിച്ച് രൂപഭേദമുള്ള Queen, Drone, Soldiers, Workers എന്നീ വിഭാഗം ജീവികളെ കാണാം.

ആർത്രോപോഡുകൾ ഇന്ന് ലോകത്തെ ഏറ്റവും വിജയികളായ ജീവിവർഗമാണെന്ന് അവയുടെ സ്പീഷിസുകളുടെ എണ്ണത്തിൽ നിന്ന് മനസ്സിലാക്കാം. ഭൂമിയിൽ കര, വായു, വെള്ളം തുടങ്ങിയ ജിവീതമേഖലകളിൽ അവ വ്യാപിച്ചുകിടക്കുന്നു. ഈ ഗണത്തിലെ പുതിയ സ്പീഷിസുകളെ ഇനിയും കണ്ടെത്തേണ്ടതുണ്ട്.ഈ സാഹചര്യത്തിലും നാം ഓർക്കേണ്ട വസ്തുത 600 മില്യൺ വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ഇപ്പോൾ മൺമറഞ്ഞ ഫോസിൽ ആർത്രോപോഡുകളായ Trilobites കളെകുറിച്ചാണ്. അതുപോലെ King crab അഥവാ Limulus എന്ന ജീവി ഇപ്പോൾ എണ്ണത്തിൽ പരിമിതപ്പെട്ടിരിക്കുന്ന വംശനാശഭീഷണി നേരിടുന്ന Living ഫോസിലുകളാണ്. ജീവിലോകത്തെ ആർത്രോപോഡുകൾ എല്ലാം കൊണ്ടും നമ്മുടെ ഉയർന്ന പരിഗണന അർഹിക്കുന്നു. •

### Major groups of Phylum Arthropoda

| No. | Class | Characteristics | Members |
|---|---|---|---|
| 1. | Arachnida | Mouthparts are chelicerae (Pincers or Fangs) | Spiders, Mites Ticks, Scorpions |
| 2. | Crustacea | Mouth parts are Mandibles. Appendages have two branches<br>Head has two pairs of antennae | Crabs, Lobsters<br>Shrimps, Barnacles |
| 3. | Myriapoda | Mouthparts are Mandibles the body consists of head with body consists of a head with one pair of antennae and numerous thorax and abdomen segments, each bearing paired single branch Appendages | Centipedes<br>Millipedes |
| 4. | Insecta | Mouthparts are Mandibles. Body consists of a head, thorax and abdomaen<br>Head with one pair of antennae appendages are single-branch | Insects |

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
February 1, 2021

# സമകാലികം



**പ്രദീഷ്കുമാർ വി എസ്**

- മദർ തെരേസ ഓഫ് സെന്റ് റോസ് ഓഫ് ലിമയുടെ സ്മരണയ്ക്കുള്ള തെരേസ ലിമ പുരസ്കാരത്തിന് മന്ത്രി കെ.കെ. ശൈലജ ടീച്ചർ അർഹയായി.
- ഹിന്ദുസ്ഥാനി സംഗീത ഇതിഹാസമായ ഉസ്താദ് ഗുലാം മുസ്തഫ ഖാൻ അന്തരിച്ചു.
- നേതാജി സുഭാഷ്ചന്ദ്ര ബോസിന്റെ ജന്മദിനമായ ജനുവരി 23 പരാക്രം ദിവസ് ആയി ആഘോഷിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.
- കോങ്ങാട് എം.എൽ.എ. ആയ കെ.വി. വിജയദാസ് അന്തരിച്ചു.
- ഗാബാ ടെസ്റ്റിൽ ഇന്ത്യയ്ക്ക് ചരിത്രവിജയം. അവസാന മത്സരത്തിൽ ആസ്ട്രേലിയയെ 3 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു.
- കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് കീഴിലെ ബ്യൂറോ ഓഫ് സെക്യൂരിറ്റിയിൽ മലയാളിയായ വൈ.എസ്. യാസിയ നിയമിതയായി.
- അമേരിക്കയുടെ 46-ാം പ്രസിഡന്റായി ജോ ബൈഡൻ അധികാരമേറ്റു.
- യു.എസ്. ടെലിവിഷൻ ചർച്ചകളിൽ ഏറെ ജനപ്രീതി നേടിയ അവതാരകരിൽ ഒരാളായ ലാരി കിങ്ങ് അന്തരിച്ചു.
- പ്രമുഖ നടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരി അന്തരിച്ചു.
- 51-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഡെൻമാർക്കിൽ നിന്നുള്ള ഇൻ ടു ദ ഡാർക്ക്നസ്സിന് സുവർണ്ണമയൂരം ലഭിച്ചു. മികച്ച സംവിധായകനുള്ള രജതമയൂരം പുരസ്കാരം കോചെൻ നിയെൻ (ചിത്രം- ദ സൈലന്റ് ഫോറസ്റ്റ്) നേടി. മികച്ച നടനായി ഷൂവോൺ ലിയോയും, നടിയായി സോഫിയ സ്റ്റവേയയും തിരഞ്ഞെടുക്കപ്പെട്ടു. നടനായ ബിശ്വജിത്ത് ചാറ്റർജിയെ ഇന്ത്യൻ പേഴ്സണാലിറ്റി ഓഫ് ദ ഇയർ പുരസ്കാരം നൽകി ആദരിച്ചു.
- അടയാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ചെയർപേഴ്സൺ ഡോ.വി. ശാന്ത അന്തരിച്ചു.
- 2021 ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മരണാനന്തര ബഹുമതിയായി കേണൽ സന്തോഷ് ബാബുവിന് മഹാവീർ ചക്ര, സുബേദാർ സഞ്ജീവ് കുമാറിന് കീർത്തിചക്ര പുരസ്കാരങ്ങൾ നൽകി ആദരിച്ചു.
- ദേശീയ സമ്മദിദായക ദിനത്തോടനുബന്ധിച്ച് ഹലോ വോട്ടേഴ്സ് എന്ന പേരിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ ഓൺലൈൻ വെബ് റേഡിയോ പുറത്തിറക്കി.

## പദ്മ പുരസ്കാരങ്ങൾ

### പദ്മവിഭൂഷൺ



എസ്.പി. ബാലസുബ്രഹമണ്യം (മരണാനന്തരം)
ഷിൻസോ ആബെ
ഡോ. ബി.എം. ഹെഗ്ഡെ
നരീന്ദർ സിങ് കാപാനി (മരണാനന്തരം)
മൗലാനാ വാഹിദുദ്ദീൻ ഖാൻ
ബി.ബി. ലാൽ
സുദർശൻ സാഹു

### പദ്മഭൂഷൺ



കെ.എസ്. ചിത്ര
തരുൺ ഗൊഗോയ് (മരണാനന്തരം)
ചന്ദ്രശേഖര കമ്പാർ
സുമിത്ര മഹാജൻ
നൃപേന്ദ്ര മിശ്ര
രാംവിലാസ് പാസ്വാൻ (മരണാനന്തരം)
കേശുഭായ് പട്ടേൽ (മരണാനന്തരം)
കൽബെ സാദിഖ് (മരണാനന്തരം)
രജനീകാന്ത് ദേവീദാസ് ഷ്റോഫ്
തർലോച്ചൻ സിങ്ങ്

### പദ്മശ്രീ പുരസ്കാരത്തിനർഹരായ കേരളീയർ



ഒ.എം. നമ്പ്യാർ (കായികം)



കൈതപ്രം ദാമോദരൻ നമ്പൂതിരി (സംഗീതം)



ഡോ. ധനഞ്ജയ് ദിവാകർ (മെഡിസിൻ)



കെ.കെ. രാമചന്ദ്ര പുലവർ (കല)



ബാലൻ പുതേരി (സാഹിത്യം)

- മലബാർ സ്പെഷ്യൽ പോലീസിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് മലപ്പുറത്ത് പോലീസ് മ്യൂസിയം സ്ഥാപിതമാകും.
- പോർച്ചുഗൽ പ്രസിഡന്റായി മാർസെലോ റബേലോ ഡിസൂസ വീണ്ടും അധികാരമേറ്റു.
- ദേശീയ ബാലികാദിനത്തോടനുബന്ധിച്ച് ഉത്തരാഖണ്ഡിൽ ഒരു ദിവസത്തേക്ക് സൃഷ്ടി ഗോസ്വാമി മുഖ്യമന്ത്രി പദം അലങ്കരിച്ചു.
- വിദ്യാർത്ഥികളുടെ ശാരീരിക മാനസിക ആരോഗ്യം, കായികക്ഷമത എന്നിവ ഉയർത്തുക എന്ന ലക്ഷ്യത്തോട് കൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.
- ഇന്ത്യ 2021 പുരുഷ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് വേദിയാകും.
- ആലപ്പുഴയിൽ ദേശീയ കോസ്റ്റൽ റോവിങ് അക്കാദമി സ്ഥാപിതമാകും.
- സഹകരണ പ്രസ്ഥാനങ്ങളുടെ ആഗോള സംഘടനയായ ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് പ്രസിദ്ധീകരിച്ച ലോക കോ-ഒപ്പറേറ്റീവ് മോണിറ്റർ 2020 റിപ്പോർട്ടിൽ കേരളത്തിലെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയുടെ വസതിയായ വേദനിലയം മ്യൂസിയമായി മാറും.
- കരിയറിൽ ഏറ്റവും കൂടുതൽ ഔദ്യോഗിക ഗോളുകൾ നേടുന്ന താരം എന്ന റെക്കോഡ് 760 ഗോളുകൾ നേടി ക്രിസ്ത്യാനോ റൊണാൾഡോ സ്വന്തമാക്കി.
- മോഹൻലാൽ സംസ്ഥാന ആരോഗ്യവകുപ്പിന്റെ ക്ഷയരോഗ നിവാരണ പദ്ധതിയുടെ ഗുഡ്വിൽ അംബാസഡറാകും.
- അന്തരിച്ച കവയത്രി സുഗതകുമാരിയുടെ ഓർമ്മയ്ക്കായി കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നാട്ടുമാന്തോപ്പുകൾ.
- ഗുജറാത്തിൽ ഡ്രാഗൺഫ്രൂട്ടിന്റെ പേര് കമലം എന്നാക്കി മാറ്റി.
- ഇന്ത്യയിലെ ആദ്യത്തെ ലേബർ മൂവ്മെന്റ് മ്യൂസിയം ആലപ്പുഴയിൽ സ്ഥാപിതമായി.
- പെൺകുട്ടികളുടെ വിവാഹപ്രായ ഏകീകരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നിയോഗിച്ച ജയാ ജയ്റ്റ്ലി കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.
- കണ്ണൂരിലെ പണിയ വിഭാഗത്തിൽപെട്ട അജിത്-രമ്യ ദമ്പതികൾക്ക് റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ പ്രത്യേക ക്ഷണം ലഭിച്ചു.
- സംസ്ഥാനത്തിലെ ഏറ്റവും ദൈർഘ്യമേറിയ ബഡ്ജറ്റ് ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ചു.
- ഇന്ത്യൻ സെന്റർ ഫോർ മൈഗ്രേഷൻ കൗൺസിൽ വിദഗ്ദസമിതി അംഗമായി എം.എ. യൂസഫലി നിയമിതനായി.
- രാജ്യാന്തര ചെസ്സ് ഫെഡറേഷൻ ഏർപ്പെടുത്തിയ ഗാസ്പ്രോം ബ്രില്ല്യൻസി പ്രൈസിന് നിഹാൽ സരിൻ അർഹനായി.
- കേരളത്തിലെ ആദ്യ പാരാസെയിലിങ്ങ് കോവളത്ത് ആരംഭിച്ചു.
- ബ്രിട്ടൺ 2021 ലെ ജി 7 ഉച്ചകോടിയുടെ വേദിയാകും.
- അഴിമതിയെക്കുറിച്ചുള്ള രഹസ്യവിവരം നൽകുന്നതിനായി കേരള സർക്കാർ അഴിമതിമുക്ത കേരളം എന്ന പദ്ധതി ആരംഭിച്ചു.
- സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി നൂറ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമന്വയ പദ്ധതി പ്രകാരം തുടർവിദ്യാഭ്യാസ ധനസഹായം നൽകാൻ ഉത്തരവിട്ടു.
- 13-ാമത് ബഷീർ പുരസ്കാരത്തിന് അജയ്യതയുടെ അമരസംഗീതം എന്ന കൃതിയിലൂടെ പ്രൊഫ. എം.കെ. സാനു അർഹനായി.
- അമേരിക്കയുടെ അസോസിയേറ്റ് അറ്റോർണി ജനറലായി ഇന്ത്യൻ വംശജയായ വനിത ഗുപ്ത നിയമിതയായി.
- സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആലയ് എന്ന പദ്ധതി ആരംഭിച്ചു. •



*മുതിർന്ന പിഎസ്സി അംഗം ശ്രീമതി. ആർ പാർവ്വതി ദേവി പതാക ഉയർത്തുന്നു*

## റിപ്പബ്ലിക് ദിനാഘോഷം 2021

ഭാരതത്തിന്റെ 72-ാം റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് കേരള പബ്ലിക് സർവീസ് കമ്മിഷൻ ആസ്ഥാനത്ത് കോവിഡ്19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടന്ന ചടങ്ങിൽ പി.എസ്.സി. അംഗം ആർ. പാർവതീദേവി ദേശീയ പതാക ഉയർത്തി. പി.എസ്.സി. അംഗങ്ങളായ അഡ്വ. എം.കെ രഘുനാഥൻ, വിജയകുമാർ പി.കെ. എന്നിവർ റിപ്പബ്ലിക് ദിന ആശംസകൾ നേർന്നു. കമ്മിഷനംഗങ്ങളായ ഡോ. എം.ആർ. ബൈജു, ഡോ. ജിനു സക്കറിയ ഉമ്മൻ, ജി. രാജേന്ദ്രൻ, സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലിന് അർഹനായ പി.എസ്.സി. വിജിലൻസ് എസ്.പി. എൻ. രാജേഷ് എന്നിവർ സന്നിഹിതരായിരുന്നു. പി.എസ്.സി. സെക്രട്ടറി സാജു ജോർജ്ജ് ചടങ്ങിൽ സ്വാഗതമാശംസിച്ചു. അഡീഷണൽ സെക്രട്ടറി വി.ബി. മനുകുമാർ കൃതജ്ഞത രേഖപ്പെടുത്തി. ആസ്ഥാന ഓഫീസിലെ ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.